# ഉള്ളടക്കം


| | |
|---|---|
| അദ്ധ്യായം I | ആമുഖം |
| അദ്ധ്യായം II | വനിതാകമ്മീഷന്റെ ധർമ്മം |
| അദ്ധ്യായം III | 2008-2009 ലെ പ്രധാന പ്രവർത്തനങ്ങൾ |
| അദ്ധ്യായം IV | വരവുചെലവുകൾ |
| അദ്ധ്യായം V | കേസു തീർപ്പാക്കൽ |
| അദ്ധ്യായം VI | സൗജന്യ നിയമ സഹായവേദി |
| | ഡി.എൻ.എ കൗൺസിലിംഗ് സെന്റർ |
| അദ്ധ്യായം VII | സെമിനാറുകൾ |
| അദ്ധ്യായം VIII | ജാഗ്രതാ സമിതികൾ |
| അദ്ധ്യായം IX | കലാലയജ്യോതി |
| അദ്ധ്യായം X | ജീവകാരുണ്യ പ്രവർത്തനങ്ങൾ |
| അദ്ധ്യായം XI | ഗവേഷണ പഠനങ്ങൾ |
| അദ്ധ്യായം XII | പ്രസിദ്ധീകരണങ്ങൾ |
| അദ്ധ്യായം XIII | സാർവ്വദേശീയ മഹിളാ ദിനാചരണം, |
| | ജാഗ്രതാസമിതി തെരുവു നാടകം |
| അദ്ധ്യായം XIV | കമ്മീഷന്റെ മറ്റു പ്രവർത്തനങ്ങൾ |
| | ഷോർട്ട് സ്റ്റേ ഹോം |
| അദ്ധ്യായം XV | കമ്മീഷനിൽ രജിസ്റ്റർ ചെയ്ത സംഘടനകൾ |
| അനുബന്ധം 1 | അംഗങ്ങളുടെ പേരും വിലാസവും |

# കേരളാ വനിതാ കമ്മീഷൻ

## വാർഷിക റിപ്പോർട്ട് 2008 - 09

## അദ്ധ്യായം - 1

### 1. ആമുഖം

'കേരള വനിതാ കമ്മീഷൻ ആക്ട് (ആക്ട് 17/1995) 15-09-1995 ലെ ഔദ്യോഗിക ഗസറ്റ് വിജ്ഞാപനത്തോടെയാണ് നിലവിൽ വന്നത്. സ്ത്രീകളുടെ അവകാശങ്ങളും അന്തസ്സും സംരക്ഷിക്കുന്നതിനും, സമൂഹത്തിൽ സ്ത്രീകളുടെ പദവി ഉയർത്തുന്നതിനു സ്ത്രീ പീഡനങ്ങളെക്കുറിച്ചും അവർക്കെതിരായ അതിക്രമങ്ങളെക്കുറിച്ചും സ്ത്രീകളെ ബാധിക്കുന്ന നീതിനിഷേധങ്ങളെക്കുറിച്ചും അന്വേഷിച്ചു പരിഹാരം കണ്ടെത്തുക, സ്ത്രീശാക്തീകരണവും സ്ത്രീസമത്വവും ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക എന്നിവയാണ് കമ്മീഷന്റെ ഉദ്ദേശലക്ഷ്യങ്ങൾ

കേരളാ വനിതാ കമ്മീഷൻ ആക്ടിലെ സെക്ഷൻ 5 പ്രകാരമാണ് കേരളാ വനിതാ കമ്മീഷൻ രൂപീകരിച്ചിരിക്കുന്നത്. ആദ്യകമ്മീഷൻ 14-3-1996-ൽ നിലവിൽ വന്നു. ശ്രീമതി സുഗതകുമാരി ചെയർപേഴ്സണും, ശ്രീമതി എം. കമലം, അഡ്വ. നബീസത്തു ബീവി, ശ്രീമതി റോസമ്മ പുന്നൂസ്, അഡ്വ. നൂർബീന റഷീദ് കൂടാതെ രണ്ടു സർക്കാർ ജീവനക്കാരികൾ എന്നിവർ അംഗങ്ങളും ആയ ഏഴംഗ കമ്മീഷൻ 1997-ൽ ഉദ്യോഗസ്ഥകളായ രണ്ട് അംഗങ്ങൾ രാജിവയ്ക്കുകയും തുടർന്ന് ശ്രീമതി ടി. ദേവി, അഡ്വ. രജനി എന്നിവർ അംഗങ്ങളായി ചുമതലയേൽക്കുകയും ചെയ്തു.

രണ്ടാമത്തെ കമ്മീഷൻ 21-3-2001-ൽ നിലവിൽ വന്നു. ചെയർപേഴ്സൺ ആയി നിയമിക്കപ്പെട്ട ജസ്റ്റിസ് ഡി. ശ്രീദേവിക്ക് ഹൈക്കോടതി ജഡ്ജിയായി തൽസ്ഥാനത്ത് തുടരേണ്ടിയിരുന്നതനാൽ 19-4-2001 വരെ ചെയർപേഴ്സന്റെ ചുമതല, അംഗമായിരുന്ന ശ്രീമതി. റ്റി. ദേവി വഹിക്കുകയുണ്ടായി. 19-4-2001-ന് ജസ്റ്റിസ് ഡി. ശ്രീദേവി ചെയർപേഴ്സണായി ചാർജ്ജെടുത്തു. ശ്രീമതി റ്റി. ദേവി, ശ്രീമതി എ. നബീസത്തു ബീവി, അഡ്വ. കെ. ശാന്തകുമാരി, ശ്രീമതി പി.കെ. സൈനബ, പ്രൊഫ. വി ഗൗരി, പ്രൊഫ. മോനമ്മ കോക്കാട് എന്നിവരും കമ്മീഷൻ അംഗങ്ങളായിരുന്നു.

2002 ഏപ്രിൽ 20-ന് കേരള വനിതാ കമ്മീഷൻ ആക്ടിന്റെ സെക്ഷൻ 5 ഭേദഗതി ചെയ്ത് ഏഴംഗ കമ്മീഷൻ മൂന്നംഗ കമ്മീഷനാക്കി മാറ്റുകയുണ്ടായി. 15-3-2002 ന് മുൻ മന്ത്രി ശ്രീമതി എം. കമലം ചെയർപേഴ്സണായും, ശ്രീമതി പി. കുൽസു, ശ്രീമതി. ലിസി ജോസ് എന്നിവർ അംഗങ്ങളുമായുള്ള മൂന്നാം കമ്മീഷൻ നിലവിൽ വന്നു.

2007-ൽ മെമ്പർ സെക്രട്ടറി ഉൾപ്പെടെ കമ്മീഷന്റെ അംഗസംഖ്യ ആറായി ഉയർത്തി പുനഃക്രമീകരിച്ചും, പട്ടികജാതി/വർഗ്ഗ വിഭാഗത്തിന് പ്രാതിനിധ്യം നൽകി ക്കൊണ്ടുമുള്ള വനിതാ കമ്മീഷൻ ഭേദഗതി ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ 2-3-2007 മുതൽ ജസ്റ്റിസ് ഡി. ശ്രീദേവി അദ്ധ്യക്ഷയും പ്രൊഫ. മീനാക്ഷി തമ്പാൻ, ശ്രീമതി. റ്റി.ദേവി, ശ്രീമതി പി.കെ. സൈനബ, ശ്രീമതി ഗുഗ്മിണിഭാസ്കരൻ, ശ്രീ എൻ. മോഹനക്കുറുപ്പ് (മെമ്പർ സെക്രട്ടറി) എന്നിവർ അംഗങ്ങളുമായി നില വിലുള്ള നാലാമത്തെ കമ്മീഷൻ പ്രവർത്തനമാരംഭിച്ചു.

നിലവിലുള്ള ചെയർപേഴ്സണും മറ്റു അംഗങ്ങളും താഴെപ്പറയുന്നതീയതി കളിൽ അധികാരമേറ്റു.

| | | | |
|---|---|---|---|
| 1. | ജസ്റ്റിസ് ഡി. ശ്രീദേവി ചെയർപേഴ്സൺ | - | 2-3-2007 |
| 2. | ശ്രീമതി ടി. ദേവി, മെമ്പർ | - | 2-3-2007 |
| 3. | പ്രൊഫ. മീനാക്ഷി തമ്പാൻ, മെമ്പർ | - | 2-3-2007 |
| 4. | ശ്രീമതി പി.കെ. സൈനബ, മെമ്പർ | - | 2-3-2007 |
| 5. | ശ്രീമതി. രുഗ്മിണി ഭാസ്കരൻ, മെമ്പർ | - | 16-4-2007 |
| 6. | ശ്രീ.വി. പി. രാമചന്ദ്രൻ, മെമ്പർ സെക്രട്ടറി | - | 08-04-2008 |

ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ആഫീസിലെയും വീട്ടിലെയും ടെലഫോൺ നമ്പരുകളും കമ്മീഷന്റെ മറ്റു ആഫീസ് നമ്പരുകളും അനുബന്ധ മായി ചേർത്തിരിക്കുന്നു.

| | | **ഓഫീസ്** | **വസതി** |
|---|---|---|---|
| ചെയർപേഴ്സൺ | ജസ്റ്റിസ് ഡി. ശ്രീദേവി | 0471-2300509 | 0471-2552162 |
| അംഗങ്ങൾ | | | |
| | ശ്രീമതി. റ്റി. ദേവി | | 0495-2321177 |
| | പ്രൊഫ. മീനാക്ഷി തമ്പാൻ | | 0480-2825267 |
| | ശ്രീമതി. പി.കെ. സൈനബ | | 04931-231566 |
| | ശ്രീമതി. രുഗ്മിണി ഭാസ്കരൻ | | 04936-248993 |
| മെമ്പർ സെക്രട്ടറി | ശ്രീ. വി.പി. രാമചന്ദ്രൻ | | |

# അദ്ധ്യായം – 2

## II. വനിതാ കമ്മീഷന്റെ ധർമ്മം

കേരളത്തിലെ സ്ത്രീകളുടെ പദവി ഉയർത്തുന്നതിനും അവർക്കെതിരായി ഉണ്ടാകുന്ന നീതിരഹിതവും വിവേചനപരവുമായ നടപടികൾ ആവശ്യമായ അന്വേഷണം നടത്തി അവയ്ക്ക് പരിഹാരം കാണുന്നതിനും വേണ്ട നടപടികളിൽ സ്വീകരിക്കാൻ ബന്ധപ്പെട്ട അധികാരികൾക്കും സർക്കാരിനും ആവശ്യമായ ശുപാർശകൾ നൽകുകയാണ് കമ്മീഷന്റെ മുഖ്യ ചുമതല. കേരളാ വനിതാ കമ്മീഷൻ ആക്ടിന്റെ 16,17 സെക്ഷനുകളിലാണ് കേരളാ വനിതാ കമ്മീഷനിൽ അർപ്പിതമായ ചുമതലകൾ നിർണ്ണയിച്ചിട്ടുള്ളത്.

കേരള വനിതാ കമ്മീഷന്റെ ആക്ട് സെക്ഷൻ 16 പ്രകാരമുള്ള ചുമതലകൾ താഴെ കൊടുക്കുന്നവയാണ്.,

(1) കമ്മീഷൻ താഴെപ്പറയുന്ന ചുമതലകൾ എല്ലാമോ അല്ലെങ്കിൽ അവയിലേതെങ്കിലും നിർവ്വഹിക്കേണ്ടതാണ്. അതായത്:

(i) നീതിരഹിതമായ ഏതൊരു നടപടിയെയുംകുറിച്ച് അന്വേഷിച്ച് അതിൻമേൽ തീരുമാനമെടുക്കുകയും ആ സംഗതിയിൽ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് സർക്കാരിനോട് ശുപാർശ ചെയ്യുകയും ചെയ്യുക;

(ii) സ്ത്രീകളെ സംബന്ധിക്കുന്ന പ്രധാന സംഗതികളേയും നീതിരഹിതമായ നടപടികൾ സംബന്ധിച്ചുള്ള സംഗതികളെയും കുറിച്ച് ഡയറക്ടറെക്കൊണ്ട് അന്വേഷണം നടത്തിക്കുകയും അതിന്മേൽ സ്വീകരിക്കേണ്ട തിരുത്തൽ നടപടി സംബന്ധിച്ച് സംസ്ഥാന സർക്കാരിന് റിപ്പോർട്ട് നൽകുകയും ചെയ്യുക;

(iii) സംസ്ഥാന സർക്കാരിന്:

(എ) നിലവിലിരിക്കുന്ന നിയമങ്ങളിൽ ഭരണഘടനാപരമായ തുല്യാവകാശത്തെയും സ്ത്രീകളോടുള്ള ഉചിതമായ പെരുമാറ്റത്തെയും ബാധിക്കുന്ന പഴുതുകൾ, അപര്യാപ്തതകൾ, കുറവുകൾ ഇവയേയും അങ്ങനെയുള്ള സ്ഥിതി നേരിടുന്നതിന് സ്വീകരിക്കേണ്ട നിവാരക നിയമ നിർമ്മാണ നടപടികളെയും സംബന്ധിചച് വാർഷിക റിപ്പോർട്ട് സമർപ്പിക്കുക;

(ബി) ഏതെല്ലാം പ്രദേശങ്ങളിലാണ് സ്ത്രീകളെ സംബന്ധിച്ച് നിലവിലിരിക്കുന്ന നിയമങ്ങളുടെ പ്രവർത്തനം വേണ്ടത്ര ഫലപ്രദമായിട്ടില്ല അല്ലെങ്കിൽ അവ പ്രവർത്തനക്ഷമമാക്കിയിട്ടില്ല എന്നു തിരിച്ചറിയുന്നതിനായി അങ്ങനെയുള്ള നിയമങ്ങളുടെ പ്രവർത്തനം പരിശോധിക്കുകയും സ്വീകരിക്കപ്പെടേണ്ട ഭരണപരമോ നിയമനിർമ്മാപരമോ ആയ നടപടികളെ സംബന്ധിച്ച് ശുപാർശകൾ സമർപ്പിക്കുകയും ചെയ്യുക;

(സി) സംസ്ഥാന പബ്ലിക് സർവ്വീസുകളിലേക്കും സംസ്ഥാന പൊതു സംരംഭങ്ങ

ളിലേക്കും നടത്തുന്ന നിയമങ്ങളും, പ്രസ്തുത സർവ്വീസുകളിൽ നടത്തുന്ന പ്രമോഷനുകളും, പരിശോധിക്കുകയും അങ്ങനെയുള്ള നിയമനങ്ങളിലും പ്രമോഷനുകളിലും സ്ത്രീകൾക്ക് തുല്യ അവസരങ്ങൾ ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടി ഏതെങ്കിലും ഉള്ള പക്ഷം അത് സർക്കാരിനു റിപ്പോർട്ടു ചെയ്യുന്നതിനായി അങ്ങനെയുള്ള നിയമനങ്ങളേയും പ്രമോഷനുകളേയും നിയന്ത്രിക്കുന്ന ചട്ടങ്ങളുടെയും റെഗുലേഷനുകളുടെയും സൂക്ഷ്മ പരിശോധന നടത്തുകയും ചെയ്യുക;

IV (എ) സ്ത്രീകൾക്കെതിരെ നീതിരഹിത നടപടികൾ നടത്തുന്നതായി പരാതി ലഭിച്ചിട്ടുള്ള ജയിലുകളോ, പോലീസ് സ്റ്റേഷനുകളോ, ലോക്കപ്പുകളോ, സബ് ജയിലുകളോ, റെസ്ക്യൂ ഹോമുകളോ, അല്ലെങ്കിൽ സ്ത്രീകളെ പാർപ്പിക്കുന്ന മറ്റ് സ്ഥലങ്ങളോ, അല്ലെങ്കിൽ സ്ത്രീകൾക്ക് സംരക്ഷണമോ അഭയമോ നൽകുന്ന ആവശ്യത്തിന് സർക്കാരിൽ നിന്ന് സഹായം ലഭിക്കുന്ന ഏജൻസികൾ ഉൾപ്പെടെ സർക്കാരോ അതിന്റെ ഏതെങ്കിലും ഏജൻസികളോ നടത്തുന്ന സ്ത്രീകൾക്കായുള്ള ഷെൽറ്ററുകളോ, മററു സ്ഥലങ്ങളോ, അല്ലെങ്കിൽ സ്ത്രീകളെയും പെൺകുട്ടികളെയും ഉദ്ദേശിച്ച് ഏതൊരാളും നടത്തുന്ന ഹോസ്റ്റലുകളോ, കൂടാതെ സ്ത്രീകൾക്കെതിരെ നീതി രഹിതമായ നടപടികൾ നടത്തപ്പെടുന്നുവെന്ന് പരാതിയുള്ള മറ്റ് സ്ഥലങ്ങളും, ഡയറക്ടറോ ഈ ആവശ്യത്തിലേക്ക് കമ്മീഷൻ അധികാരപ്പെടുത്തുന്ന കമ്മീഷനിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ പരിശോധിക്കുകയോ പരിശോധിക്കാൻ ഇടയാക്കുകയോ ചെയ്യുകയും, അങ്ങനെയുള്ള സ്ഥലങ്ങളിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കും നൽകപ്പെടുന്ന പരിചരണത്തെ സംബന്ധിച്ച് കൂടുതലായ അന്വേഷണങ്ങൾ നടത്താൻ ഇടയാക്കുകയും നിവാരക നടപടി സ്വീകരിക്കുന്നതിനായി സർക്കാരിന് റിപ്പോർട്ട് ചെയ്യുകയും ചെയ്യുക;

(ബി) ഏതെങ്കിലു പബ്ലിക് സെർവന്റ്, സ്ത്രീകളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നത് സംബന്ധിച്ച് തന്റെ ചുമതലകൾ നിർവഹിക്കുന്നതിൽ ഗുരുതരമായ ഉപേക്ഷയോ ഗുരുതരമായ ഉദാസീനതയോ കാണിച്ചുവെന്ന് കമ്മീഷന് അഭിപ്രായമുള്ള സംഗതികളിൽ അച്ചടക്കം സംബന്ധിച്ച് ബന്ധപ്പെട്ട അധികാരസ്ഥാനത്തോട് അച്ചടക്ക നടപടി സ്വീകരിക്കാൻ ശുപാർശ ചെയ്യുക;

v സ്ത്രീകളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ടതും നടപ്പിലാക്കേണ്ടതുമായ സാമൂഹ്യക്ഷേമ പരിപാടികളെക്കുറിച്ച് സർക്കാരിനോട് ശുപാർശ ചെയ്യുക;

vi സ്ത്രീകൾക്ക് തുല്യ അവസരങ്ങൾ ലഭ്യമാക്കുന്നതിന് സമഗ്രവും സ്വീകാര്യത്മകവുമായ ഒരു പദ്ധതി രൂപീകരിക്കുകയും, അപ്രകാരമുള്ള പദ്ധതി നടപ്പാക്കുന്നതിന് ഒരു പരിപാടി ആസൂത്രണം ചെയ്ത് സർക്കാരിന്റെ അംഗീകാരത്തിനായി അയയ്ക്കുകയും, ഭേദഗതിയോടുകൂടിയോ അല്ലാതെയോ അതിന് അംഗീകാരം ലഭിക്കുന്നതിനുമേൽ അത് നടപ്പാക്കുകയും ചെയ്യുക;

സ്ത്രീകൾക്കെതിരെ ചെയ്യുന്ന കുറ്റങ്ങൾ സംബന്ധിച്ച് ഏതൊരു നിയമത്തിൻകീഴിലാണ് ആ നിയമത്തിലെ വ്യവസ്ഥകളുടെ ലംഘനത്തിന് പിഴ വ്യവസ്ഥ ചെയ്തിട്ടുള്ളത്, അങ്ങനെയുള്ള നിയമത്തിൻകീഴിൽ സ്ത്രീകൾക്കെതിരെ ചെയ്യുന്ന കുറ്റങ്ങൾ സംബന്ധിച്ച് പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിന് തക്ക അധികാരസ്ഥാനത്തോട് ശുപാർശ ചെയ്യുവാൻ ഡയറക്ടറെ അധികാരപ്പെടുത്തുക;

താരതമ്യപഠനം ഉപ്പെടെ സ്ത്രീകളുടെ സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയ സ്ഥിതികളെക്കുറിച്ച് സമഗ്രമായ വിവരങ്ങളടങ്ങിയ 'ഡേറ്റാ ബാങ്ക്" സൂക്ഷിക്കുകയുംഅത് കാലാകാലങ്ങളിൽ പുതുക്കി സ്ത്രീകളുടെ അവകാശ സംരക്ഷണാർത്ഥമുള്ള നടപടികളിൽ പ്രയോജനപ്പെടത്തക്കവണ്ണം ലഭ്യമാക്കുകയും ചെയ്യുക;

പിൻതുടർച്ചാവകാശത്തിന്റെയും, രക്ഷാകർതൃത്വത്തിന്റെയും, ദത്തെടുക്കലിന്റെയും വിവാഹമോചനത്തിന്റെയും സംഗതിയിൽ വിവേചനം നീക്കം ചെയ്യുന്നതിനും സ്ത്രീകളുടെ അന്തസ്സും മാതൃത്വത്തിന്റെ മാന്യതയും സംരക്ഷിക്കുന്നത് സംബന്ധിച്ച സംഗതികൾക്കും ആവശ്യമായ നിയമനിർമ്മാണ നടപടികൾ സ്വീകരിക്കുവാൻ സർക്കാരിനോട് ശുപാർശ ചെയ്യുക;

സ്ത്രീകൾക്കെതിരെയുള്ള വിവേചനത്തിലും അതിക്രമങ്ങളിലും നിന്നുൽഭവിക്കുന്ന പ്രത്യേക പ്രശ്നങ്ങളെയോ പരിതഃസ്ഥിതികളേയോ കുറിച്ച് പ്രത്യേക പഠനമോ അന്വേഷണോ നടത്തുവാൻ ആവശ്യപ്പെടുകയും അവ ദൂരീകരിക്കുന്നതിനുള്ള ഉപായ-തന്ത്രങ്ങൾ ശുപാർശ ചെയ്യുന്നതിലേക്ക് പ്രതിബന്ധങ്ങൾ തിരിച്ചറിയുകയും ചെയ്യുക;

സ്ത്രീകളുടെ സാമൂഹിക സാമ്പത്തിക അഭിവൃദ്ധിക്കുള്ള ആസൂത്രണ പ്രക്രിയയിൽ പങ്കെടുക്കുകയും ഉപദേശം നൽകുകുയും ചെയ്യുക;

ഒരു വലിയവിഭാഗം സ്ത്രീകളെ ബാധിക്കുന്ന പ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന വ്യവഹാരം നടത്തുവാൻ ധനസഹായം ചെയ്യുക;

സ്ത്രീകളെ സംബന്ധിക്കുന്ന ഏതൊരു കാര്യത്തേയും, പ്രത്യേകിച്ച് സ്ത്രീകൾ അദ്ധ്വാനിക്കുന്നത് ഏതെല്ലാം വിവിധ പ്രയാസങ്ങളുടെ കീഴിലാണോ അവ സംബന്ധിച്ച് സർക്കാരിലേക്ക് ആനുകാലിക റിപ്പോർട്ടുകൾ കൊടുക്കുക;

എല്ലാ മേഖലകളിലും സ്ത്രീകളുടെ തക്ക പ്രാതിനിദ്ധ്യം ഉറപ്പാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് പ്രോൽസാഹനപരവും വിദ്യാഭ്യാസപരവുമായ ഗവേഷണം ഏറ്റെടുക്കുകയും, അവരുടെ അഭിവൃദ്ധി തടസ്സപ്പെടുത്തുന്ന ഘടകങ്ങൾ അതായത്, ഭവനങ്ങളുടെയും അടിസ്ഥാന സേവനങ്ങളുടെയും അപ്രാപ്യതയും അവരുടെ അദ്ധ്വാനഭാരവും ആരോഗ്യത്തിന് വൃത്തിപരമായുണ്ടാകാവുന്ന അപായസാദ്ധ്യതയും കുറയ്ക്കുന്നതിനും അവരുടെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉള്ള അടിസ്ഥാന സേവനങ്ങളുടെയും സങ്കേതങ്ങളുടെയും അപര്യാപ്തതയും തിരിച്ചറിയുകയും ചെയ്യുക;

സർക്കാർ അതിന് റഫർ ചെയ്യുന്ന മറ്റേതൊരു സംഗതിയും;

സർക്കാർ 1-ാം ഉപവകുപ്പിൻ കീഴിലുള്ള കമ്മീഷന്റെ ശുപാർശകൾ നിയമ സഭ മുമ്പാകെ അതിന്റെ അടുത്ത സമ്മേളനത്തിൽ വയ്ക്കേണ്ടതും അപ്രകാരമുള്ള ശുപാർശകൾ സഭയുടെ മുമ്പാകെ വയ്ക്കുന്നതുമുതൽ രണ്ടു മാസത്തിനുള്ളിൽ ബന്ധപ്പെട്ട അധികാരസ്ഥാനത്തെക്കൊണ്ട് അതിന്മേൽ നടപടി എടുപ്പിക്കാൻ ഇട യാക്കേണ്ടതുമാണ്.

കേരള വനിതാകമ്മീഷൻ ആക്ട് സെക്ഷൻ 17 പ്രകാരം നീതിരഹിതമായ നടപടികൾ സംബന്ധിച്ചുള്ള അന്വേഷണം സംബന്ധിച്ച ചുമതലകൾ ചുവടെപ്പറ യുന്നവയാണ്.

നീതിരഹിതമായ നടപടികൾ സംബന്ധിച്ചുള്ള അന്വേഷണം

(1) കമ്മീഷൻ, നീതിരഹിതമായ ഏതൊരുനടപടിയെക്കുറിച്ചും.

(എ) ഏതെങ്കിലും സ്ത്രീയിൽ നിന്നും, താൻ ഏതെങ്കിലും നീതിരഹിതമായ നട പടിക്ക് വിധേയമാക്കപ്പെട്ടു എന്ന് ആരോപിച്ചുകൊണ്ടുള്ള രേഖാമൂലമായ ഒരു പരാ തിലഭിക്കുന്നതിൻമേൽ അല്ലെങ്കിൽ സമാനമായ ഒരു പദ്ധതി, ഏതെങ്കിലും രജി സ്റ്റർ ചെയ്ത വനിതാ സംഘടനകളിൽ നിന്ന് ലഭിക്കുന്നതിന്മേൽ.

(ബി) അതിന്റെ സ്വന്തം അറിവിന്മേൽ അല്ലെങ്കിൽ അതിന് വിവരം ലഭിക്കുന്നതി ന്മേൽ;

(സി) സർക്കാരിൽ നിന്നുള്ള ഏതെങ്കിലും അഭ്യർത്ഥനയിൻമേൽ, അന്വേഷണം നടത്തേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിലെ (എ) ഖണ്ഡത്തിൻകീഴിൽ കമ്മീഷന് പരാതി നൽകി യിട്ടുള്ളത്. ഏതാളിനെതിരെയാണോ പരാതി നൽകപ്പെട്ടിരിക്കുന്നത് ആ ആളിന്റെ പേർക്ക് ഏതെങ്കിലും പ്രോസസ്സ് പുറപ്പെടുവിക്കുന്നതിന് മുമ്പ്, പരാതി അന്വേഷി ക്കപ്പെടേണ്ടതാണെന്ന് അതിന് സ്വയം ബോദ്ധ്യമാകുന്നതിനുവേണ്ടി, ഡയറക്ട റെക്കൊണ്ട്, അതിന് യുക്തമെന്ന് തോന്നുന്ന രീതിയിലുള്ള ഒരു പ്രാഥമിക അന്വേ ഷണം നടത്തുവാൻ ഇടയാക്കോണ്ടതാണ്.

(3) ഏത് ആളിനെതിരെയാണോ പരാതി നൽകിയിട്ടുള്ളത് അയാൾ ഹാജരാ കുകയും കാരണം കാണിക്കുകയും അല്ലെങ്കിൽ ആവശ്യത്തിലേക്ക് നിശ്ചയിക്ക പ്പെട്ടിരുന്ന ദിവസം ഹാജരാകുന്നതിൽ വീഴ്ച വരുത്തുകയും ചെയ്യുന്നിടത്ത്, കമ്മീ ഷന്, പരാതിയിലെ സംഗതിയെ സംബന്ധിച്ച് അന്വേഷണം തുടരാവുന്നതും അതി ന്മേൽ ഒരു തീരുമാനം എടുക്കാവുന്നതും അവിടെ നീതിരഹിതമായ ഒരു നടപടി ഉണ്ടായി എന്ന് കമ്മീഷന് ബോദ്ധ്യമാകുന്നപക്ഷം, അത് അതിന്മേൽ സ്വീകരിക്കേണ്ട നടപടിയെ സംബന്ധിച്ച് സർക്കാരിന് ശുപാർശ നൽകേണ്ടതും അല്ലെങ്കിൽ

പ്രോസിക്യൂഷൻ നടപടി ആരംഭിക്കേണ്ടതും ആണ്.

(4) സർക്കാർ (3) -ാം ഉപവകുപ്പിൽ കീഴിൽ കമ്മീഷന്റെ ശുപാർശ ലഭിച്ച തീയതി മുതൽ രണ്ട് മാസത്തിനുള്ളിൽ അതിന്മേൽ ഒരു തീരുമാനം എടുക്കേണ്ടതും ആയത് കമ്മീഷനെ അറിയിക്കേണ്ടതുമാണ്.

കമ്മീഷനിൽ രണ്ട് പ്രധാന വിഭാഗങ്ങളാണ് ഉള്ളത്. കമ്മീഷൻ മീറ്റിംഗുകളും സിറ്റിംങ്ങുകളും കമ്മീഷൻ മാസംതോറും മീറ്റിംഗുകൾ നടത്തുകയും ആ മീറ്റിംഗിൽ വച്ച് സുപ്രധാന തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നു.

കമ്മീഷന് ലഭിക്കുന്ന പരാതികൾ തീർപ്പാക്കുന്നതിന് ജില്ലകൾതോറും അദാലത്തുകളും മെഗാ അകാലത്തുകളും സംഘടിപ്പിച്ചുവരുന്നു. ഓരോ ജില്ലയിലേയും കേസ്സുകൾ കൈകാര്യം ചെയ്യാനും അവിടുത്തെ കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കാനും ഓരോ അംഗത്തിനും ജില്ലകളുടെ ചുമതല നൽകിയിട്ടുണ്ട്. ഇതുപ്രകാരം തിരുവനന്തപുരം, കൊല്ലം ജില്ലകൾ സംബന്ധിച്ച കാര്യങ്ങളിൽ ചെയർപേഴ്സൺ ജസ്റ്റീസ് ഡി. ശ്രീദേവിയും, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, എന്നീ ജില്ലകളിൽ പ്രൊഫസർ മീനാക്ഷി തമ്പാനും, കോട്ടയം, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ ശ്രീമതി പി.കെ. സൈനബയും, പത്തനംതിട്ട, ഇടുക്കി, വയനാട് എന്നീ ജില്ലകളിൽ ശ്രീമതി. രുഗ്മിണി ഭാസ്ക്കരനും, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ശ്രീമതി ടി. ദേവിയും ആണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

ഭരണപരമായ കാര്യങ്ങൾ നിർവ്വഹിക്കുന്നത് കമ്മീഷന്റെ മെമ്പർ സെക്രട്ടറിയായ ശ്രീ.വി.പി. രാമചന്ദ്രൻ ആണ്. കൂടാതെ ലോ-ഓഫീസർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, റിസർച്ച് ഓഫീസർ, ഫിനാൻസ് ഓഫീസർ, പബ്ലിക് റിലേഷൻസ് ഓഫീസർ തുടങ്ങി 51 ജീവനക്കാർ വനിതാ കമ്മീഷനിൽ പ്രവർത്തിക്കുന്നു. പ്രോജക്ട് ഓഫീസറുടെ തസ്തിക 17 മാസമായി ഒഴിഞ്ഞുകിടക്കുന്നു. കേസുകളുടെ നടത്തിപ്പിന്റെ ചുമതല ഐ.പി.എസ്. കേഡറിലുള്ള ഡയറക്ടറുടെ മേൽനോട്ടത്തിലാണ്. ഐ.ജി. ശ്രീ.വി. ശാന്തറാം ഐ.പി.എസ്. 10.08.2006 മുതൽ ഡയറക്ടറായി പ്രവർത്തിച്ചു. ഇദ്ദേഹത്തിന്റെ കീഴിൽ സർക്കിൾ ഇൻസ്പെക്ടർ, വനിതാ സബ് ഇൻസ്പെക്ടർ, കോൺസ്റ്റബിൾമാർ, വനിതാ കോൺസ്റ്റബിൾമാർ, എന്നിങ്ങിനെ ശക്തമായ ഒരു പോലീസ് സംവിധാനം കമ്മീഷന്റെ സുഗമമായ പ്രവർത്തനത്തിന് നിലവിലുണ്ട്. അതിനുശേഷം 3.3.2008 ൽ ശ്രീ. ഹരിനാഥ് മിശ്ര ഐ.പി.എസ്സും 4.7.2008 മുതൽ ശ്രീ. ബാബുരാജ് ഐ.പി.എസ്സും, ഡയറക്ടർമാരായി നിയമിതരായി. കൂടാതെ നിയമോപദേശം നൽകുന്നതിനായി ഒരു ലോ. ഓഫീസറും പ്രവർത്തിയ്ക്കുന്നുണ്ട്.

## അദ്ധ്യായം - III

### 2008-2009 ലെ പ്രധാന പ്രവർത്തനങ്ങൾ

വികസന പ്രക്രിയയിൽ സ്ത്രീകളെ തുല്യപങ്കാളികളായി പരിഹണിക്കുന്ന ഒരു സാമൂഹ്യ അന്തരീക്ഷം ഒരുക്കുന്നതിനും, സ്ത്രീകൾക്കെതിരെയുള്ള എല്ലാ വിധ വിവേചനവും പൂർണ്ണമായും ഇല്ലാതാക്കുകയും അവർക്ക് സുരക്ഷ ഉറപ്പാക്കുകയും ചെയ്യുന്നതിനുവേണ്ടി മുൻവർഷങ്ങളെപ്പോലെ 2006-07 വർഷവും സാമൂഹ്യപ്രതിബദ്ധതയുള്ള കർമ്മ പരിപാടികൾ ആസൂത്രണം ചെയ്യുകയും അവ നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ സ്ത്രീകളുടെ പദവി മെച്ചപ്പെടുത്തുന്നതിനും സ്ത്രീകൾക്കെതിരെയുള്ള നീതിരഹിതവും വിവേചനപരവുമായ നടപടികളെക്കുറിച്ച്, ആവശ്യമായ അന്വേഷണം നടത്തുകയും അങ്ങനെയുള്ള നടപടികളിൽ പരിഹാരം കാണുന്നതിനായി ബന്ധപ്പെട്ട അധികാരികൾക്കും സർക്കാരിനും ശുപാർശ ചെയ്യുകയും ചെയ്യുന്നതിനായി കേരള വനിതാ കമ്മീഷൻ ഇക്കാലയളവിൽ ഊർജ്ജസ്വലമായ് പ്രവർത്തിച്ചിട്ടുണ്ട്.

സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കമ്മീഷന് ലഭിക്കുന്ന പരാതികളിൽ സത്വര നടപടികൾ സ്വീകരിക്കുന്നതിന് കമ്മീഷൻ പ്രതിജ്ഞാബദ്ധമാണ്. സ്ത്രീകൾക്കെതിരെയുള്ള കടന്നാക്രമണങ്ങൾക്കെതിരെ ശക്തമായ പ്രതിരോധം സൃഷ്ടിക്കാൻ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്.

ഇൻഡ്യയിലെ ഇന്ന് നിലവിലുള്ള വിവിധ സംസ്ഥാനങ്ങളിലെ വനിതാ കമ്മീഷനുകൾ കേരള വനിതാ കമ്മീഷനെ മാതൃകയാക്കുകയും കമ്മീഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പഠിച്ച്, സമാന പരിപാടികൾക്ക് തങ്ങളുടെ കമ്മീഷനുകളിൽ പ്രാവർത്തികമാക്കുകയും ചെയ്യുന്നുവെന്നത് കേരള വനിതാ കമ്മീഷന്റെ യശസ്സ് വർദ്ധിപ്പിക്കുന്നതും ചാരിതാർത്ഥ്യമുണ്ടാക്കുന്ന സംഗതിയാണ്. കമ്മീഷന്റെ പ്രവർത്തനങ്ങൾ പഠിയ്ക്കുവാൻ മണിപ്പൂർ നാഗലാന്റ് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും വനിതാകമ്മീഷൻ അംഗങ്ങൾ സന്ദർശനം നടത്തിയിട്ടുണ്ട്.

# അദ്ധ്യായം - IV

## 1. വരവുചെലവുകൾ

2008-09 സാമ്പത്തികവർഷം കേരളാ വനിതാ കമ്മീഷന് താഴെ പറയുന്ന ശീർഷകങ്ങളിലായി 149.91 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി.

| | | |
|---|---|---|
| പ്ലാൻ ഫണ്ട് | 70.00 | ലക്ഷം |
| ഫ്ളാഗ് ഷിപ്പ് | 70.00 | ലക്ഷം |
| അഡീ.സെൻട്രൽ അസിസ്റ്റൻസ് | 9.91 | ലക്ഷം |
| ആകെ | **149.91** | **ലക്ഷം** |

2008-09 വർഷം 96.00 ലക്ഷം രൂപ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുകയുണ്ടായി. (അനുബന്ധം 2).

# അദ്ധ്യായം - V

## II. കേസ്സു തീർപ്പാക്കൽ

വനിതാ കമ്മീഷനിൽ ലഭിക്കുന്ന പരാതികൾ കൈകാര്യം ചെയ്യുന്നത് കേസ്സു വിഭാഗത്തിൽ ആണു. 2008 ഏപ്രിലിൽ 2779 കേസുകളാണ് ഉണ്ടായിരുന്നത്. റിപ്പോർട്ടു വർഷം വിവിധ ജില്ലകളിൽ നിന്നായി 6671 പരാതികൾ കമ്മീഷനിൽ ലഭിക്കുകയുണ്ടായി. പരാതി ലഭിച്ചാൽ മേൽ അന്വേഷണം വേണ്ട കേസ്സുകളിൽ പോലീസ്/ റെവന്യൂ തുടങ്ങി ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ നിന്നും വസ്തുതാ റിപ്പോർട്ട് ആവശ്യമെങ്കിൽ വാങ്ങി പരിശോധിച്ചതിനുശേഷം വാദികളിൽ നിന്നും പ്രതികളിൽ നിന്നും തെളിവെടുത്ത് യുക്തമായ തീരുമാനം കൈക്കൊള്ളുന്നു. മുൻവർഷം തീർപ്പുകൽപ്പിക്കാൻ ബാക്കിയുണ്ടായിരുന്ന 2779 കേസ്സുകളടക്കം 9450 കേസ്സുകളിൽ നടപ്പുവർഷം 7141 കേസ്സുകൾ തീർപ്പാക്കിയിട്ടുണ്ട്. റിപ്പോർട്ടു വർഷം ലഭിച്ച പരാതികളും എണ്ണവും തീർപ്പാക്കിയവയുടെ എണ്ണവും ജില്ല തിരിച്ചു താഴെ കൊടുക്കുന്നു.

| ക്രമ നം. | ജില്ല | ലഭിച്ച പരാതികളുടെ എണ്ണം | തീർപ്പാക്കിയത് |
|---|---|---|---|
| 1 | തിരുവനന്തപുരം | 2186 | 2439 |
| 2 | കൊല്ലം | 610 | 760 |
| 3 | ആലപ്പുഴ | 481 | 415 |
| 4 | പത്തനംതിട്ട | 345 | 473 |
| 5 | ഇടുക്കി | 324 | 437 |
| 6 | കോട്ടയം | 499 | 734 |
| 7 | എറണാകുളം | 502 | 546 |
| 8 | തൃശ്ശൂർ | 287 | 167 |
| 9 | പാലക്കാട് | 265 | 248 |
| 10 | മലപ്പുറം | 384 | 409 |
| 11 | കോഴിക്കോട് | 310 | 200 |
| 12 | വയനാട് | 84 | 60 |
| 13 | കണ്ണൂർ | 247 | 171 |
| 14 | കാസർഗോഡ് | 147 | 80 |
| | മൊത്തം | 6671 | 7141 |

## അദാലത്തുകൾ

കമ്മീഷനിൽ ലഭിക്കുന്ന പരാതികളിൽ എത്രയും പെട്ടെന്ന് തീർപ്പു കല്പിക്കുക എന്നതാണ് കമ്മീഷന്റെ ഉദ്ദേശം. തീർപ്പാക്കാൻ അവശേഷിക്കുന്ന കേസ്സുകൾ റിപ്പോർട്ടു വരുത്തി പരിശോധിച്ച് ബന്ധപ്പെട്ടവരെ നേരിൽ കണ്ടതിനുശേഷം, ആവശ്യമെങ്കിൽ അദാലത്തു മുഖേനയും യുക്തമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്. ആയതിലേക്കായി ജില്ലകൾതോറും അദാലത്തു നടത്തി വരുന്നു. വിവിധ ജില്ലകളിലായി റിപ്പോർട്ടുവർഷം 41 മെഗാഅദാലത്തുകളും എല്ലാ ചൊവ്വാഴ്ചകളിലും വ്യാഴാഴ്ചകളിലും കമ്മീഷൻ ഓഫീസിൽ വച്ച് 99 മിനി അദാലത്തുകൾ ചെയർ പേഴ്സൺ ജസ്റ്റിസ്. ഡി.ശ്രീദേവി നടത്തിയിട്ടുണ്ട്.

| ക്രമ നം. | ജില്ല | സാധാരണ അദാലത്ത് | മെഗാ അദാലത്ത് |
|---|---|---|---|
| 1 | തിരുവനന്തപുരം | 99 | 10 |
| 2 | കൊല്ലം | — | 3 |
| 3 | ആലപ്പുഴ | 1 | 4 |
| 4 | പത്തനംതിട്ട | 1 | 2 |
| 5 | ഇടുക്കി | 1 | 2 |
| 6 | കോട്ടയം | 3 | 4 |
| 7 | എറണാകുളം | 2 | 3 |
| 8 | തൃശ്ശൂർ | 1 | 3 |
| 9 | പാലക്കാട് | 3 | 2 |
| 10 | മലപ്പുറം | 5 | 4 |
| 11 | കോഴിക്കോട് | 6 | 1 |
| 12 | വയനാട് | — | 2 |
| 13 | കണ്ണൂർ | — | 3 |
| 14 | കാസർഗോഡ് | — | 2 |
| | **മൊത്തം** | **122** | **41** |

# അദ്ധ്യായം - VI

## സൗജന്യ നിയമ സഹായ വേദി

വനിതാ കമ്മീഷനിൽ പരാതിയുമായെത്തുന്ന സ്ത്രീകൾക്കും പെൺകുട്ടികൾക്കും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും നിയമോപദേശങ്ങളും നൽകുന്നതിനായി കേരള വനിതാ കമ്മീഷനിൽ ഒരു സൗജന്യ നിയമ സഹായ സമിതി (ലീഗൽ എയ്ഡ് സെൽ) പ്രവർത്തിക്കുന്നുണ്ട്. വനിതാ കമ്മീഷന്റെ അധികാര പരിധിക്കു പുറത്തുള്ളതും കുടുംബ സിവിൽ കോടതികൾ മുഖേന പരിഹരിക്കേണ്ടതുമായ കേസുകളിൻമേൽ നിയമോപദേശവും വക്കീലിന്റെ സേവനവും നൽകുകയാണ് സമിതിയുടെ ലക്ഷ്യം. കമ്മീഷൻ ആസ്ഥാനത്തും ജില്ലകളിൽ നടത്തുന്ന അദാലത്തുകളോടനുബന്ധിച്ചും സൗജന്യ നിയമോപദേശം നൽകി വരുന്നുണ്ട്. അഞ്ച് വർഷത്തിലധികം പ്രവർത്തന പരിചയവും സേവന മനോഭാവവുമുള്ള അഭിഭാഷകരെ ഉൾപ്പെടുത്തിയാണ് ലീഗൽ സെല്ലിന് രൂപം നൽകിയിരിക്കുന്നത്. ഓരോ ജില്ലകളിലും അഭിഭാഷകരുടെ പ്രത്യേകം പ്രത്യേകം പാനലും തയ്യാറാക്കിയിട്ടുണ്ട്. നടപ്പുവർഷം കമ്മീഷന്റെ സൗജന്യ നിയമസഹായവേദിയിലെ പാനലിലുൾപ്പെട്ട അഭിഭാഷകരുടെ പേരു വിവരം അനുബന്ധം 3-ൽ ചേർത്തിരിക്കുന്നു.

## (i) ഡി.എൻ.എ.ടെസ്റ്റ്

ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർക്കും പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും ഡി.എൻ.എ.ടെസ്റ്റു നടത്തുന്നതിന് വനിതാ കമ്മീഷൻ സാമ്പത്തികസഹായം നൽകി വരുന്നു. വനിതാ കമ്മീഷനിൽ ലഭിക്കുന്ന പരാതികളിൽ പിതൃത്വം സംബന്ധിച്ച് തർക്കമുണ്ടാകുന്ന കേസ്സുകളിലും കുടുംബകോടതി നിർദ്ദേശപ്രകാരവുമാണ് ഇപ്രകാരം സാമ്പത്തികസഹായം അനുവദിക്കുന്നത്. നടപ്പു വർഷം..........................കേസ്സുകളിലായി..................................... രൂപ ഈയിനത്തിൽ രാജീവ് ഗാന്ധി ബയോ ടെക്നോളജി സെന്ററിനു നൽകിയിട്ടുണ്ട്. ഒരു പരിശോധനയ്ക്ക് 20,000/- രൂപയാണ് ബയോടെക്നോളജി സെന്റർ നിശ്ചയിച്ചിരിക്കുന്ന നിരക്ക്.

## (ii) കൗൺസെലിംഗ് സെന്റർ

കേസ്സുകൾ ഒത്തുതീർപ്പാക്കുന്നതിനു ഒരളവുവരെ ഫാമിലി കൗൺസിലിംഗ് സഹായിക്കുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എല്ലാ ചൊവ്വാഴ്ചയും വ്യാഴാഴ്ചയും വനിതാ കമ്മീഷൻ ആസ്ഥാനത്തു വച്ച് സൗജന്യ കൗൺസെലിംഗ് നൽകി വരുന്നു. ഈ മേഖലയിൽ പ്രാവീണ്യമുള്ള ഒരു സൈക്കോളജിസ്റ്റായ ഡോ.പുഷ്പയും ഒരു സോഷ്യൽ വർക്കറായ ശ്രീമതി.ജയാ എലിസബത്തും ആണ് കമ്മീഷൻ കൗൺസിലിങ്ങിനായി നിയോഗിച്ചിരിക്കുന്നത്.

സന്നദ്ധസംഘടനകളുടെ കൂട്ടായ്മയും സഹകരണവും കമ്മീഷന്റെ പ്രവർത്തനത്തിനു ആവശ്യമായതിനാൽ 21.11.2008 ൽ തിരുവനന്തപുരം തൈക്കാട് ഗസ്റ്റ് ഹൗസിൽ വച്ച് ഒരു യോഗം വിളിച്ചു ചേർത്തു. അതിൽ താഴെ പറയുന്ന അഭിപ്രായങ്ങൾ രേഖപ്പെടുത്തി.

**പൊതുവായ അഭിപ്രായങ്ങൾ**

1 എല്ലാ ഹോസ്റ്റലുകളിലും ടോയ്‌ലറ്റ് സൗകര്യം.

2 കമ്മീഷനിൽ വരുന്ന എല്ലാകത്തുകൾക്കും കൈപ്പറ്റു രസീതു നൽകണം.

3 പെൺകുട്ടികളുടെ ജനന നിരക്കുകുറഞ്ഞു വരുന്നു. ആയതിനെപ്പറ്റി കമ്മീഷൻ പഠനം നടത്തണം.

4 സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്നത് സംബന്ധിച്ച നിയമത്തെപ്പറ്റി ബോധവത്കരണം നടത്തണം.

5 പബ്ളിക് കംഫർട്ട് സ്റ്റേഷൻ വൃത്തിയായി സൂക്ഷിക്കാനുള്ള നടപടി സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട കംഫർട്ട് സ്റ്റേഷനെപ്പറ്റിയുള്ള എൻ.ജി.ഒ.കളുടെ റിപ്പോർട്ട് ഉൾപ്പെടുത്തി സർക്കാരിലേക്ക് കത്തയക്കണം.

# അദ്ധ്യായം - VII

## സെമിനാറുകൾ

സ്ത്രീശാക്തീകരണത്തിന് ഊന്നൽ നൽകിക്കൊണ്ട് സെമിനാറുകൾ/ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിക്കുക എന്നത് കമ്മീഷന്റെ പ്രധാന ധർമ്മമാണ്. വനിതാകമ്മീഷന്റെ കണ്ണും കാതുമായി പ്രവർത്തിക്കേണ്ട സ്ഥാപനങ്ങളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോടനുബന്ധിച്ചു പ്രവർത്തിക്കുന്ന ജാഗ്രതാസമിതികൾ. അതുകൊണ്ടുതന്നെ ജാഗ്രതാസമിതി മുൻപാകെ ലഭിയ്ക്കുന്ന പരാതികൾക്ക് എപ്രകാരമാണ് തീർപ്പുകൽപ്പിക്കേണ്ടത് എന്ന കാര്യത്തിൽ ജാഗ്രതാ സമിതി അംഗങ്ങൾക്ക് പരിശീലനം നൽകേണ്ടതുണ്ട്. നിലവിലുള്ള സ്ത്രീസംരക്ഷണ നിയമങ്ങളെക്കുറിച്ചും സമിതി അംഗങ്ങൾക്ക് പൊതുവായ അറിവു നൽകണമെന്ന ഉദ്ദേശത്തോടെ വിവിധ ജില്ലകളിലായി പരിശീലന പരിപാടികളും നടത്തുയുണ്ടായി.

സ്ത്രീധന നിരോധന നിയമം, ഗാർഹീക പീഡനത്തിൽ നിന്നും സംരക്ഷണം നേടുന്ന നിയമം, ഭരണ ഘടനാപരമായ സ്ത്രീയുടെ അവകാശങ്ങൾ, ഭ്രൂണഹത്യ, ഇന്ന് പെൺകുട്ടികളനുഭവിക്കുന്ന പീഡനങ്ങൾ അതിൽ നിന്നും രക്ഷ നേടുന്നതിനുള്ള മാർഗ്ഗങ്ങൾ, വിവാഹിതരാകുമ്പോൾ ഊഷ്മളമായ സ്നേഹബന്ധം ഊട്ടി ഉറപ്പിക്കാനുള്ള മനശ്ശാസ്ത്രപരമായ സമീപനത്തിന്റെ ആവശ്യകത, വനിതാകമ്മീഷൻ നിയമം, തുടങ്ങിയവയെ സംബന്ധിച്ച എല്ലാസെമിനാറുകളിലും ക്ലാസെടുത്തു. കൂടാതെ വനിതാകമ്മീഷൻ നിർമ്മിച്ച ഛായാമുഖി, പുതുവഴിക്കീ പൂച്ചെണ്ട് എന്നീ ഹ്രസ്വ ചിത്രങ്ങളും പ്രദർശിപ്പിക്കുകയുണ്ടായി.

## ചെയർപേഴ്സൻ. കൊല്ലം, തിരുവനന്തപുരം ജില്ലകൾ

1. 22.4.2008 ന് കോവളം അനിമേഷൻ സെന്ററിൽ വച്ചു മഹിള സമഖ്യാ സസൊസൈറ്റിയുടെ 14 ജില്ലകളിലെയും സേവിനിമാർക്ക് നിയമ ബോധവത്കരണ ക്ലാസു നടത്തി.

2. 1.5.2008 ൽ ആറ്റിങ്ങൾ അമർഹോസ്പിറ്റലിന്റെ വാർഷികത്തോടനുബന്ധിച്ചു നടന്ന മാതൃസംഗമത്തിൽ നിയമബോധന സെമിനാർ നടത്തി. 100 ദമ്പതികൾ പങ്കെടുത്തു.

3. 17.6.2008 ൽ അഴൂർ ഗ്രാമപഞ്ചായത്തുഹാളിൽ വച്ചു സി.ഡി.എസ് വാർഷികത്തോടനുബന്ധിച്ച് നടന്ന സമ്മേളനത്തിൽ നിയമ ബോധവത്കരണ സെമിനാർ നടത്തി. 500 സ്ത്രീകൾ പങ്കെടുത്തു.

4. 7.7.2008 ന് ഉള്ളൂർ സ്മാരക ലൈബ്രറി ബിൽഡിംങ്സിൽ വച്ച് നടന്ന ആൾ ഇൻഡ്യാ വുമൺസ് ഫെഡറേഷൻ അംഗങ്ങൾക്കു നടത്തിയ ബോധവത്കരണ സെമിനാറിൽ 500 സ്ത്രീകൾ പങ്കെടുത്തു.

5. 2008 ജൂലായ് 26 കൊല്ലം ക്ലാപ്പന പഞ്ചായത്തിന്റെ സി.ഡി.എസ്സിന്റെ 10-ാം വാർഷികത്തിൽ പങ്കെടുത്ത 1500 സ്ത്രീകൾക്ക് നിയമ ബോധവത്കരണം നടത്തി.

6. 2008 ആഗസ്റ്റ് 3 ന് തിരുവനന്തപുരം ഹിന്ദി പ്രചാരസഭാ ഹാളിൽ നടന്ന ഫെഡറേഷൻ ഓഫ് റെസിഡൻഷ്യൽ അസോസിയേഷൻ അംഗങ്ങളായ 600 പേർക്ക് സ്ത്രീധന പീഡനം. ഗാർഹീക പീഡനത്തിൽ നിന്നും രക്ഷ നേടുന്ന നിയമങ്ങൾ, വിവാഹ നിയമങ്ങൾ എന്നിവയെക്കുറിച്ച് ബോധ വത്കരണ സെമിനാർ നടത്തി.

7. 23.8.2008 ൽ ചേർത്തല എസ്.എൻ.ഡി.പി.യോഗത്തിന്റെ വനിതാസംഘം നേതൃത്വ ക്യാമ്പിൽ പങ്കെടുത്ത 1500 സ്ത്രീകൾക്ക് വിവിധ നിയമങ്ങളെ ക്കുറിച്ചുള്ള സെമിനാർ നടത്തി.

8. 24.8.2008 ൽ തിരുവനന്തപുരം കേരളാദിത്യപുരം മൈത്രീ വിമെൻസ് റിക്രിയേഷൻ ക്ലബ്ബിന്റെ വാർഷികാഘോഷത്തോടനുബന്ധിച്ച് കേര ളാദിത്യപുരം ഹാളിൽ വച്ചു നടത്തിയ ബോധവത്കരണ സെമിനാറിൽ 200 പേർ പങ്കെടുത്തു.

9. തിരുവനന്തപുരം ശ്രീ ചിത്രാ ഹോമിലെ 200 പൂർവ്വ അന്തേവാസികൾക്കു വേണ്ടി നിയമബോധന സെമിനാർ നടത്തി.

10. 29.8.2008 ൽ തിരുവനന്തപുരം വിമെൻസ് കോളേജിൽ വച്ചു ബോധവത്ക രണ സെമിനാർ നടത്തി.

11. 2008 സെപ്റ്റംബർ 3 നു ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിൽ നടത്തിയ കുടുംബശ്രീ സംഗമത്തിൽ 800 സ്ത്രീകൾക്കു ബോധവത്ക രണ സെമിനാർ നടത്തി.

12. 2008 സെപ്റ്റംബർ 4 നു പോരുവഴി ഗ്രാമപഞ്ചായത്തു കുടുംബശ്രീ ദശവ ത്സര ആഘോഷത്തോടനുബന്ധിച്ചു മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് പ്ലാറ്റിനം ജൂബിലി ഹാളിൽ വച്ചു നടന്ന ചടങ്ങിൽ 500 പേർക്കു ബോധവ ത്കരണ സെമിനാർ നടത്തി.

13. 2008 സെപ്റ്റംബർ 7 നു കൈമനം റസിഡൻസ് അസോസിയേഷൻസ് നടത്തിയ ഓണഘോഷ പരിപാടിയോടനുബന്ധിച്ച സമ്മേളനത്തിൽ നിയമബോധവത്കരണ സെമിനാർ നടത്തി. 300 പേർ പങ്കെടുത്തു.

14. 2008 സെപ്റ്റംബർ 7 നു പോലീസ് ഓഫീസേഴ്സ് അസോസിയേഷന്റെ കുടുംബസംഗമത്തോടനുബന്ധിച്ചുള്ള ബോധവത്കരണ പരിപാടിയിൽ 70 പേർ പങ്കെടുത്തു.

15. 2.9.2008 ൽ നിറമൺകര എൻ.എസ്.എസ്. കോളേജിൽ നടന്ന നിയമ ബോധവത്കരണ സെമിനാറിൽ 850 പെൺകുട്ടികൾ പങ്കെടുത്തു.

16. 29.9.2008 ൽ വൈക്കം എസ്.എൻ.ഡി.പി. യോഗത്തിന്റെ വനിതാസംഘം സംഘടിപ്പിച്ച ഏകദിന നേതൃത്വക്യാമ്പിൽ നടത്തിയ നിയമബോധവത്കരണ സെമിനാറിൽ 1100 സ്ത്രീകൾ പങ്കെടുത്തു.

17. 2008 ഒക്ടോബർ 30 ന് ചേർത്തല എൻ.എസ്.എസ്. കോളേജിലെ മലയാളം ഡിപ്പാർട്ടുമെന്റും ഹിസ്റ്ററി ഡിപ്പാർട്ടുമെന്റും സംയുക്തമായി സംഘടിപ്പിച്ച മീറ്റിംഗിൽ കേരളത്തിന്റെ സാംസ്കാരിക രാഷ്ട്രീയ ചരിത്രവും അതിൽ സ്ത്രീകളുടെ പങ്കാളിത്തവും എന്ന വിഷയത്തെക്കുറിച്ചു നടന്ന സെമിനാറിൽ ബോധവത്കരണം നടത്തി. 400 പേർ പങ്കെടുത്തു.

18. 2.11.2008 ൽ വേളി സെന്റ് ജോസഫ് ഹാളിൽ വച്ച് കുടുംബ ശ്രീ യൂണിറ്റുകളുടെ വനിതാ വികസന സെമിനാർ നടത്തി. 500 പേർ പങ്കെടുത്തു.

19. 3.11.2008 ന് വർക്കല ശ്രീ നാരായണാ കോളേജിലെ വിദ്യാർത്ഥിനികൾക്കു ബോധവത്കരണ സെമിനാർ നടത്തി. 350 പേർ പങ്കെടുത്തു.

20. 6.11.2008 ൽ പുനലൂർ ശ്രീ നാരായണാ കോളേജിലെ ആർ ശങ്കർ ജയന്തി ആഘോഷത്തോടനുബന്ധിച്ചു നടന്ന വിമെൻസ് സ്റ്റഡീസ് സെല്ലിലെ അംഗങ്ങൾക്ക് വിവിധ നിയമങ്ങളെ സംബന്ധിച്ച സെമിനാർ നടത്തി. 300 പേർ പങ്കെടുത്തു.

21. 10.11.2008 ൽ ചിറയിൻകീഴ് കേരളാ സ്റ്റേറ്റ് സർവ്വീസ് പെൻഷണേഴ്സ് യൂണിയന്റെ ചിറയിൻകീഴ് ബ്ലോക്കിന്റെ വനിതാ കൺവെൻഷനിൽ പങ്കെടുത്ത 50 പേർക്കു നിയമങ്ങളെ സംബന്ധിച്ച ബോധവത്കരണ സെമിനാർ നടത്തി.

22. 15.11.2008 ൽ വർക്കല എം.ജി.എം. മോഡൽ സ്കൂളിൽ വച്ചു നടന്ന മാതൃസംഗമത്തിൽ പങ്കെടുത്ത 300 പേർക്ക് ബോധവത്കരണ സെമിനാർ നടത്തി.

23. 17.11.2008 ൽ കോവളം ഗസ്റ്റ് ഹൗസിൽ വച്ച് വി.വി.ഗിരി. നാഷണൽ ലേബർ ഡിപ്പാർട്ടുമെന്റു നോയിഡ ന്യൂഡൽഹിയും കേരളാ ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ്, തിരുവനന്തപുരവും സംയുക്തമായി നടത്തിയ പരിപാടിയിൽ പങ്കെടുത്ത 500 അമ്മമാർക്ക് ബോധവത്കരണ സെമിനാർ നടത്തി.

24. 19.11.2008 ൽ തിരുവനന്തപുരം എസ്.എം.വി. സ്കൂൾ അദ്ധ്യാപക രക്ഷകർതൃ സംഗമത്തിൽ പങ്കെടുത്ത 50 വിദ്യാർത്ഥികളുടെ അമ്മമാർക്ക് ബോധവത്കരണ സെമിനാർ നടത്തി.

25. 23.11.2008 ന് കുന്ദമംഗലം പഞ്ചായത്തു കമ്യൂണിറ്റി ഹാളിൽ സംഘടിപ്പിച്ച ഏകദിന ശില്പശാലയോടനുബന്ധിച്ചു നടത്തിയ ബോധവത്കരണ സെമിനാറിൽ 250 പേർ പങ്കെടുത്തു.

26. 24.11.2008 ൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്ത്രീമാനേജർമാരുടെ കഴിവു വർദ്ധിപ്പിക്കുന്ന ശിൽപ്പശാലയോടനുബന്ധിച്ചു നടത്തിയ ബോധവത്കരണ സെമിനാറിൽ 300 പേർ പങ്കെടുത്തു.

27. 28.11.2008 ൽ വെഞ്ഞാറമൂട് നെഹ്റു യൂത്ത് സെന്റർ ആന്റ് ദൃശ്യാ ഫൈൻ ആർട്ട്സ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കേരള സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചു സെമിനാർ നടത്തി. 420 പേർ പങ്കെടുത്തു.

28. 7.12.2008 ൽ കേരളാ സ്റ്റേറ്റ് സർവ്വീസ് പെൻഷണേഴ്സ് യൂണിയന്റെ കൊല്ലം യൂണിറ്റിന്റെ കുടുംബയോഗത്തിൽ വച്ചു നിയമബോധവത്കരണ സെമിനാർ നടത്തി. 50 പേർ പങ്കെടുത്തു.

29. 15.12.2008 ൽ കാര്യവട്ടം യൂണിവേഴ്സിറ്റിയും, യൂ.ജി.സിയും സംയുക്തമായി സംഘടിപ്പിച്ച യോഗത്തിൽ സ്ത്രീകളുടെ കഴിവു വികസിപ്പിക്കുന്നതിനെ സംബന്ധിച്ച സെമിനാർ നടത്തിയതിൽ 300 പേർ പങ്കെടുത്തു.

30. അരുമാനൂർ എം.വി.സെന്റിനറി സെലിബറേഷനോടനുബന്ധിച്ചു നടന്ന സമ്മേളനത്തിൽ 500 പേർക്ക് ബോധവത്കരണ സെമിനാർ നടത്തി.

31. എസ്.എൻ.ഡി.പി. യൂണിയൻ കണയന്നൂർ യൂണിറ്റിന്റെ പ്രീമാരിറ്റൽ ട്രെയിനിംഗ് ആന്റ് കൗൺസെലിംഗ് കോഴ്സിനെ സംബന്ധിച്ച സെമിനാറിൽ 500 പേർ പങ്കെടുത്തു.

32. 28.12.2008 ൽ ഉദയനഗർ സാംസ്കാരിക സംഘടനയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ചുള്ള വനിതാസമ്മേളനത്തിൽ നിയമബോധവത്കരണ സെമിനാർ നടത്തി. 700 പേർ പങ്കെടുത്തു.

33. 28.1.2009 അരുമാനൂർ നയിനാർ ദേവി ക്ഷേത്രത്തിന്റെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ചു നടന്ന സമ്മേളനത്തിൽ നടത്തിയ നിയമബോധവത്കരണ സെമിനാറിൽ 1500 പേർ പങ്കെടുത്തു.

34. 10.2.2009 നു ചിറയിൻകീഴ് സാമൂഹ്യ ക്ഷേമവകുപ്പിലെ അംഗൻവാടി ടീച്ചർമാർക്കും ഹെൽപ്പർമാർക്കും വേണ്ടി നടത്തിയ ബോധവത്കരണ സെമിനാറിൽ 200 പേർ പങ്കെടുത്തു.

35. 10.2.2009 ൽ ചിറയിൻകീഴ് ശാരദ വിലാസം സ്കൂളിൽ വച്ചു നടന്ന മാതൃസംഗമത്തിൽ പങ്കെടുത്ത അമ്മമാർക്കും കുട്ടികൾക്കും നിയമബോധവത്കരണ സെമിനാർ നടത്തി. ഏരദേശം 250 പേർ പങ്കെടുത്തു.

36. 24.2.2009 നു ആറ്റിങ്ങൽ വിളയിൽ റെസിഡൻസ് അസോസിയേഷനും വനിതാകമ്മീഷനും സംയുക്തമായി നടത്തിയ നിയമബോധവത്കരമ സെമിനാറിൽ 500 പേർ പങ്കെടുത്തു.

| | |
|---|---|
| **ആകെ പങ്കെടുത്തവർ** | – **18140** |
| മെമ്പർ - ശ്രീമതി.റ്റി.ദേവി | |

**കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്**

1 25.2.2009 ന് കാസർഗോഡ് ടൗൺ ഹാളിൽ മഹിളാ സമാജങ്ങളുടെ സംഗമം നടത്തി. പ്രസ്തുതയോഗത്തിൽ വനിതാകമ്മീഷനും മഹിളാസമാജങ്ങളും എന്ന വിഷയത്തിൽ ബോധവത്കരണം നടത്തി. 350 അംഗങ്ങൾ പങ്കെടുത്തു.

2 4.3.2009 ൽ വനിതാ കമ്മീഷന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് കോർപ്പറേഷൻ, ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റി എന്നിവയുടെ സഹകരണത്തോടെ കോഴിക്കോട് ടാഗോർ സെന്റിനറി ഹാളിൽ സാർവ്വദേശീയ വനിതാ ദിനം സംഘടിപ്പിച്ചു. പ്രസ്തുതയോഗത്തിൽ 421 പേർക്ക് ബോധവർക്കരണ സെമിനാർ നടത്തി.

3 5.3.2009 ൽ കേരളാ വനിതാ കമ്മീഷന്റെയും കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ അന്തർദേശീയ വനിതാ ദിനാചരണം നടത്തി. യോഗത്തിൽ വിവിധ വിഷയങ്ങളിൽ ബോധവത്കരണം നടത്തി. 312 പേർ പങ്കെടുത്തു.

4. 23.2.2009 ന് കേരള വനിതാകമ്മീഷന്റെ ആഭിമുഖ്യത്തിൽ കണ്ണൂർ ജില്ലാ സ്പോർട്സ് കൗൺസിൽ ഹാളിൽ വനിതാശിൽപശാല സംഘടിപ്പിച്ചു. വനിതാകമ്മീഷനും തൊഴിലെടുക്കുന്ന സ്ത്രീകളും എന്ന വിഷയത്തിൽ ക്ലാസ്സെടുത്തു. 250 പേർ പങ്കെടുത്തു.

5. 26.2.2009 ന് ഉദുമ ഗ്രാമപഞ്ചായത്തു കമ്യൂണിറ്റി ഹാളിൽ സ്ത്രീകളുടെ മനുഷ്യാവകാശങ്ങൾ എന്ന വിഷയത്തിൽ സെമിനാർ നടത്തി 300 പേർ പങ്കെടുത്തു.

6. കേരള വനിതാകമ്മീഷന്റെ തുല്യതാ മഹിളാ സമാജം സംഘടിപ്പിച്ച പരിപാടിയിൽ ഗാർഹികപീഡനം, കുടുംബശ്രീ എന്നീ വിഷയങ്ങളിൽ ക്ലാസെടുത്തു. 162 പേർ പങ്കെടുത്തു.

7. 2.3.2009 ന് കോഴിക്കോട് ഹോട്ടൽ മലബാർ പാലസ്സിൽ വച്ച് വനിതാ മാധ്യമ പ്രവർത്തകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും എന്ന വിഷയത്തിൽ ചർച്ച നടത്തി. മാധ്യമങ്ങൾക്കൊരു വനിതാ നയം എന്ന വിഷയത്തിൽ ക്ലാസെടുത്തു.

8. 13.3.2009 ന് കോഴിക്കോട് എസ്.കെ. പൊറ്റക്കാട് മെമ്മോറിയൽ സാംസ്കാരിക നിലയത്തിൽ വച്ച് കേരളത്തിലെ കുടിയേറ്റ കുടുംബങ്ങളിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ എന്ന വിഷയത്തിൽ സെമിനാർ നടത്തി. 200 പേർ പങ്കെടുത്തു.

9. 17.3.2009 ന് കേരള വനിതാകമ്മീഷൻ കാസർഗോഡ് ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് ന്യൂ ഹാപ്പി ഓഡിറ്റോറിയത്തിൽ (നീലേശ്വരം) സ്ത്രീ ശാക്തീകരണം സ്വയം തൊഴിലിലൂടെ എന്ന വിഷയത്തിൽ സ്വാശ്രയ സംഘങ്ങളിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെ ശിൽപ്പശാല സംഘടിപ്പിച്ചു. 280 പേർ പങ്കെടുത്തു.

10. 25.3.2009 നു കാഞ്ഞങ്ങാട് ബ്ലോക്കു പഞ്ചായത്തു ഹാളിൽ സ്ത്രീ ശാക്തീകരണം സ്വയം തൊഴിലിലൂടെ എന്ന വിഷയത്തിൽ സ്വാശ്രയ സംഘങ്ങളിൽ പ്രവർത്തിക്കുന്ന സ്ത്രീകളെ പങ്കെടുപ്പിച്ചുകൊണ്ടു സെമിനാർ നടത്തി. 220 പേർ പങ്കെടുത്തു.

11. 15.3.2009 നു കേരള വനിതാകമ്മീഷന്റെയും പന്നിയംകോട് പബ്ലിക് ലൈബ്രറിയുടെയും സംയുക്താഭിമുഖ്യത്തിൽ കല്ലായി ഗവ. യു.പി.സ്കൂളിൽ വച്ച് ഗാർഹീകാതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമത്തെ പറ്റി സ്ത്രീകൾക്കു ക്ലാസെടുത്തു. 300 പേർ പങ്കെടുത്തു.

12. 1.3.2009 ന് കോഴിക്കോട് പേരാംമ്പ്ര ഗ്രാമപഞ്ചായത്തിലുള്ള ചേർമല കോളനി നിവാസികളെ പങ്കെടുപ്പിച്ചുകൊംണ്ട് ഒരു ബോധവത്കരണ ശിൽപ്പശാല നടത്തി. 60 പേർ പങ്കെടുത്തു.

13. 14.7.2009 നു കോഴിക്കോട് അർബൻ ബാങ്ക് ഓഡിറ്റോറിയത്തിൽ വച്ച് ജില്ലാതല മഹിളാ സംഗമം സംഘടിപ്പിച്ചു. ബോധവത്കരണം നടത്തി.

| | | |
|---|---|---|
| **ആകെ പങ്കെടുത്തവർ** | **–** | **1631** |
| **മെമ്പർ – പ്രൊഫ.മീനാക്ഷി തമ്പാൻ** | | |

## തൃശ്ശൂർ, ആലപ്പുഴ, എറണാകുളം

1 9.3.2009 ന് എറണാകുളം ടൗൺ ഹാളിൽ വച്ച് ഒരു ബോധവത്കരണ സെമിനാർ നടത്തി. തുടർന്നു ഒരു ഗ്രൂപ്പു ചർച്ചയും ഉണ്ടായിരുന്നു.

2 7.3.2009 ന് അന്തർദേശീയ വനിതാദിനാചരണത്തോടനുബന്ധിച്ചു തൃശ്ശൂർ എലൈറ്റ് ഇന്റർ നാഷണൽ ഹോട്ടലിൽ വച്ച് ബോധവത്കരണ സെമിനാർ നടത്തി. സ്ത്രീസമത്വ നിർമ്മിതിയിൽ ആധുനിക ലോകത്തിന്റെ പങ്ക്. ഇന്നത്തെ ദുസ്ഥിതിക്ക് എങ്ങനെ പരിഹാരം കാണാം, അതിനാവശ്യമായ മുൻകരുതലുകൾ എന്നിവയെക്കുറിച്ചു സംസാരിച്ചു.

3 8.3.2009 ന് ആലപ്പുഴ യു.പി. സ്കൂളിൽ അന്തർ ദേശീയ വനിതാ ദിനത്തോടനുബന്ധിച്ചു വനിതാകമ്മീഷനും വനിതാസംഘടനകളും ചേർന്ന് സെമിനാർ നടത്തി. സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങളും വെല്ലു വിളികളും അവയിൽ നിന്നും രക്ഷ നേടാനുള്ള മാർഗ്ഗങ്ങളെ കുറിച്ചും സ്ത്രീ സംരക്ഷണ നിയമത്തെക്കുറിച്ചും ക്ലാസെടുത്തു.

| **മെമ്പർ - ശ്രീമതി.പി.കെ.സൈനബ** |
|---|
| **കോട്ടയം, പാലക്കാട്, മലപ്പുറം** |

1 24.3.2009 ന് കേരള വനിതാകമ്മീഷൻ മലപ്പുറം ചുങ്കത്തറ ഗ്രാമപഞ്ചായത്തിന്റെ 14-ാം വാർഡിൽ വച്ച് അന്തർ സംസ്ഥാന വിവാഹങ്ങളെ സംബന്ധിച്ച സെമിനാർ നടത്തി. അന്തർ സംസ്ഥാന വിവാഹങ്ങളും പ്രത്യാഘാതങ്ങളും എന്ന വിഷയത്തിൽ ക്ലാസ് എടുത്തു. 102 പേർ പങ്കെടുത്തു.

2 27.2.2009 ന് മലപ്പുറം വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി മെമ്മോറിയൽ ടൗൺ ഹാളിൽ വച്ച് വിവിധ വനിതാ സഹകരണ സംഘങ്ങളിലെ സ്ത്രീകളെ പങ്കെടുപ്പിച്ചുകൊണ്ട് വനിതാസഹകരണ സംഘങ്ങളിലെ സ്ത്രീകളും അവർ അനുഭവിക്കുന്ന പ്രശ്നങ്ങളും വെല്ലു വിളികളും എന്ന വിഷയത്തിൽ ബോധവത്കരണ സെമിനാർ നടത്തി. 268 പേർ പങ്കെടുത്തു.

3 13.3.2009 ന് പാലക്കാട് കണ്ണാടി ഗ്രാമ പഞ്ചായത്തു ഹാളിൽ അന്തർ സംസ്ഥാന വിവാഹങ്ങളും പ്രത്യാഘാതങ്ങളും എന്ന വിഷയത്തിൽ ക്ലാസ് എടുത്തു. 235 പേർ ക്ലാസിൽ പങ്കെടുത്തു.

4 15.3.2009 ന് ചിറയിൻകീഴ് കയർ തൊഴിലാളികൾക്കായി ഒരു നിയമബോധവത്കരണ സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങളും വെല്ലു വിളികളും അവയിൽ നിന്നും രക്ഷ നേടാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും ക്ലാസ് എടുത്തു. അതിനുശേഷം പെണ്ണായ് പിറന്നവൾ എന്ന നാടകം അരങ്ങേറി. 350 പേർ ക്ലാസിൽ പങ്കെടുത്തു.

5 23.3.2009 ന് കേരള വനിതാകമ്മീഷന്റെയും ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിന്റെയും ആഭിമുഖ്യത്തിൽ ഇരിമ്പിളിയം പഞ്ചായത്തു ഹാളിൽ വച്ച് വനിതാ ബോധവത്കരണ സെമിനാർ നടത്തി. 73 പേർ യോഗത്തിൽ പങ്കെടുത്തു.

6 24.2.2009 ന് കേരള വനിതാകമ്മീഷന്റെ നിർദ്ദേശ പ്രകാരം ചുങ്കത്തറ നിലമ്പൂർ ഡവലപ്മെന്റ് പ്രോജക്ടിന്റെ ആഭിമുഖ്യത്തിൽ വനിതാ ബോധവത്കരണ സെമിനാർ നടത്തി. 140 പേർ യോഗത്തിൽ പങ്കെടുത്തു.

7 9.3.2009 ന് കേരള വനിതാകമ്മീഷൻ സമത മഹിളാ സമാജവും, സംഗമം

ആർട്ട്സ്ക്ലബ്ബുമായി സഹകരിച്ചു മലപ്പുറം തച്ചൻകോടു വച്ച് ഏകദിന ശിൽപ്പശാല നടത്തി, വനിതാകമ്മീഷനും സ്ത്രീകളും നിയമങ്ങളും എന്ന വിഷയത്തിൽ ക്ലാസെടുത്തു. 265 പേർ പങ്കെടുത്തു.

8 22.2.2009 ന് കേരള വനിതാകമ്മീഷന്റെയും തുല്യത മഹിളാ സമാജത്തിന്റെയും ആഭിമുഖ്യത്തിൽ വനിതാ ബോധവത്കരണ സെമിനാർ നടത്തി. സ്ത്രീകളും നിയമങ്ങളും എന്ന വിഷയത്തിൽ ക്ലാസെടുത്തു. 162 പേർ യോഗത്തിൽ പങ്കെടുത്തു.

9 19.3.2009 ന് കോഴിക്കോട് സർവ്വകലാശാല ആഡിറ്റോറിയത്തിൽ വച്ച് ഒരു ഏകദിന ബോധവത്കരണ സെമിനാർ നടത്തി. കേരള വനിതാകമ്മീഷൻ ചരിത്രവും ധർമ്മവും, സ്ത്രീകളും നിയമവും സ്ത്രീകളുടെ സാമൂഹ്യവത്കരണം എന്നീ വിഷയങ്ങളിൽ ക്ലാസെടുത്തു. 103 പേർ ക്ലാസിൽ പങ്കെടുത്തു.

**ആകെ പങ്കെടുത്തവർ - 1698**

# അദ്ധ്യായം VIII

**ജാഗ്രതാസമിതികൾ**
**ചെയർപേഴ്സൻ - ജസ്റ്റിസ് ഡി.ശ്രീദേവി**
**ജാഗ്രതാസമിതി ശിൽപശാല**

1 12.1.2009 ന് കേരള വനിതാകമ്മീഷനും കരകുളം ഗ്രാമപഞ്ചായത്തു ജാഗ്രതാസമിതിയുമായി സംഘടിപ്പിച്ച ഏകദിന ശില്പശാല.

2 19.1.2009 ന് കേരള വനിതാകമ്മീഷനും കുറ്റിച്ചൽ ഗ്രാമപഞ്ചായത്തു ജാഗ്രതാസമിതിയുമായി കുറ്റിച്ചൽ സി.എസ്.ഐ.ഹാളിൽ വച്ചു നടന്ന ഏകദിന ശില്പശാല.

3 26.7.2009 ന് കേരള വനിതാകമ്മീഷനും ക്ലാപ്പന ഗ്രാമപഞ്ചായത്തു ജാഗ്രതാസമിതിയുമായി സംഘടിപ്പിച്ച ഏകദിന ശില്പശാല.

4 6.2.2009 ന് തിരുവനന്തപുരം ജില്ലാപഞ്ചായത്തുഹാളിൽ ജാഗ്രതാസമിതി പ്രസിഡന്റുമാർക്ക് ബോധവത്കരണം.

5 23.3.2009 ന് ചവറ തെക്കും ഭാഗം ഗ്രാമ പഞ്ചായത്ത് ജാഗ്രതാസമിതിക്കു ബോധവത്കരണം.

**മെമ്പർ - ശ്രീമതി. ടി.ദേവി**

| ക്രമ നം. | തിയതി | മേഖല | പങ്കെടുത്ത ആൾക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 19.9.2008 | കോഴിക്കോട് ജില്ലാ ജാഗ്രതാ സമിതി | 200 |
| 2 | 20.9.2008 | | |
| 3 | 11.11.2008 | ചേളന്നൂർ ബ്ലോക്ക് | 200 |
| 4 | 17.11.2008 | മേലടി ബ്ലോക്ക് | 150 |
| 5 | 18.11.2008 | വാർഡുതല ജാഗ്രതാസമിതി | 250 |
| | | കോഴിക്കോടു കോർപ്പറേഷൻ | |
| 6 | 23.11.08 | കുന്നമംഗലം ബ്ലോക്ക് ജാഗ്രതാ സമിതി | 250 |
| 7 | 25.11.08 | പന്തലായിനി ബ്ലോക്ക് | |
| 8 | 1.12.2008 | കുന്നുമ്മൽ ബ്ലോക്ക് | 210 |
| 9 | 2.12.2008 | പേരാമ്പ്ര ബ്ലോക്ക് | 150 |
| 10 | 4.12.2008 | വടകര പഞ്ചായത്ത് | 251 |
| 11 | 2.12.08 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 200 |
| 12 | 23.12.08 | മുൻസിപ്പാലിറ്റിതല സമിതി | 200 |
| 13 | 24.12.08 | കാസർഗോഡ് ജില്ലാ പഞ്ചായത്ത് | 205 |
| 14 | 17.1.09 | നല്ലളം ചെറുവണ്ണൂർ പഞ്ചായത്ത് | 125 |
| 15 | 19.1.2009 | തൂണേരി | 150 |
| 16 | 20.1.2009 | വടകര മുൻസിപ്പാലിറ്റി | 310 |
| 17 | 21.1.2009 | കൊയിലാണ്ടി മുൻസിപാലിറ്റി | 310 |

**ആകെ പങ്കെടുത്തവർ - 3411**

**മെമ്പർ - ശ്രീമതി.പി.കെ.സൈനബ**

**മലപ്പുറം, പാലക്കാട്, കോട്ടയം**

| ക്രമ നം. | തിയതി | മേഖല | പങ്കെടുത്ത ആൾക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ജനുവരി 2009 | കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് | 250 |
| 2 | ജനുവരി 2009 | പാലക്കാട് ജില്ലാതലം | 360 |
| 3 | ജനുവരി 2009 | മലപ്പുറം, ജില്ലാതലം | 760 |
| 4 | 3.3.09 | കോട്ടയം ജില്ലാതലം | 360 |
| 5 | ഫെബ്രുവരി 2009 | വണ്ടൂർ ബ്ലോക്ക്തലം | 180 |
| 6 | ഫെബ്രുവരി 2009 | പെരുന്തൽമണ്ണ ബ്ലോക്കുതലം | 240 |
| 7 | ഫെബ്രുവരി 2009 | നിലമ്പൂർ ബ്ലോക്കുതലം | 225 |
| 8 | 5.3.09 | അട്ടപ്പാടി ഗ്രാമപഞ്ചായത്ത് | 200 |
| 9 | 6.3.09 | മുതുമല ഗ്രാമപഞ്ചായത്ത് | 600 |
| 10 | 17.3.09 | താഴെക്കാട് ഗ്രാമപഞ്ചായത്ത് | 300 |
| 11 | 18.3.09 | കുറ്റിപ്പുറം ബ്ലോക്കുതലം | 160 |
| 12 | 20.3.09 | കോട്ടയം, ജില്ലാതലം | 100 |

**ആകെ പങ്കെടുത്തവർ - 3735**

**മെമ്പർ - ശ്രീമതി. രുഗ്മിണി ഭാസ്കരൻ**

1 പത്തനംതിട്ട ജില്ലയിലെ തിരുവല്ല നഗരസഭ, മല്ലപ്പള്ളി പുളീക്കീഴ്, കോയിപ്രം റാന്നി എന്നീ നാല് ബ്ലോക്കു പഞ്ചായത്തുകൾ, 27 ഗ്രാമപഞ്ചായത്തുകൾ എന്നീ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കു വേണ്ടി 25.2.2009 ന് തിരുവല്ല നഗരസഭ ടൗൺ ഹാളിൽ വച്ച് ജാഗ്രതാ സമിതി പരിശീലന ഏകദിന ശിൽപശാല നടത്തി. 200 പേർ പങ്കെടുത്തു

2 പത്തനംതിട്ട ജില്ലയിലെ പത്തനംതിട്ട, അടൂർ നഗരസഭകൾ പത്തനംതിട്ട ജില്ലാപഞ്ചായത്ത് എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടി 26.2.2009 ന് പത്തനംതിട്ട ശ്രീ ചിത്തിര തിരുനാൾ സ്മാരക ടൗൺ ഹാളിൽ വച്ച് ജാഗ്രതാ സമിതി പരിശീലന ഏകദിന ശിൽപശാല നടത്തി. 340 പേർ പങ്കെടുത്തു.

3 പത്തനംതിട്ട ജില്ലയിലെ ഇലന്തൂർ, കോന്നി, പന്തളം, പറക്കോട്, കുളനട എന്നീ 5 ബ്ലോക്കു പഞ്ചായത്തുകൾ 27 ഗ്രാമ പഞ്ചായത്തുകൾ എന്നീ തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടി 27.2.2009 ന് തിരുവല്ല നഗരസഭ ടൗൺ ഹാളിൽ വച്ച് ഇടുക്കി ജില്ലയിലെ നെടുംങ്കണ്ടം, കട്ടപ്പന, അഴുത എന്നീ 4 ബ്ലോക്കു പഞ്ചായത്തുകൾ, ടി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തു ഉൾപ്പെടുന്ന 26 ഗ്രാമ പഞ്ചായത്തുകൾ ഇടുക്കി ജില്ല എന്നീ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കു വേണ്ടി 28.1.2009 ന് കട്ടപ്പന ഗ്രാമ പഞ്ചായത്ത് ടൗൺ ഹാളിൽ വച്ച് ജാഗ്രതാ സമിതി പരിശീലന ഏകദിന ശിൽപശാല നടത്തി. 473 പേർ പങ്കെടുത്തു.

4 ഇടുക്കി ജില്ലയിലെ അടിമാലി ദേവികുളം എന്നീ 2 ബ്ലോക്കു പഞ്ചായത്തുകൾ, ടി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തു ഉൾപ്പെടുന്ന 13 ഗ്രാമ പഞ്ചായത്തുകൾ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടി 29.1.2009 ന് മൂന്നാർ ഗ്രാമ പഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ വച്ച് ജാഗ്രതാ സമിതി പരിശിലന ഏകദിന ശിൽപശാല നടത്തി. 209 പേർ പങ്കെടുത്തു.

5 ഇടുക്കി ജില്ലയിലെ തൊടുപുഴ നഗരസഭ, തൊടുപുഴ, ഇളംദേശം എന്നീ 2 ബ്ലോക്കു പഞ്ചായത്തുകൾ, ടി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തു ഉൾപ്പെടുന്നു 13 ഗ്രാമ പഞ്ചായത്തുകൾ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടി 30.1.09 ന് തൊടുപുഴ മുൻസിപ്പൽ ഹാളിൽ വച്ച് ജാഗ്രതാ സമിതി പരിശീലന ഏകദിന ശിൽപശാല നടത്തി. 209 പേർ പങ്കെടുത്തു. 487 പേർ പങ്കെടുത്തു.

6 വയനാട് ജില്ലയിലെ കല്ലറ നഗരസഭ മാനന്തവാടി, കൽപ്പറ്റ, സുൽത്താൻ ബത്തേരി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടി 16.12.2008 കൽപ്പറ്റ ടൗൺ ഹാളിൽ വച്ച് ജാഗ്രതാ സമിതി പരിശീലന ഏകദിന ശിൽപശാല നടത്തി. 209 പേർ പങ്കെടുത്തു. 125 പേർ പങ്കെടുത്തു.

7 വയനാട് ജില്ലയിലെ 25 ഗ്രാമ പഞ്ചായത്തുകൾ വയനാട് ജില്ല ഗ്രാമ പഞ്ചായത്ത് എന്നീ തദ്ദേശ സ്വംയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടി 12.3.2009 ന് കൽപ്പറ്റ മുൻസിപ്പൽ ടൗൺ ഹാളിൽ വച്ച് ജാഗ്രതാ സമിതി പരിശീലന ഏകദിന ശിൽപശാല നടത്തി. 209 പേർ പങ്കെടുത്തു. 360 പേർ പങ്കെടുത്തു.

**ആകെ പങ്കെടുത്തവർ - 2194**

# അദ്ധ്യായം IX

## കലാലയജ്യോതി

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ദിച്ചു വരുന്നു ഈ സാഹചര്യത്തിൽ സ്ത്രീകൾക്കായുള്ള നിയമങ്ങളെക്കുറിച്ചു കേരളത്തിലെ സ്ത്രീകളെ ബോധവതികളാക്കുക എന്നതു ഒരു അനിവാര്യ ഘടകമാണ്. അതിനു ആദ്യം ചെയ്യേണ്ടതു സ്കൂൾ കോളേജ് തലം മുതലുള്ള ബോധവത്കരണമാണ്.

കലാലയ ജ്യോതി എന്ന പേരിൽ കേരളത്തിലെ വിവിധ കോളേജ് സ്കൂൾ തലത്തിൽ താഴെ കാണും വിധം നിയമബോധവത്കരണ ക്ലാസുകൾ നടത്തുകയും വനിതാകമ്മീഷൻ നിർമ്മിച്ച പുതുവഴിക്കീപൂച്ചെണ്ട്, ഛായാമുഖി എന്നീ ഹ്രസ്വ ചിത്രങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്തു. പെൺകുട്ടികൾ മൊബൈൽ ഫോണിലൂടെ എങ്ങനെ ചതിക്കുഴിയിൽ വീഴുന്നു, കുഞ്ഞുങ്ങൾ ലൈംഗികപീഡനത്തിനിരയാകാതെ അവരെ എങ്ങനെ വളർത്തണം, ജോലി സ്ഥലത്തെ ലൈംഗീക പീഡനം എങ്ങനെ തടയാം സീരിയൽ ഭ്രമം പിടിച്ചു പെൺകുട്ടികൾ പോകുമ്പോൾ ഉണ്ടാകുന്ന അസുഖകരമായ സ്ഥിതി വിശേഷം പെൺകുട്ടികൾ എങ്ങനെ നേരിടണം, വിവാഹ ധൂർത്തിന്റെ ദുരന്തം ഇവ കാണിക്കുന്നതാണ് ഹ്രസ്വ ചിത്രങ്ങൾ.

**ചെയർപേഴ്സൻ** **ജസ്റ്റിസ്. ഡി.ശ്രീദേവി**

1 7.7.2008 ന് ഫാത്തിമാകോളേജ് കൊല്ലത്തു വച്ചു നടന്ന കലാലയജ്യോതിയിൽ 200 വിദ്യാർത്ഥികൾ പങ്കെടുത്തു.

2 2008 ഫെബ്രുവരി 18 ന് കോളേജിൽ വച്ചു നടന്ന കലാലയജ്യോതിയിൽ 400 വിദ്യാർത്ഥികൾ പങ്കെടുത്തു.

3 13.8.2008 കൊല്ലം എസ്.എൻ.കോളേജിൽ വച്ചു നടന്ന കലാലയജ്യോതിയിൽ 400 വിദ്യാർത്ഥികൾ പങ്കെടുത്തു.

4 26.8.2008 പോത്തൻകോട് ബി.എഡ്.കോളേജിൽ വച്ചു നടന്ന കലാലയജ്യോതിയിൽ 100 വിദ്യാർത്ഥികൾ പങ്കെടുത്തു.

5 29.8.2008 തിരുവനന്തപുരം വിമെൻസ് കോളേജിൽ വച്ചു നടന്ന കലാലയ ജ്യോതിയിൽ 400 വിദ്യാർത്ഥികൾ പങ്കെടുത്തു.

6 2.9.2008 നീറമൺകര എൻ.എസ്.എസ്.കോളേജിൽ വച്ചു നടന്ന കലാലയ ജ്യോതിയിൽ 850 വിദ്യാർത്ഥികൾ പങ്കെടുത്തു.

7 30.10.2008 ചേർത്തല എൻ.എസ്.എസ്. എസ്.എൻ.കോളേജിൽ വച്ചു നടന്ന കലാലയജ്യോതിയിൽ 400 വിദ്യാർത്ഥികൾ പങ്കെടുത്തു.

8 6.11.2008 ന് എസ്.എൻ കോളേജ് പുനലൂർ വച്ചു നടന്ന കലാലയജ്യോതിയിൽ 300 വിദ്യാർത്ഥികൾ പങ്കെടുത്തു.

9 3.11.2008 ന് വർക്കല ശ്രീനാരായണാ കോളേജിൽ വച്ചു നടന്ന കലാലയ ജ്യോതിയിൽ 350 വിദ്യാർത്ഥികൾ പങ്കെടുത്തു.

10 6.11.2008 പുനലൂർ ശ്രീനാരായണാ കോളേജിൽ വച്ചു നടന്ന കലാലയജ്യോതിയിൽ 300 വിദ്യാർത്ഥികൾ പങ്കെടുത്തു.

11 15.11.2008 എം.ജി.എം മോഡൽ സ്കൂളിൽ വച്ചു നടന്ന കലാലയജ്യോതിയിൽ 300 വിദ്യാർത്ഥികൾ പങ്കെടുത്തു.

12 19.11.2008 ന് എസ്.എം.വി.സ്കൂൾ, തിരുവനന്തപുരത്തു വച്ചു നടന്ന കലാലയജ്യോതിയിൽ 400 വിദ്യാർത്ഥികൾ പങ്കെടുത്തു.

13 15.12.2008 കാര്യവട്ടം യൂണിവേഴ്സിറ്റിയിൽ വച്ചു നടന്ന കലാലയജ്യോതിയിൽ 300 വിദ്യാർത്ഥികൾ പങ്കെടുത്തു.

14 19.12.2008 ഇരിങ്ങാലക്കുട ശ്രീനാരായണാ ഹയർസെക്കണ്ടറി സ്കൂളിൽ വച്ചു നടന്ന കലാലയജ്യോതിയിൽ 150 വിദ്യാർത്ഥികൾ പങ്കെടുത്തു.

15 5.1.2008 കൊല്ലം എസ്.എൻ കോളേജിൽ വച്ചു നടന്ന കലാലയജ്യോതിയിൽ 250 വിദ്യാർത്ഥികൾ പങ്കെടുത്തു.

16 15.12.2008, 16.12.2008 ന് കാര്യവട്ടം യൂണിവേഴ്സിറ്റിയിൽ യു.ജി.സി നടത്തിയ വർക്ക് ഷോപ്പിൽ നിയമ ബോധവത്കരണം നടത്തി.

17 9.1.2009 ന് വെഞ്ഞാറമൂട് ജനതാ ഹയർസെക്കന്ററി സ്കൂളിൽ വച്ചു നടന്ന കലാലയജ്യോതിയിൽ 300 വിദ്യാർത്ഥികൾ പങ്കെടുത്തു.

18 15.1.2009 ന് കോതമംഗലത്ത് എം.എസ്.ഡബ്ല്യൂ-വിന് പഠിക്കുന്ന വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള കലാലയ ജ്യോതിയിൽ 175 പേർ പങ്കെടുത്തു.

19 23.1.2009 ന് കൊല്ലം കെ.പി.എം.മോഡൽ സ്കൂളിൽ വച്ചു നടന്ന കലാലയജ്യോതിയിൽ 500 വിദ്യാർത്ഥികൾ പങ്കെടുത്തു.

20 28.1.2009 ന് ചെമ്പഴന്തി എസ്.എൻ.കോളേജിൽ വച്ചു നടന്ന കലാലയജ്യോതിയിൽ 2500 വിദ്യാർത്ഥികൾ പങ്കെടുത്തു.

21 30.1.2009 ന് ബേബി ജോൺ മെമ്മോറിയൽ കോളേജിൽ വച്ചു നടന്ന കലാലയജ്യോതിയിൽ 300 വിദ്യാർത്ഥികൾ പങ്കെടു

22 4.2.2009 ന് കൊല്ലം റ്റി.കെ.എം. കോളേജിൽ വച്ചു നടന്ന കലാലയജ്യോതിയിൽ 750 വിദ്യാർത്ഥികൾ പങ്കെടുത്തു.

23 6.2.2009 ന് അഞ്ചൽ സെന്റ് ജോർജ് ഹയർസെക്കന്ററി സ്കൂളിൽ വച്ചു നടന്ന കലാലയജ്യോതിയിൽ 225 വിദ്യാർത്ഥികൾ പങ്കെടുത്തു.

24 10.2.2009 ന് ചിറയിൻകീഴ് ശ്രീ.ശാരദവിലാസം ഹയർസെക്കന്ററി സ്കൂളിൽ വച്ചു നടന്ന കലാലയജ്യോതിയിൽ 225 വിദ്യാർത്ഥികൾ പങ്കെടുത്തു.

25 11.2.2009 ന് കഴക്കൂട്ടം വനിതാ ഐ.റ്റി.ഐ യിൽ വച്ചു നടന്ന കലാലയജ്യോതിയിൽ 300 വിദ്യാർത്ഥികൾ പങ്കെടുത്തു.

| ക്രമ നം. | തിയതി | | എണ്ണം |
|---|---|---|---|
| 1 | 28.2.2009 | കോഴിക്കോട് ഗവ. വനിതാ പോളീടെക്നിക്കൽ | 200 |
| 2 | 5.12.2008 | ചിറ്റൂർ ഗവ. കോളേജ് | 200 |
| 3. | 22.1.2009 | എസ്.എൻ. കോളേജ്, ചേളന്നൂർ | 300 |

**പ്രൊഫ. മീനാക്ഷി തമ്പാൻ**

| ക്രമ നം. | തിയതി | മേഖല | പങ്കെടുത്ത കുട്ടികളുടെ എണ്ണം |
|---|---|---|---|
| 1 | 26.2.2009 | ആലപ്പുഴ ഗവ. മുഹമ്മദൻസ് ബോയ്സ് ഹൈസ്കൂൾ | 120 |
| 2. | 21.2.2009 | ആലപ്പുഴ സെന്റ് ജോസഫ്സ് ഗേൾസ് | 150 |
| 3 | 24.2.2009 | റ്റി.ടി. ഹൈസ്കൂൾ, ആലപ്പുഴ | 150 |
| 4 | 21.2.2009 | തിരുവമ്പാടി ഹൈസ്കൂൾ, ആലപ്പുഴ | 200 |
| 5 | 20.2.2009 | ആലപ്പുഴ ജനത് സ്കൂൾ | 130 |
| 6 | 21.2.2009 | ഗവ. മുഹമ്മദൻസ് ഗേൾസ് ഹൈസ്കൂൾ ആലപ്പുഴ | 160 |

**മെമ്പർ ശ്രീമതി പി.കെ. സൈനബ**

| ക്രമ നം. | തിയതി | മേഖല | പങ്കെടുത്ത കുട്ടികളുടെ എണ്ണം |
|---|---|---|---|
| 1 | 20.2.2008 | ഒറ്റപ്പാലം എൻ.എസ്.എസ്. കോളേജ് | 200 |
| 2. | 5.12.2008 | ചിറ്റൂർ ഗവ. കോളേജ് | 500 |
| 3. | 9.12.2008 | ആലത്തൂർ, എസ്.എൻ.കോളേജ് | 400 |
| 4. | 3.12.2008 | ചേർപ്പുള്ളശ്ശേരി ഗവ. ഹയർ സെക്കണ്ടറി സ്കൂൾ | 400 |
| 5. | 3.12.2008 | നിർമ്മലാഭവൻ ഗവ. ഹയർസെക്കണ്ടറി സ്കൂൾ | 350 |
| 6. | 23.1.2009 | എരുമുണ്ടയിൽ കെ.പി.സ്കൂൾ | 400 |
| 7. | 24.2.2009 | നിലമ്പൂർ കോളേജ് | 400 |
| 8. | 25.2.2009 | വാളഞ്ചേരി ആർ.എം.ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് | 98 |

| | | | |
|---|---|---|---|
| 9. | 4.5.2009 | നിലമ്പൂർ കോ-ഓപ്പറേറ്റീവ് കോളേജ് | 300 |
| 10. | 3.2.2009 | ചുങ്കത്തറ ഗവ. ഹയർ സെക്കന്ററി സ്കൂൾ | 400 |
| 11 | 9.1.2009 | ഒറ്റപ്പാലം എൻ.എസ്.എസ്. ട്രെയിനിംഗ് കോളേജ് | 280 |
| 12 | 18.11.2008 | തുഞ്ചൻ മെമ്മോറിയൽ ഗവ. കോളേജ് | 400 |
| 12 | 19.3.2009 | കോഴിക്കോട് സർവ്വകലാശാല | 103 |

**ആകെ പങ്കെടുത്തവർ 4231**

**മെമ്പർ പ്രൊഫ. രുഗ്മിണി ഭാസ്കരൻ**

| **ക്രമ നം.** | **തിയതി** | **മേഖല** | **പങ്കെടുത്ത കുട്ടികളുടെ എണ്ണം** |
|---|---|---|---|
| 1 | 10.12.2008 | | 200 |
| 2 | 11.12.2008 | സെന്റ് മേരീസ് കോളേജ് സുൽത്താൻ ബത്തേരി | 300 |

# അദ്ധ്യായം - X

## കമ്മീഷന്റെ മറ്റു ജീവകാരുണ്യ പ്രവർത്തനങ്ങൾ

## തിരുവനന്തപുരം ചെയർപേഴ്സൻ

1) ഊമയും ബധിരയുമായ സ്ത്രീയെ തേമ്പാംമൂട് സഹദേവൻ എന്ന സാമൂഹ്യ പ്രവർത്തകന്റെ സഹായത്തോടെ വനിതാകമ്മീഷനിലെത്തിക്കുകയും ഊമയായ സഹോദരനാലും രോഗിയായ അച്ഛനാലും സംരക്ഷണം കിട്ടാതെ വീട്ടു ജോലിക്കു നിന്ന ഇന്ദിരയെ ജോലിചെയ്ത പൈസകൊടുക്കാതെ വീട്ടുടമ പീഡിപ്പിക്കുകയായിരുന്നു. അവരെ വനിതാകമ്മീഷനിലെത്തിക്കുകയും ഇന്ദിരയെ വനിതാകമ്മീഷന്റെ ഷോർട്ട് സ്റ്റേ ഹോമിൽ താമസിക്കുകുയം ചെയ്തു.

2) പവിത്രേശ്വരത്തു താമസിക്കുന്ന ടിൻസി എന്ന ഡോക്ടറെ അവരുടെ പ്രണയബന്ധം അറിഞ്ഞ വീട്ടുകാർ വീട്ടുതടങ്കലിൽ പാർപ്പിക്കുകയായിരുന്നു. രാത്രിയിൽ ചെയർപേഴ്സനെ മൊബൈൽ മെസേജിലൂടെ കാര്യങ്ങൾ അറി

യിക്കുകയും ചെയർപേഴ്സൻ അന്വേഷണ ചുമതല പോലീസ് കോൺസ്റ്റ ബിൾ വിജുവിനെ ഏൽപ്പിക്കുകയും ചെയർപേഴ്സൻ ടിൻസിയുടെ വീട്ടു കാരുമായി സംസാരിക്കുകയും വിവാഹത്തിനുള്ള തീരുമാനം എടുപ്പിക്കു കയും ചെയ്തു.

3) എറണാകുളത്തു താമസിക്കുന്ന പ്രിൻസി വില്യംസിനെ അവളുടെ പ്രണയബന്ധം അറിഞ്ഞ വീട്ടുകാർ വീട്ടുതടങ്കലിൽ പാർപ്പിക്കുകയായിരു ന്നു. അവർ വനിതാകമ്മീഷനിൽ പരാതി നൽകി. ചെയർപേഴ്സൻ അന്വേ ഷണ ചുമതല പോലീസ് കോൺസ്റ്റബിൾ വിജുവിനെ ഏൽപ്പിക്കുകയും ചെയർപേഴ്സൻ പ്രിൻസിയുടെ വീട്ടുകാരുമായി സംസാരിക്കുകയും വിവാ ഹത്തിനുള്ള തീരുമാനം എടുപ്പിക്കുകയും ചെയ്തു.

4) സ്വന്തം പുരയിടത്തിന്റെ കിണറ്റിൽ വീണു മരണപ്പെട്ട 35 വയസ്സുള്ള ചന്ദ്രി കയുടെ മരണം ദുരൂഹസാഹചര്യത്തിലാണെന്നു പത്രവാർത്ത കാണുകയും കേസ്സു ചെയർപേഴ്സൻ ഇടപെട്ട് ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കുകയും ചെയ്തു.

5) പേരൂർക്കട എന്ന സ്ഥലത്ത് തെരുവിൽ താമസിച്ചുവന്ന ത്രേസ്യ എന്ന 65 വയസ്സുള്ള സ്ത്രീയും ചെറുമകൻ അപ്പുവും (5 വയസ്സ്) ധരിക്കാൻ ഒരു വസ്ത്രമോ കഴിക്കാൻ ആഹാരമോ ഒന്നും അവർക്കുണ്ടായിരുന്നില്ല. രാവിലെ പൊതു സ്ഥലങ്ങളിൽ കുട്ടിയും അമ്മൂമ്മയും കൂടി ഭിക്ഷ യാചിച്ചു ഇറങ്ങും സ്കൂളിലെ ബെല്ലടിക്കുമ്പോൾ കൂടി അമ്മൂമയുടെ കൈവിട്ട് സ്കൂളിലേക്ക് ഓടി പോകുമായിരുന്നു. സന്ധ്യയാകുമ്പോൾ രണ്ടുപേരുംകൂടി സ്ഥിരം സ്ഥല ത്തെത്തുകയും ബേക്കറിയുടെ വെളിച്ചത്തിൽ അവൻ പഠിക്കുകയും ചെയ്തു വന്നിരുന്നു. പത്രറിപ്പോർട്ട് വന്നതനുസരിച്ച് വനിതാ കമ്മീഷനിലെത്തിക്കു കയും രണ്ടു പേരെയും മഹിളാസമഖ്യ നടത്തുന്ന ഷോർട്ട് സ്റ്റേ ഹോമിൽ താമസിപ്പിക്കുകയും കുട്ടിയെ സ്കൂളിൽ അഡ്മിറ്റു ചെയ്യുകയും ചെയ്തു.

6) തിരുവനന്തപുരം പാപ്പനംകോട് ബിജുഭവനിൽ അഡ്വ. ബിന്ദു എന്ന യുവതി ആനന്ദുമായി പ്രണയത്തിലാകുകയും ഇതറിഞ്ഞ ബിന്ദുവിന്റെ വീട്ടുകാർ അവളെ അതിൽനിന്നും പിൻതിരിപ്പിക്കുകയും അയാൾക്ക് നേരെ വധഭീ ഷണി മുഴക്കുകയും ചെയ്തു ഒടുവിൽ വിവാഹം കഴിപ്പിച്ചുതരണമെന്നാവ ശ്യപ്പെട്ടു. അവൾ വനിതാകമ്മീഷനിലെത്തുകയും വനിതാകമ്മീഷൻ ഇട പെട്ട് വീട്ടുകാരാൽ പീഡിപ്പിക്കപ്പെടുന്ന അവൾക്കു വനിതാകമ്മീഷന്റെ ഷോർട്ട് സ്റ്റേ ഹോമിൽ അഭയം നൽകുകയും രണ്ട് ദിവസങ്ങൾക്കുശേഷം ഇരുവരെയും വനിതാകമ്മീഷൻ വച്ചു വിവാഹം കഴിപ്പിക്കുകയും ചെയ്തു.

7) 12 വയസ്സുമുതൽ പിതാവിനാൽ പീഢിപ്പിയ്ക്കപ്പെട്ടിരുന്ന റഹ്നാസ് എന്ന പെൺകുട്ടിയും രണ്ട് അനുജത്തിമാരും ഒരു അനുജനും അച്ഛനും അമ്മയും അടങ്ങിയതായിരുന്നു റഹ്നാസിന്റെ കുടുംബം. അച്ഛനാൽ പീഢിപ്പിക്കപ്പെ

ടുന്ന സമയത്തെല്ലാം അമ്മയോടു പറഞ്ഞാൽ അച്ഛൻ ആത്മഹത്യ ചെറുക്കുമെന്നും അമ്മയെയും അനുജത്തിമാരെയും കൊല്ലുമെന്നും ഭീക്ഷണിപ്പെടുത്തി. അച്ഛനുൾപ്പെടെ 12 പേർ റഹ്നാസിനെ പീഢിപ്പിച്ചു. വനിതാ കമ്മീഷൻ മെമ്പറായ ശ്രീമതി ടി. ദേവി മുഖേന വനിതാകമ്മീഷനിലേക്ക് കൂട്ടികൊണ്ടുവരികയും റഹ്നാസിനെയും സഹോദരിമാരെയും മഹിളാസമഖ്യാ സൊസൈറ്റിയുടെ കീഴിലുള്ള സമഖ്യാശിക്ഷൺ കേന്ദ്രത്തിൽ വിദ്യാഭ്യാസത്തിനായി പ്രവേശനം നൽകുകയും അമ്മയെയും അനുജനെയും സമഖ്യാ സൊസൈറ്റിയുടെ കീഴിലുള്ള സ്റ്റേ ഹോമിലും താമസിപ്പിച്ചു.

8) അയൽവാസിയായ ചെറുപ്പക്കാരനാൽ പീഡിപ്പിക്കപ്പെട്ട ആമിനാ എന്ന പെൺകുട്ടി സ്കൂളിൽ പോകുന്ന വഴി അയൽവാസിയായ ചെറുപ്പക്കാരനും മറ്റു 18 പേരും ചേർന്ന് ആമിനയെ തട്ടികൊണ്ടുപോകുകയും ഒരാഴ്ചയ്ക്കു ശേഷം കോഴിക്കോട് സ്റ്റാന്റിൽ ഉപേക്ഷിക്കുകയും ചെയ്തു. വനിതാകമ്മീഷൻ മെമ്പർ ശ്രീമതി പി.കെ. സൈനബ ഇടപ്പെട്ടു വനിതാകമ്മീഷനിലെത്തിക്കുകയും മഹിളാസമഖ്യാ സൊസൈറ്റിയുടെ കീഴിലുള്ള സമഖ്യാശിക്ഷൺ കേന്ദ്രത്തിൽ വിദ്യാഭ്യാസത്തിനായി പ്രവേശനം നൽകുകയും ചെയ്തു.

9) ബി.എഡും സൈറ്റും പാസ്സായ സുലജകുമാരിയെ ജോലിക്കു പോകാനനുവദിക്കാതെയും വീട്ടിൽ പീഡിപ്പിച്ചും കഴിഞ്ഞു വരികയായിരുന്നു. സഹോദരന്മാരാലും അമ്മയാലും പീഡിപ്പിക്കപ്പെട്ട അവളെ ഭ്രാന്തിയാക്കി മെന്റൽ ഹോസ്പിറ്റലിലേക്കു കൊണ്ടുപോകുകയും അവിടെ വച്ചു അടുത്തു നിന്ന സഹോദരിയുടെ മകന്റെ കയ്യിൽ നിന്നും മൊബൈൽ ഫോൺ പിടിച്ചു വാങ്ങിക്കൊണ്ട് കോട്ടയം അഡ്വ. സേതുലക്ഷ്മിയെ വിവരം അറിയിക്കുകയും അവർ മഹിളാ സംഘടനയെ വിവരം അറിയിക്കുകയും ചെയ്തു. സംഘടനയിലെ ആൾക്കാർ അവിടെ നിന്നും അവളെ രക്ഷിക്കുകയും ഉണ്ടായി. പിന്നീട് വനിതാകമ്മീഷനിലെത്തിയ സുലജകുമാരിക്കു വീട്ടിൽ നിന്നു സർട്ടിഫിക്കറ്റ്സ് എല്ലാം എടുക്കുന്നതിനായി സ്ഥലം പോലീസ് സ്റ്റേഷനിൽ അറിയിച്ചു. സുലജകുമാരിക്കു ഡ്രസ്സും സർട്ടിഫിക്കറ്റു എടുക്കുവാനുള്ള വഴി വനിതാകമ്മീഷൻ ഇടപെട്ട് ഉണ്ടാക്കി കൊടുക്കുകയും ചെയ്തു. അതു വഴി അവർക്ക് പെട്ടെന്ന് തന്നെ ജോലി ലഭിക്കുകയും ചെയ്തു. പിന്നീട് വീട്ടിലുണ്ടായിരുന്ന അവളുടെ കൈനറ്റിക്ഹോണ്ട എടുക്കുന്നതിനായി ചെന്നപ്പോൾ സഹോദരന്മാർ അതു നശിപ്പിക്കുകയും അതിന്റെ കേസ് നില നിൽക്കുന്നതുമാകുന്നു.

11) വെറും 350 രൂപ മാത്രം ചിലവാക്കി 9 പേരെ മാത്രം ക്ഷണിച്ചു കല്യാണം നടത്തിയ ദീപക്കിനും റാണിക്കും വളരെ ലളിതമായ രീതയിൽ വിവാഹം കഴിച്ചതിനു അവരെ അന്താരാഷ്ട്ര വനിതാദിനത്തിൽ വിളിച്ചു ആദരിക്കുകയുണ്ടായി. ലളിതമായ വിവാഹം പ്രചരിപ്പിക്കാൻ വനിതാകമ്മീഷനു കഴിഞ്ഞു.

# Distress Relief Fund

2008 – 09 കാലയളവിൽ Distress Relief Fund – ലേക്ക് 30,000/– രൂപ താഴെ വിവരിക്കുംപ്രകാരം ലഭിച്ചിട്ടുണ്ട്.

1. Cheque No.552681 dtd.03.02.2009
   Rs.20,000.00
   Dr. M.V. Joseph, Chief Ex. Officer, Cochin Chilled Foundation, Cochin.

2. D.D. No.549192 dtd.21.03.2009
   Rs.10,000.00
   Amount contributed by the staff of SBT Main Branch, Trivandrum.

2008–09 കാലയളവിൽ 3000/– രൂപ സഹായധനമായി ശ്രീമതി കുമുദം, താഴത്തു വീട്, കല്ലായി പി.ഒ. കോഴിക്കോട് എന്നിവർക്ക് നൽകിയിട്ടുണ്ട്.

## അദ്ധ്യായം – XI

### ഗവേഷണപഠനങ്ങൾ

സ്ത്രീകളെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ വിശദമായ പഠനം നടത്തി ഗവൺമെന്റിന് ശുപാർശ നൽകുക എന്നത് വനിതാ കമ്മീഷനിൽ നിക്ഷിപ്തമാക്കിയ ചുമതലകളിലൊന്നാണ്. റിപ്പോർട്ട് വർഷം വനിതാ കമ്മീഷൻ താഴെപ്പറയുന്ന വിഷയങ്ങളിൽ പഠനം നടത്തുകയും ഗവൺമെന്റിന് ശുപാർശ സമർപ്പിക്കുകയുമുണ്ടായി.

1. കെട്ടിട നിർമ്മാണമേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെ പ്രശ്നങ്ങൾ
2. കുടുംബശ്രീ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെ പ്രശ്നങ്ങൾ
3. കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെ സാമൂഹ്യ സാമ്പത്തികാവസ്ഥ – പാലക്കാട്ടെയും കുട്ടനാട്ടെയും തെരഞ്ഞെടുത്ത മേഖലയിൽ നടത്തിയ പഠനം.
4. പ്രവാസികളുടെ ഭാര്യമാരുടെ / സ്ത്രീകളുടെ സാമൂഹ്യ സാമ്പത്തിക പ്രശ്നങ്ങൾ.
5. വനിതാഘടക പദ്ധതി പോരായ്മയും പരിഹാരമാർഗ്ഗങ്ങളും
6. ബലാൽസംഗത്തിനു വിധേരായവരുടെ ശേഷകാല ജീവിതം – പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും.
7. സ്വകാര്യമേഖലയിലെ നേഴ്സുമാർ അനുഭവിക്കുന്ന വിവിധ സാമൂഹിക സാമ്പത്തക പ്രശ്നങ്ങൾ.

8. ഐ.ടി. മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെ സാമൂഹ്യ-ആരോഗ്യ പ്രശ്നങ്ങൾ.

9. അവിവാഹിതരായി തുടരുന്ന സ്ത്രീകളുടെ പ്രശ്നങ്ങൾ - പരിഹാരമാർഗ്ഗ ങ്ങൾ.

10. വനിതാ രാഷ്ട്രീയ പ്രവർത്തകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ.

മേൽ വിഷയങ്ങൾ സംബന്ധിച്ചു നടത്തിയ പഠനത്തിന്റെ കണ്ടെത്തലും ഗവൺമെന്റിനു സമർപ്പിച്ച ശുപാർശയും താഴെ കൊടുക്കുന്നു.

**1. കെട്ടിട നിർമ്മാണത്തൊഴിൽ മേഖലയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ**

കാർഷിക മേഖലയിലെ തൊഴിലില്ലായ്മയും വരുമാനക്കുറവും കെട്ടിട നിർമ്മാണ മേഖലയിലെ തൊഴിൽ ലഭ്യതയും വരുമാനക്കൂടുതലും ആണ് ആയാസമേറിയ ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നതിന് സ്ത്രീകളെ ആകർഷിക്കുന്നത്.

**ലക്ഷ്യം**

കെട്ടിട നിർമ്മാണ തൊഴിൽ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളുടെ പ്രശ്നങ്ങൾ അറിയുക, അവർക്കു പരിഹാരം നിർദ്ദേശിക്കുക.

**കണ്ടെത്തലുകൾ**

200 പേരെയാണ് പഠനത്തിനായി തെരഞ്ഞെടുത്തത്. പ്രത്യേക തൊഴിൽ പരിശീലനമൊന്നും നേടാത്തവർ ആണ് ഈ മേഖലയിൽ പ്രവർത്തിയെടുക്കാൻ വരുന്ന സ്ത്രീകൾ. തലച്ചുമട് എടുക്കുക, കോൺക്രീറ്റ് മിശ്രിതമുണ്ടാക്കുക, പണി സ്ഥലം വൃത്തിയാക്കൽ തുടങ്ങിയവയാണ് സാധാരണ ജോലി. യന്ത്രവൽക്കരണവും കുറഞ്ഞകൂലിക്ക് അന്യസംസ്ഥാനക്കാർ ജോലിചെയ്യാൻ തയ്യാറാണെന്നതും തൊഴി ലിന് ഭീഷണിയുയർത്തുന്നുണ്ട്. ശക്തമായ ട്രേഡ് യൂണിയൻ പ്രവർത്തനം നട ക്കുന്ന മേഖലയാണ് ഇത്, വിശേഷിച്ച് എറണാകുളത്ത്. യൂണിയനിൽ ചേർന്നി ട്ടുള്ള തൊഴിലാളികൾക്കും അല്ലാത്തവർക്കും തമ്മിൽ വേതനത്തിൽ വ്യത്യാസം നിലനിൽക്കുന്നുണ്ട്.

2 വർഷത്തോളം നീണ്ടു നിൽക്കുനന നിർമ്മാണ പ്രവർത്തനമാണെങ്കിലും അവിടെയൊന്നും (ഓരോ പ്രദേശത്തും 15 പേരിലധികം സ്ത്രീകൾ ജോലിയെടു ക്കുന്നുണ്ട്). ആവശ്യത്തിന് കക്കൂസോ വിശ്രമ സൗകര്യമോ ഡ്രസ് മാറാനുള്ള സൗകര്യമോ ഇല്ല. ഹെൽമെറ്റ്, തുടങ്ങിയ സുരക്ഷാ ഉപകരണങ്ങൾ നൽകുന്നി ടത്തു പോലും തൊഴിലാളികൾ അവ ഉപയോഗിക്കാറില്ല. കൈക്കുഞ്ഞുങ്ങളുമായി ജോലിക്കു വരുന്ന അമ്മമാർക്ക് ക്രഷുകൾ ഇല്ലാത്തത് പ്രശ്നമാകുന്നുണ്ട്. തുല്യ ജോലി ചെയ്യുന്ന പുരുഷനേക്കാൾ കുറഞ്ഞ കൂലിയാണ് സ്ത്രീകൾക്ക് ഇവിടെ

കിട്ടുന്നത്. അധികജോലി ചെയ്യുന്നവർക്ക് അധികവേതനം കിട്ടുന്നില്ല. തന്നെയുമല്ല. സഹായിയായിട്ടല്ലാതെ പ്രധാന ജോലിക്കാരിയായി നിയമിക്കുന്നുമില്ല.

**ശുപാർശകൾ**

1. *തൊഴിൽ വകുപ്പുദ്യോഗസ്ഥരുടെ പരിശോധന കെട്ടിട നിർമ്മാണ തൊഴിൽ സ്ഥലങ്ങളിൽ ഉറപ്പു വരുത്തുക.*
2. *കെട്ടിടനിർമ്മാണ തൊഴിലിടങ്ങളിൽ സ്ത്രീ തൊഴിലാളികൾക്ക് പ്രാഥമിക സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് ജില്ലാ ലേബർ ഓഫീസർമാർക്ക് (DLO) നിർദ്ദേശം നൽകുക.*
3. *DLO മാർ വ്യവസായികാവശ്യത്തിനുള്ള കെട്ടിട നിർമ്മാണ തൊഴിൽ സ്ഥലങ്ങളിൽ സന്ദർശിച്ച് സുരക്ഷ ഉറപ്പാക്കുക.*
4. *സമാന തൊഴിൽ ചെയ്യുന്ന പുരുഷന്മാർക്കും സ്ത്രീകൾക്കും തുല്യവേതനം ലഭ്യമാകുന്നുണ്ടെന്ന് DLO മാർ ഉറപ്പാക്കുവാൻ നിർദ്ദേശം നൽകണം.*
5. *കെട്ടിട നിർമ്മാണ മേഖലയിലെ സാങ്കേതിക തൊഴിലുകളിൽ പരിശീലനം നൽകി താൽപ്പര്യവും കഴിവുള്ള സ്ത്രീകളെ വിദഗ്ധ തൊഴിലാളികളായി മാറ്റി തൊഴിൽ ഉറപ്പു വരുത്താൻ DLO മാർക്ക് നിർദ്ദേശം നൽകണം.*

**2. കുടുംബശ്രീ യൂണിറ്റുകളിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെ പ്രശ്നങ്ങൾ**

സ്വയം സഹായസംഘങ്ങളിലൂടെ സ്ത്രീകൾക്ക് സാമ്പത്തിക വികസനവും, അധികാരവും സാമൂഹ്യാംഗീകാരവും നേടിക്കൊടുത്തതിന്റെ ചരിത്രമാണ് കുടുംബശ്രീ പ്രസ്താനങ്ങൾക്കുള്ളത്. കൊച്ചു കൊച്ചു സ്വയംസഹായ സംഘങ്ങളിലൂടെ സമൂഹത്തിനും സംഘാങ്ങൾക്കും പുരോഗതി കൈവരിക്കാൻ കഴിഞ്ഞതിന്റെ തെളിവുകളാണ് കുടുംബശ്രീ യൂണിറ്റുകളുടെ വിജയഗാഥ.

**ലക്ഷ്യം**

കുടുംബശ്രീ യൂണിറ്റുകളിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെ പ്രശ്നങ്ങൾ അറിയുന്നതിനും അവയ്ക്ക് പരിഹാരം നിർദ്ദേശിക്കുന്നതിനുമായിട്ടാണ് ഈ പഠനം വനിതാകമ്മീഷൻ നടത്തിയിട്ടുള്ളത്. ഗ്രാപ്രദേശങ്ങളിൽ നിന്നുള്ള 500 പേരും നഗരസഭാപ്രദേശങ്ങളിലുള്ള 250 പേരും ആണ് പഠനത്തിൽ പങ്കെടുത്തത്.

**കണ്ടെത്തലുകൾ**

പഠനത്തിൽ പങ്കെടുത്തവരിൽ 60% പേരും 30–50 പ്രായപരിധിയിൽപ്പെടുന്നവരാണ്. 96% പേരും വിവാഹിതരാണ്. (16% പേർ വിധവകളോ വേർപിരിഞ്ഞവരോ ആണ്). നഗരപ്രദേശങ്ങളിൽ ഉള്ള കുടുംബശ്രീ യൂണിറ്റുകളുടെ മുഖ്യപ്രവർത്തനം ഖരമാലിന്യ നിർമ്മാർജ്ജനമാണ്. അതിൽതന്നെ മറ്റൊരു പ്രധാന കണ്ടെ

ത്തിൽ പട്ടികജാതി-വർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരാണീ തൊഴിലിൽ കൂടുതലായിട്ട് ഏർപ്പെട്ടിരിക്കുന്നതെന്നാണ്. ഇത് മറ്റൊരു ദുസ്ഥിതിയെയാണ് സൂചിപ്പിക്കുന്നത്. തൊഴിലിന്റെ മാന്യതയും, വരുമാനവും അടിസ്ഥാനമാക്കിയുള്ള ജാതിവ്യവസ്ഥയുടെ കരാളഹസ്തത്തിൽ നിന്നും പട്ടികജാതിക്കാർക്കിന്നും മോചനം കിട്ടിയിട്ടില്ല എന്നത്. കുടുംബശ്രീ അംഗങ്ങ്ഹളുടെ വരുമാനം പരിശോധിക്കുമ്പോൾ ശരാശരി 4 അംഗങ്ങളുള്ള ഒരു കുടുംബത്തിന് 1200-1500 രൂപയാണ് പ്രതിമാസ വരുമാനം എന്നു കാണുന്നു. അതായത് ദാരിദ്ര്യത്തിൽ നിന്നും മോചനം നേടാൻ ഈ പരിപാടി ഒരളവുവരെയേ സഹായിക്കുന്നുള്ളൂ. ആധുനിക ആഗോളവൽക്കരണകാലത്ത് തൊഴിൽപരമായ ഔന്നത്യം എല്ലാ തൊഴിലെടുക്കുന്നവർക്കും ലഭ്യമാകണം. ആരോഗ്യത്തിന് ഹാനികരമായ സാഹചര്യത്തിലാണ് ഖരമാലിന്യ നിർമ്മാർജ്ജനത്തിൽ ഏർപ്പെട്ടിരിക്കുന്നവർ ജോലി ചെയ്യുന്നത്. അതിനാൽ അവർക്ക് മെച്ചപ്പെട്ട പ്രതിഫലവും ആനുകൂല്യങ്ങളും ലഭ്യമാകണം.

കുടുംബശ്രീ യൂണിറ്റുകളുടെ അംഗങ്ങളെക്കുറിച്ചു പരിശോധിച്ചാൽ മനസ്സിലാകുന്നത് 30% പേർ മാത്രമാണ് സജീവാംഗങ്ങൾ എന്നതാണ്. ഭൂരിപക്ഷം വരുന്ന 70% പേരും ഇത്തരം ജോലി ചെയ്യാൻ താല്പര്യമില്ലാത്തവരും, എന്തെങ്കിലും സാമ്പത്തികാനുകൂല്യങ്ങൾ വായ്പ തുടങ്ങിയവ കിട്ടുമെങ്കിൽ അത് പ്രയോജനപ്പെടുത്താം എന്ന ലക്ഷ്യത്തിൽ സംഘത്തിൽ തുടരുന്നവരുമാണ്.

പട്ടണത്തെ അപേക്ഷിച്ച് ഗ്രാമപ്രദേശത്ത് പ്രവർത്തകർക്ക് കൂടുതൽ അംഗീകാരം കിട്ടുന്നതായി പഠനത്തിൽ കണ്ടു. മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്നവർക്ക് ത്വക് രോഗങ്ങൾ പിടിപെടാനുള്ള സാദ്ധ്യത കൂടുതലാണ്. ഭൂരിഭാഗം പേർക്കും നിയമപരമായ കാര്യങ്ങളെക്കുറിച്ച് ധാരണയില്ല എന്നും സർക്കാരിന്റെ മറ്റു ഏജൻസികളിൽ നിന്നും ലഭിക്കുന്ന സാമ്പത്തികസഹായങ്ങളെക്കുറിച്ച് അറിവില്ല എന്നും പഠനത്തിൽ നിന്നും വ്യക്തമായി. ഏങ്കിലും 95% പേരും ഈ പ്രവൃത്തിയിൽ തൃപ്തരാണ്.

### ശുപാർശകൾ

1. പൊതുസ്ഥല ശുചീകരണം ഉൾപ്പെടെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനത്തിലേർപ്പെടുന്നവരുടെ മക്കൾക്ക് സ്പെഷ്യൽ സ്കോളർഷിപ്പുകൾ ഏർപ്പെടുത്തണം.

2. മാലിന്യ നിർമ്മാർജ്ജനത്തിലേർപ്പെടുന്നവർക്ക് ഉയർന്ന ശമ്പളം/ വരുമാനം കിട്ടുന്നതിന് സർക്കാർ തലത്തിൽ നിർദ്ദേശം നൽകി. പ്രതിമാസം 5,000/- രൂപയെങ്കിലും വരുമാനം കിട്ടുന്ന വിധം മാലിന്യ നിർമ്മാർജ്ജനത്തിലെ നിരക്കുകൾ കാലാകാലങ്ങളിൽ വർദ്ധിപ്പിക്കണം. 5000 രൂപ തികയാത്ത തുക തദ്ദേശഭരണ സ്ഥാപനങ്ങൾ മാച്ചിംഗ് അലവൻസായി നൽകണം.

കുടുംബശ്രീ യൂണിറ്റുകൾ വഴിയുള്ള സബ്സിഡികളുടെ നിരക്ക് ഇവരെ ദാരിദ്ര്യരേഖ മറികടക്കാൻ പര്യാപ്തമാംവിധം ഇരട്ടിയായി വർദ്ധിപ്പിക്കണം.

## 3. കാർഷികമേഖലയിലെ വനിതാ തൊഴിലാളികളുടെ പ്രശ്നങ്ങൾ

താരതമ്യേന കുറഞ്ഞ വേതനം ലഭിക്കുന്നതും, എന്നാൽ ശാരീരികാദ്ധ്വാനവും ശ്രദ്ധയും ആവശ്യമുള്ളതുമായ തൊഴിൽ ആണ് കാർഷിക മേഖലയിൽ ഉണ്ടാകുന്നത്. നെൽകൃഷിയും മറ്റുമായി ബന്ധപ്പെട്ടു വരുമ്പോൾ ഇതിന്റെ തീവ്രത കൂടുമെന്നു കാണാം. ഭരണഘടന അനുവദിച്ചു തരുന്ന മാന്യമായി ജീവിക്കാനുള്ള അവകാശം ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കാർഷികമേഖലയിലെ തൊഴിൽകൊണ്ട് ബഹുഭൂരിപക്ഷം പേർക്കും കഴിയാറില്ല. അതിന്റെ തീവ്രത കൂടുതൽ അനുഭവിക്കേണ്ടി വരുന്നത് സ്ത്രീകൾക്കാണ്. ഈ സാഹചര്യത്തിലാണ് ഈ പഠനം നടത്താൻ വനിതാ കമ്മീഷൻ തയ്യാറായത്.

### ഉദ്ദേശലക്ഷ്യങ്ങൾ

കാർഷികമേഖലയിലെ തൊഴിലിന്റെ സ്വഭാവം, വരുമാനം, വനിതാ കർഷക തൊഴിലാളികളുടെ പ്രശ്നങ്ങ്ങൾ എന്തെല്ലാമെന്ന് പരിശോധിക്കുക. അവയ്ക്ക് പരിഹാരം നിർദ്ദേശിക്കുക എന്നിവയാണ് ഈ പഠനത്തിന്റെ ലക്ഷ്യങ്ങൾ.

ഈ പഠനത്തിനായി നെൽകൃഷി മേഖലയായ കുട്ടനാട്ടിലെ കൈനകിരി പഞ്ചായത്തിലെ 60 വീടുകളും, പാലക്കാട്ടെ മങ്കര ഗ്രാമപഞ്ചായത്തിലെ 60 വീടുകളും ആണ് തെരഞ്ഞെടുത്തത്.

### കണ്ടെത്തലുകൾ

1. സാമ്പത്തികശേഷി വളരെ കുറഞ്ഞ കുടുംബങ്ങൾ ആണ് കാർഷികമേഖലയിലേത്. സാമൂഹ്യമായി പിന്നോക്കം നിൽക്കുന്നവരുമാണ് കൂടുതലും ഈ മേഖലയിലെ തൊഴിലാളികൾ.

2. കാർഷികമേഖലയിലെ തൊഴിലാളികളാണെങ്കിലും സ്വന്തമായി കൃഷിസ്ഥലം ഇവർക്കില്ല. ഇവരുടെ തൊഴിൽ ദിനങ്ങൾ 5 മാസത്തേയ്ക്ക് 26 മുതൽ 40 വരെ മാത്രമാണ് ശരാശരി 70-80 രൂപയാണ് കൂലിയായി ലഭിക്കുന്നത്. എന്നാൽ 70-100 വരെ ആഹാരത്തിനായി ചെലവഴിക്കേണ്ടി വരുന്നുണ്ട്.

3. നിത്യചെലവുകൾ, കടം തീർക്കൽ, വീടുപണി, ചികിത്സ, വിവാഹം തുടങ്ങിയ ആവശ്യങ്ങൾക്ക് വേണ്ടി 1000 മുതൽ 2 ലക്ഷം രൂപ വരെ കടം വാങ്ങിയിട്ടുണ്ട്.

4. കുട്ടികൾക്ക് സ്കൂളിൽ നിന്നും ലഭിക്കുന്ന സൗജന്യ ഉച്ചഭക്ഷണം അനിവാര്യമാണ്. വീട്ടിൽ സാധാരണ ചോറും കഞ്ഞിയും ആണ് ഭൂരിഭാഗത്തിനും ആഹാരം.

5. സ്ഥിരമായ തൊഴിലും, മെച്ചപ്പെട്ട വരുമാനവും ഇല്ലാത്തതും, ചികിത്സ ചെയ്യാൻ സാമ്പത്തിക ശേഷിയില്ലായ്മ. പുരുഷന്മാരുടെ ഇടയിലെ മദ്യപാനം ഇവയൊക്കെയാണ് പ്രധാന പ്രശ്നങ്ങൾ. മഹാഭൂരിപക്ഷവും ദാരിദ്ര്യരേഖയ്ക്ക്

താഴെ വരുമാനം ഉള്ളവരാണ്. തൊഴിലുറപ്പു പദ്ധതി കൂടുതൽ വ്യാപകമാക്കണം. അതിലൂടെ പ്രതിദിനം 125 രൂപ കിട്ടുന്ന അവസ്ഥയിലേക്കു സ്ഥിതി മാറ്റാൻ കഴിയും.

6. വനിതാ തൊഴിലാളികളുടെ ഭർത്താക്കന്മാർ കൃഷിപ്പണിക്കു പുറമെ മത്സ്യബന്ധനം, നിർമ്മാണമേഖല, മറ്റു തൊഴിലുകൾ എന്നിവയിലേർപ്പെട്ടിരിക്കുന്നു. ശരാശരി 16–25 ദിവസം ജോലി കിട്ടും. ഭൂരിഭാഗം പേർക്കും ഈ മേഖലയിൽ തൊഴിലെടുക്കാൻ താല്പര്യമില്ല. ജീവിക്കാൻ വേണ്ട കൂലി കിട്ടില്ല എന്നതും സ്ഥിരമായ ജോലിയില്ല എന്നതുമാണ് പ്രധാന കാരണം. ശുദ്ധമായ കുടിവെള്ളം കിട്ടാത്തതും കക്കൂസുകളുടെ അഭാവവും ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാവുന്നുണ്ട്.

## ശുപാർശകൾ

1. തൊഴിലുറപ്പു പദ്ധതി. മറ്റു വികസന പദ്ധതികളുമായി ബന്ധിപ്പിച്ച് കൂടുതൽ വ്യാപകമാക്കി ഇവർക്ക് ഓരോ മാസവും 20 ദിവസമെങ്കിലും തൊഴിൽ ഉറപ്പാക്കുന്നതിന് ഉതകുന്നവിധം തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി ആസൂത്രണം ചെയ്യണം.

2. നെൽകൃഷിക്കു കൂടുതൽ സബ്സിഡി അനുവദിച്ച് നെല്ലുൽപ്പാദനത്തോടൊപ്പം തൊഴിലും, കൂലി-വരുമാനവും വർദ്ധിപ്പിക്കണം.

3. എല്ലാ വീടുകൾക്കും മെച്ചപ്പെട്ട ടോയ്‌ലറ്റ് സൗകര്യം ലഭ്യമാക്കണം.

4. സർക്കാർ/തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന ഭവന നിർമ്മാണ ധനസഹായ പദ്ധതി കാലോചിതമായി പരിഷ്ക്കരിക്കേണ്ടതുണ്ട്. മാന്യമായി ജീവിക്കുന്നതിന്, മൂന്നു മുറിയും ഹാളും, സിറ്റൗട്ടും വർക്ക് ഏരിയയും, അടുക്കളയും അറ്റാച്ച്ഡ് ടോയ്‌ലറ്റ് സൗകര്യവുമുള്ള കോൺക്രീറ്റു വീടുകൾക്ക് പ്ലാൻ തയ്യാറാക്കി അതിന് ആവശ്യമായ തുക ധനസഹായമായി നൽകണം.

5. കാർഷിക തൊഴിലാളികളുടെ 50,000/ രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളാൻ നടപടി സ്വീകരിക്കണം.

6. മിച്ചഭൂമി പതിച്ചു നൽകൽ, ഭൂമിയില്ലാത്തവർക്കു ഭൂമി നൽകൽ, ഭവന നിർമ്മാണ ധനസഹായം നൽകൽ തുടങ്ങിയ പദ്ധതികൾക്ക് കർഷക തൊഴിലാളികളായ വനിതകൾക്ക് മുൻഗണന നൽകണം.

7. ധനസഹായങ്ങൾ വഴി വാങ്ങുന്ന/ലഭ്യമാകുന്ന ഭൂമി വനിതകളുടെ പേരിൽത്തന്നെ രജിസ്റ്ററാക്കണം.

8. കാർഷിക ഉൽപ്പന്നങ്ങൾ, വ്യവസായിക ഉൽപ്പന്നങ്ങളാക്കി മാറ്റുന്ന ഘട്ടത്തിൽ ബന്ധപ്പെട്ട ജോലികൾ ചെയ്യാൻ കഴിയുംവിധം കർഷക തൊഴിലാ

ളികൾക്ക് തൊഴിൽ പരിശീലനം നൽകണം.

9. എല്ലാ കർഷക തൊഴിലാളി കുടുംബങ്ങൾക്കും മുൻഗണന നൽകി ശുദ്ധ ജലം ലഭ്യമാക്കണം.

10. ബി.പി.എൽ. കുടുംബങ്ങളിലുള്ള എല്ലാ അംഗങ്ങൾക്കും കൊതുകവല നൽകണം.

11. കീടനാശിനികൾ ധാരാളമായി ഉപയോഗിച്ചുള്ള കാർഷികരീതി ഇന്നും തുട രുന്നതിനാൽ ത്വക്ക് രോഗങ്ങളും മറ്റ് ആരോഗ്യ പ്രശ്നങ്ങളും ഈ തൊഴിൽ സാഹചര്യത്തിൽ പണിയെടുക്കുന്നവർക്ക് ഉണ്ടാകുന്നുണ്ട്. അതിനാൽ ആരോഗ്യസുരക്ഷാ മാർഗ്ഗങ്ങൾ (റബ്ബർ കയ്യുറകൾ, കാലുറകൾ തുടങ്ങിയ വ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കർഷകതൊഴിലാളി സ്ത്രീകൾക്ക് സൗജന്യമായി നൽകണം. കർഷകതൊഴിലാളികളായ സ്ത്രീകളുടെ കൊച്ചു കുട്ടികളെ സംരക്ഷിക്കുന്നതിനായി ക്രഷ്/ഡേ കെയർ സെന്ററുകൾ സ്ഥാപിക്കണം.

## 4. പ്രവാസി കുടുംബങ്ങളിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ

കേരളത്തിൽ നിലനിൽക്കുന്ന രൂക്ഷമായ തൊഴിലില്ലായ്മയാണ് വിദേശങ്ങ ളിൽ ജോലി തേടാൻ നിർബന്ധിതരാക്കുന്നത്. വിദേശ ജോലി സാമ്പത്തിക സുരക്ഷിതത്വം നൽകുമെങ്കിലും പല കുടുംബ പ്രശ്നങ്ങൾക്കും ഇടയാക്കുന്നു. ഈയൊരു സാഹചര്യത്തിലാണ് വിദേശത്തു കഴിയുന്ന ഇവരുടെ ഭാര്യമാരുടെ വിവിധ പ്രശ്നങ്ങളെക്കുറിച്ച് കേരള വനിതാ കമ്മീഷൻ പഠനം നടത്തിയത്. ആല പ്പുഴ ജില്ലയിലെ ചെങ്ങന്നൂർ, മാവേലിക്കര, കാർത്തികപ്പള്ളി എന്നീ താലൂക്കുക ളിലെ 512 പ്രവാസികുടുംബങ്ങളിലെ ഭാര്യമാരുടെ സാമൂഹ്യ-സാമ്പത്തിക മാന സിക അവസ്ഥകളെക്കുറിച്ചുള്ള പഠനമാണ് നടത്തിയത്.

### കണ്ടെത്തലുകൾ

ഏറെ പ്രവാസികൾക്കും രണ്ടു വർഷത്തിലൊരിക്കലെങ്കിലും 30-45 ദിവസത്തെ അവധി ലഭ്യമാകുമെങ്കിലും അവർ ഇവിടെ വരുന്ന കാലത്ത് കുടുംബ സംബന്ധമായി ഏറ്റെടുത്തു നടത്തുന്ന പല പ്രവൃത്തികളും പൂർത്തിയാക്കാൻ കഴി യാതെ പോവുകയാണ് പതിവ്.

വിദേശ ജോലിയുടെ ബലത്തിൽ ബാങ്ക് വായ്പയെടുത്തും മറ്റും വീടു വച്ചി ട്ടുള്ളവർക്ക് സാമ്പത്തികമാന്ദ്യം ഭീഷണിയായി നിലനിൽക്കുന്നു. പിതാക്കന്മാർ വിദേ ശത്തായത് 10% പേരുടെ കുട്ടികളുടെയെങ്കിലും അച്ചടക്കത്തെ ബാധിച്ചിട്ടുള്ളതായും അവർ കൂടുതൽ അനുസരണക്കേട് കാണിച്ചിട്ടുള്ളതായും അമ്മമാർ പറയുന്നു. അച്ചടക്കമില്ലാതെ വളരുന്നത് ഒരു ചെറിയ ശതമാനത്തിന്റെ കാര്യത്തിലാണെങ്കിലും അഭികാമ്യമല്ല. ഇത് പരിഹരിക്കപ്പെടേണ്ടതുണ്ട്. 88% പേർക്കും ഭർത്തൃബന്ധുക്കൾ

അനുകൂല നിലപാടെടുക്കുന്നുണ്ടെങ്കിലും 12% പേർക്ക് പല തരത്തിലുള്ള സമ്മർദ്ദങ്ങൾ ഉണ്ടാകുന്നതായും മാനസിക സംഘർഷത്തിന് കാരണമാകുന്നതായും വെളിപ്പെടുത്തുകയുണ്ടായി.

വളരെ ശ്രദ്ധേയമായ ഒരു കാര്യം 44% പേർക്കും സ്വതന്ത്രമായി തീരുമാനങ്ങൾ എടുക്കുന്നതിന് സാധിക്കുന്നുണ്ട് എന്നതാണ്. 8% പേരെയെങ്കിലും ഭർത്താക്കന്മാരും 10% പേരെയെങ്കിലും ഭർത്തൃ ബന്ധുക്കളും സ്വതന്ത്രമായ തീരുമാനങ്ങൾ എടുക്കുന്നതിനെ വിലക്കിയിട്ടുണ്ടെങ്കിലും 37% പേർക്ക് ഭർത്താവിന്റെയും 22% പേർക്ക് ഭർത്തൃബന്ധുക്കളുടെയും പ്രോത്സാഹനം ഉണ്ട് എന്നത് കേരള സമൂഹത്തിന് സ്ത്രീകളുടെ നേതൃത്വത്തിന് അംഗീകാരം ലഭിക്കുന്നുണ്ട് എന്നതിന് പ്രത്യക്ഷ തെളിവാണ്. അത്യാവശ്യഘട്ടങ്ങളിൽ 40% പേർക്കും സ്വന്തം ബന്ധുക്കളിൽ നിന്നും 36% പേർക്ക് ഭർത്തൃബന്ധുക്കളിൽ നിന്നും സഹായവും പിന്തുണയും ലഭ്യമാകുന്നുവെന്നതും ആശ്വാസകരമാണ്. എങ്കിലും, പൊതുവിൽ കൂടുതൽ അനുകൂലമായ മനോഭാവം സ്ത്രീകൾ സ്വതന്ത്രമായ തീരുമാനങ്ങൾ എടുക്കുന്നതിനോട് പുരുഷന്മാരിലും സ്ത്രീകളിലും വ്യപകമാകേണ്ടതുണ്ട് എന്നതുകൂടി ഇത് സാക്ഷ്യപ്പെടുത്തുന്നുണ്ട്. 33% പേർക്ക് ഭാവിയെക്കുറിച്ച് ചില ആശങ്കകൾ ഉണ്ടെങ്കിലും 67% പേർ ഭാവിയെക്കുറിച്ച് ശുഭാപ്തിവിശ്വാസം ഉള്ളവരാണ്. പഠന വിധേയമായവരിൽ 83% പേർക്കും തൃപ്തികരവും 5% പേർക്കെങ്കിലും ഏറ്റവും നല്ല കുടുംബ ജീവിതവുമാണ് ലഭിച്ചിട്ടുള്ളതെന്നാണ് സ്വയം വിലയിരുത്തുന്നത്.

72% പേർക്കും ഏകാന്തത അനുഭവപ്പെടുന്നെന്ന കണ്ടെത്തിൽ നിസ്സാരമായി കാണാൻ കഴിയുന്നതല്ല. അതുപോലെ തന്നെ ലൈംഗിക താൽപര്യം 34% പേർക്കും കുറയുന്നതായും വെളിപ്പെട്ടു. 28% പേർക്ക് മാനസിക സംഘർഷത്തിന് ചികിത്സ തേടേണ്ടി വന്നതായും കാണുന്നു. മേൽക്കാര്യങ്ങൾ അതീവ ഗൗരവവും പരിഹാര നടപടികൾ ആവശ്യമുള്ളതുമാണ്.

**ശുപാർശകൾ**

(1) പ്രവാസികളുടെ കുടുംബ പ്രശ്നങ്ങൾ ഉൾപ്പെടെയുള്ളവ പരിഹരിക്കുന്നതിനായി സ്പെഷ്യൽ കൗൺസിലിംഗ് സെന്ററുകൾ സോണൽ തലത്തിൽ ആരംഭിക്കണം.

## 5. സ്ത്രീ ശാക്തീകരണവും സ്ത്രീപരിഗണനയും വികസനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വനിതാ ഉപപദ്ധതി - ഒരു പഠനം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വനിതാ വികസനത്തിനായി പ്രത്യേക ഘടകപദ്ധതി നടപ്പിൽ വരുത്തുന്നുണ്ട്. അത് സ്ത്രീകളുടെ വികസനത്തിലും സ്ത്രീകളുടെ പ്രത്യേകമായ വികസന പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിലും പ്രയോജനപ്പെടുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതി വിഹിതത്തിൽ 10% വനിതാ ഉപപദ്ധതിക്കായി നീക്കി വയ്ക്കുന്നതിന് നിർദ്ദേശം ഉണ്ട്. വനിതാ ഉപപദ്ധതികൾ വനിതകളുടെ പ്രത്യേക പ്രശ്നങ്ങൾ കണ്ടെത്തി

പരിഹരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുന്നതിനായിട്ടുള്ള താണ്.

**ലക്ഷ്യം**

1997-2007 കാലഘട്ടത്തിൽ വനിതാ ഘടക പദ്ധതി വനിതാ ഉപപദ്ധതി പ്രകാരം വനിതകൾക്കു വേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കിയ പദ്ധതികളെക്കുറിച്ചു പഠിക്കുക. അവ എത്രമാത്രം സ്ത്രീ വികസനത്തിൽ പ്രയോ ജനപ്പെടുന്നുണ്ട് ഭൗതികവും തന്ത്രപരവുമായ സ്ത്രീ വികസന പ്രവർത്തന ങ്ങൾക്കായി എങ്ങനെ വിനിയോഗിക്കപ്പെടും. ഗുണഭോക്താക്കളുടെ വിലയിരുത്തൽ എന്ത്, എന്നിവയാണ് പഠനലക്ഷ്യം. തിരുവനന്തപുരം ജില്ലയിലെ അഴൂർ, അരുവി ക്കര, കല്ലറ, കല്ലിയൂർ, കോട്ടുകാൽ, മംഗലാപുരം, നാവായിക്കുളം, ഒറ്റൂർ, പെരുങ്കട വിള, വെള്ളനാട് എന്നീ 10 ഗ്രാമപഞ്ചായത്തുകളിൽ ആണ് പഠനം നടത്തിയത്.

100 വനിതാ ഗുണഭോക്താക്കളിൽ നിന്നും, തദ്ദേശഭരണസ്ഥാപന പ്രസിഡന്റുമാർ, വാർഡ് മെമ്പർമാർ, കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് സൊസൈറ്റി (സി.ഡി.എസ്) അംഗം എന്നിവരുൾപ്പെടെ മറ്റ് 27 പേരിൽ നിന്നും കൂടി വനിതാ കമ്മീഷന്റെ ഈ പഠനത്തിനായി വിവരങ്ങൾ ശേഖരിക്കുകയുണ്ടായി.

**കണ്ടെത്തലുകൾ**

(1) എല്ലാ സ്ഥാപനങ്ങളും വനിതാ ഘടക/ഉപപദ്ധതി പ്രോജക്ടുകൾ വച്ചിരുന്നു.

(2) ഒന്നിലും എല്ലാ വർഷവും 100% തുകയും വിനിയോഗിച്ചിട്ടില്ല. കഴിഞ്ഞ കുറെ വർഷങ്ങളിൽ WSP/WCP യുടെ 2/3 ഭാഗം മാത്രമെ ചെലവഴിച്ചിട്ടുള്ളൂ.

**ശുപാർശകൾ**

1. വനിതാ ഉപപദ്ധതി (Women Sub Plan) പ്രോജക്ടുകൾ പൊതുസ്വഭാവമുള്ളവ ആകാതിരിക്കാനും വനിതകൾക്കുവേണ്ടി മാത്രം പ്രയോജനപ്പെടുന്ന പ്രോജക്ടുകൾ കണ്ടെത്തി നടപ്പാക്കാനും തദ്ദേശഭരണ സ്ഥാപനങ്ങൾക്കു നിർദ്ദേശം നൽകണം.

2. വനിതാ ഉപദ്ധതി (Women Sub Plan) വിഹിതം നിലവിലെ 10% ത്തിൽ നിന്നും കേന്ദ്രസർക്കാരിലേതു പോലെ 30% ആയി വർദ്ധിപ്പിക്കണം.

3. വനിതാ ഉപദ്ധതിയിൽ വനിതാ വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനും ദരിദ്ര്യസഹായ യൂണിറ്റുകളുടെ കടം എഴുതിതള്ളുന്നതിനും നടപടി വേണം. പദ്ധതിവിഹിതം ഇതിനും ഉപയോഗിക്കണം.

4. വനിതാ ഘടക പദ്ധതി (Women Component Plan) ജനസംഖ്യാനുപാതി കമായി 50% ആക്കണം.

6. ബലാത്സംഗത്തിന് വിധേയരായവരുടെ ശേഷകാലജീവിതം - പ്രശ്നങ്ങളും

## ആമുഖം

ബലാത്സംഗം സ്ത്രീകൾക്കെതിരെയുള്ള ഏറ്റവും ക്രൂരവും നിന്ദ്യവുമായ കുറ്റകൃത്യം ആണ്. ഇതിനു വിധേയരാകേണ്ടി വരുന്ന ദൗർഭാഗ്യവതികളുടെ അവസ്ഥ പരിശോധിച്ചാൽ അവരുടെ പിൽക്കാല ജീവിതം കൂടുതൽ ദുരിത പൂർണ്ണവും അരക്ഷിതവുമാണെന്നു കാണാം. സാമൂഹ്യ അവഗണനയുടെയും അവ ഹേളനത്തിന്റെയും അനുഭവങ്ങൾ ഈ വ്യക്തികളെ മാത്രമല്ല അവരുടെ കുടും ബാംഗങ്ങളെയും നിസ്സഹായരാക്കുന്നു. പലപ്പോഴും സ്വന്തം നാടുതന്നെ വിട്ടുപോയി ഒളിച്ചു കഴിയേണ്ടിവരുന്നു. മാനസികമായും ശാരീരികമായും തകർന്നു പോകുന്ന അവർക്കുവേണ്ടി പ്രത്യേക പദ്ധതികൾ തന്നെ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. ഈ സാഹചര്യത്തിലാണ് വനിതാകമ്മീഷൻ ഇതു സംബന്ധിച്ച ഒരു പഠനം നട ത്താൻ തീരുമാനിച്ചത്. കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിലെ 25 പേരിൽ ആണ് ഈ പഠനം നടത്തിയത്. (2004 മതുൽ 2008 വരെയുള്ള കാലയളവിലെ ടുത്ത കേസുകൾ ആണിതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്).

## കണ്ടെത്തലുകൾ

5 വയസു മുതൽ 54 വയസ്സുവരെയുള്ളവരും ബുദ്ധിമാന്ദ്യവും ബധിരതയും ഉള്ളവരുമൊക്കെയായ സ്ത്രീകൾ പഠനത്തിലുൾപ്പെട്ട സാമ്പിളിൽ ഉണ്ടെന്നത് ഏതു പ്രായത്തിലും സ്ത്രീ ഇത്തരം അതിക്രമങ്ങൾക്ക് വിധേയമാകാമെന്നതിന്റെ ദുസ്സ ഹമായ സാദ്ധ്യത വെളിപ്പെടുത്തുന്നു. ഒപ്പം ഇതിനെതിരെ സമൂഹം ഒന്നിച്ചു നിൽക്കേണ്ടതിന്റെ ഗൗരവവും.

അടുത്ത ബന്ധുക്കളും, കാമുകന്മാരും മറ്റുമാണ് സാധാരണയായി കണ്ടുവ രുന്ന ബലാത്സംഗക്കേസുകളിലെ പ്രതികൾ സ്വന്തം വീട്, പരിചിതന്റെ വീട്, ബന്ധു വിന്റെ വീട്, ലോഡ്ജ് തുടങ്ങിയ ഇടങ്ങളിലൊക്കെവച്ചാണ് ഇവർ സ്ത്രീകളെ വശീ കരിച്ച് വഞ്ചിക്കുന്നത്. ബലാത്സംഗത്തെത്തുടർന്ന് അതിനു വിധേയരാകുന്നവരുടെ വിവാഹജീവിതമുൾപ്പെടെയുള്ള മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെടുകയും ഭാവി ഇരുളടഞ്ഞതാകുകയുമാണ് ചെയ്യുന്നത്. ബലാത്സംഗത്തിന്റെ ഭയപ്പെടുന്ന ഓർമ്മ കൾ മാഞ്ഞുതുടങ്ങുമ്പോഴായിരിക്കും കേസ് വിചാരണ ആരംഭിക്കുക എന്നതാണ് ഏറെ ദുസ്സഹം. അനുഭാവപൂർണ്ണമായ സമീപനമോ പിന്തുണയോ പലപ്പോഴും ഇവർക്ക് ബന്ധുക്കളിൽ നിന്നോ സുഹൃത്തുക്കളിൽ നിന്നോ ലഭിക്കുന്നില്ല. സംഘർഷ ലഘൂകരണത്തിനും മാനസികാരോഗ്യത്തിനും പ്രത്യേക കൗൺസിലിങ്ങ് സൗകര്യം ലഭ്യമാകുന്നില്ല എന്നതാണ് വസ്തുത.

## ശുപാർശകൾ

1. ബലാൽസംഗ കേസ് സംബന്ധിച്ച് നിയമ നടപടികളിൽ കൂടുതൽ നേരത്തേ തീർപ്പുണ്ടാക്കുന്നതിന് നിയപരിഷ്കാരം ആവശ്യമാണ്. എല്ലാ ബലാൽസംഗ കേസുകളും സ്പെഷ്യൽ കോടതി രൂപീകരിച്ച് വിചാരണ സമയബന്ധിത മായി തീർക്കണം.

2. ബലാൽസംഗത്തിനിരയാകുന്നവർക്കുവേണ്ടി സ്പെഷ്യൽ കൗൺസിലിംഗ് ലഭ്യമാക്കേണ്ടതുണ്ട്.

3. ഇവരുടെ കേസുകൾ വാദിക്കുന്നതിന് പ്രഗത്ഭ അഭിഭാഷകരുടെ സേവനം ലഭ്യമാക്കാൻ നടപടിയുണ്ടാകണം. കക്ഷി ആവശ്യപ്പെടുന്ന അഭിഭാഷകനെ തന്നെ സ്പെഷ്യൽ പ്രോസിക്യൂട്ടറായി വയ്ക്കാൻ അവസരമുണ്ടായിരിക്കണം.

4. ഇവരുടെ (ആവശ്യമെങ്കിൽ കുടുംബത്തിന്റേത് ഉൾപ്പെടെ) പുനരധിവാസം സർക്കാർ ഏറ്റെടുക്കുകയും തദ്ദേശഭരണ സ്ഥാപനം വഴി വീടും മറ്റു പുനരധിവാസ സഹായങ്ങളും (സ്വയം തൊഴിൽ) നൽകണം.

5. സമാശ്വാസ ഫണ്ട് രൂപീകരിക്കണം, പുനരധിവാസം നടപ്പിലാക്കണം.

6. സ്പെഷ്യൽ കൗൺസിലിംഗ് ആന്റ് മെഡിക്കൽ ലീഗൽ സർവീസ് സെൽ ആരംഭിച്ച് ബലാൽസംഗത്തിനിരയാകുന്നവർക്ക് പ്രത്യേക സേവനം ലഭ്യമാക്കണം. ഡോക്ടർ, അഡ്വക്കേറ്റ്, പോലീസ് ഉദ്യോഗസ്ഥൻ, സൈക്കോളജിസ്റ്റ്, സോഷ്യൽ വർക്കർ ഇവർ സേവന സംഘത്തിലുണ്ടാവണം.

7. സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ പ്രശ്നങ്ങൾ

**ആമുഖം**

പൊതുജനാരോഗ്യ സംരക്ഷണ കാര്യത്തിൽ സർക്കാർ ആശുപത്രികളിലെപ്പോലെ തന്നെയോ, ഒരു പക്ഷെ അതിലേറെയോ സ്വകാര്യ ആശുപത്രികളും സ്തുത്യർഹമായ സേവനമാണ് കേരളത്തിൽ നടത്തിവരുന്നത്. ചികിത്സയ്ക്കായും ആരോഗ്യ സംരക്ഷണത്തിനായും ധാരാളം രോഗികളാണിന്ന് സ്വകാര്യ ആശുപത്രികളെ ആശ്രയിക്കുന്നത്. പലപ്പോഴും സർക്കാർ മേഖലയിലെ ഡോക്ടർമാർ പലരും അവധിയെടുത്തും മറ്റും സ്വകാര്യ ആശുപത്രിതകളിൽ സേവനം നൽകാറുണ്ടെന്നതും സ്വകാര്യ ആശുപത്രികളുടെ പ്രാധാന്യം വ്യക്തമാക്കുന്നു. ഡോക്ടർമാരുടെ കാര്യത്തിലെന്നപോലെതന്നെ ആശുപത്രികളുടെ പ്രവർത്തനത്തിൽ / സേവനത്തിൽ ഒരിക്കലും വിസ്മരിക്കപ്പെടാനാവാത്തതാണ് നഴ്സുമാരുടെ സേവനം മരുന്നു ചികിത്സയോടൊപ്പം പരിചരണവും മികച്ചതാകുമ്പോഴേ ആശുപത്രികളുടെ പ്രയോജനം സാർത്ഥമാകൂ.

നഴ്സിംഗ് പഠനം കേരളത്തിൽ ഏറെ താൽപര്യമുള്ള ഒന്നാണ്. വിദേശരാജ്യങ്ങളിൽ ഉൾപ്പെടെയുള്ള തൊഴിൽ സാധ്യതയാണ് ഇതിനെ ആകർഷണീയമാക്കുന്നത്. ഒപ്പം ആതുരസേവനത്തിനുള്ള സന്നദ്ധതയും പഠനത്തിനും തൊഴിലിനുമായി തെരഞ്ഞെടുക്കുന്നതും പ്രധാനഘടകങ്ങൾ തന്നെ. കൂടാതെ വളരെ മാന്യത കല്പിക്കുന്നതും കഠിനമായ അദ്ധ്വാനം കുറഞ്ഞതുമായ തൊഴിലുമാണിത്.

നഴ്സിംഗ് ഏറ്റവും ആവശ്യമായ ഘടകം തന്നെയെങ്കിലും ഇത്രയും ത്യാഗ

സന്നദ്ധരായ നഴ്സുമാർക്ക് മാന്യമായ പ്രതിഫലം നൽകുന്നതിൽ സ്വകാര്യ ആശുപത്രികൾ വിമുഖത കാട്ടുന്നതായിട്ടാണ് വനിതാ കമ്മീഷന് ആലപ്പുഴ ജില്ലയിലെ സ്വകാര്യ ആശുപത്രിയിലെ നഴ്സുമാരുടെ പ്രശ്നങ്ങളെക്കുറിച്ച് നടത്തിയ പഠനം വ്യക്തിമാക്കുന്നത്.

**കണ്ടെത്തലുകൾ**

ആലപ്പുഴ ജില്ലയിൽ പ്രവർത്തിക്കുന്ന 82 സ്വകാര്യ ആശുപത്രികളിൽ തെരഞ്ഞെടുത്ത 32-ൽ പ്രവർത്തിക്കുന്ന 310 ന്ഴ്സുമാരെയാണ് ഈ പഠനത്തിൽ പരിഗണിച്ചത് 17 പുരുഷ നഴ്സുമാരും 293 വനിതാ നഴ്സുമാരും. ഇവരിൽ 182 പേർ വിവാഹിതരും 128 പേർ അവിവാഹിതരുമാണ്. താരതമ്യേന വലിയ ആശുപത്രികളിൽ (100 ബഡ്ഡിൽ കൂടുതലുള്ളവ) ആണ് മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങൾ ഉള്ളത്).

തൊഴിൽ സാഹചര്യങ്ങൾ അനുകൂലമല്ലാത്തതിനാൽ കൂടുതൽ പേരും രണ്ടു വർഷത്തിലൊരിക്കൽ സ്ഥാപനം മാറുന്നതായാണ് കണ്ടുവരുന്നത്. 6% പേർക്ക് മാത്രം സർക്കാർ നിരക്കിലുള്ള ശമ്പളം കിട്ടുന്നു എന്നത് ഈ മേഖലയിൽ നഴ്സുമാർ വിധേയമാകുന്ന ചൂഷണത്തിന്റെ ഗൗരവം വ്യക്തമാക്കുന്നു. 21% പേർക്കും 1500/- രൂപയിൽ താഴെ പ്രതിമാസ ശമ്പളമാണുള്ളത്. 9% പേർക്ക് മെറ്റേണിറ്റി എടുക്കേണ്ടിവരുമ്പോൾ ശമ്പളം ഇല്ലാതെ വരുന്ന സാഹചര്യം ഉണ്ട്. 7% പേർക്ക് വീക്ക്ലി ഓഫ് പോലും ലഭിക്കുന്നില്ല. 45% പേർക്ക് 12 മണിക്കൂർ ജോലി ചെയ്യേണ്ടിവരുന്നു. എന്നാൽ 80% പേർക്ക് 8 മണിക്കൂറിൽ കുറവ് ജോലിയേയുള്ളൂ. (ഒ.പി. ക്ലിനിക്കുകളിൽ ആണിത്). 41% പേർക്ക് 2500 ൽ താഴെ മാത്രമാണ് ശമ്പളം. രോഗികളുടെ ഭാഗത്തു നിന്നും ലൈംഗികപരമായ സമീപനങ്ങൾ ഉണ്ടാകുന്നതായാണ് പഠനം വ്യക്തമാക്കുന്നത്. ഒ.പി. ക്ലിനിക്കിനായി പ്രവർത്തിക്കുന്നിടത്ത് നിന്ന് 1 കേസു മാത്രം റിപ്പോർട്ട് ചെയ്യപ്പെട്ടപ്പോൾ ചെറിയ ആശുപത്രികളിൽ (10 ബഡ്ഡിൽ താഴെ) ഒന്നുമില്ല. ഇടത്തരം ആശുപത്രികളിൽ നിന്നും 8 ഉം, വലിയ ആശുപത്രികളിൽ 13 ഉം ഇത്തരം സംഭവങ്ങൾ റിപ്പോർട്ടു ചെയ്യുകയുണ്ടായി. എന്നാൽ 93% പേരും യാതൊരുവിധ ലൈംഗിക പീഢനവും ഉണ്ടായതായി വ്യക്തമാക്കിയിട്ടില്ല. 7% പേരോട് രോഗികളും 2% പേരോട് മാനേജ്മെന്റും മോശമായി പെരുമാറിയിട്ടുള്ളതായി അറിയിച്ചു. മോശമായ പെരുമാറ്റം എന്നത് മിക്ക കേസിലും വൃത്തികെട്ട നോട്ടവും ലൈംഗികച്ചുവയുള്ള വർത്തമാനവും ആണ്. മറ്റൊരു കാര്യം 20% നഴ്സുമാർക്കും അംഗീകാരമില്ലാത്ത സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും പരിശീലനം കഴിഞ്ഞവർ എന്നുള്ളതാണ്.

ഏറ്റവും ശ്രദ്ധേയമായ കാര്യം സമയക്ലിപ്തതയില്ലാതെ ജോലി ചെയ്യേണ്ടിവന്നതിനാലും മിനിമം ശമ്പളം പോലും ലഭിക്കുന്നില്ല എന്നതുകൊണ്ടും ഭൂരിഭാഗം പേരും മറ്റെന്തെങ്കിലും ജോലി കിട്ടിയാൽ നഴ്സിംഗ് ജോലി ഉപേക്ഷിക്കാൻ തയ്യാറാണെന്നതുമാണ്.

## 8. ഐ.ടി. മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെ പ്രശ്നങ്ങൾ

### ഉദ്ദേശലക്ഷ്യങ്ങൾ

**ലക്ഷ്യം** - സ്ത്രീകൾക്ക് വളരെയേറെ വിദഗ്ധ തൊഴിൽ അവസരമുള്ള ആധുനിക ഐ.റ്റി. മേഖലയിൽ വനിതകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ അവരുടെ തൊഴിൽ സാഹചര്യം എങ്ങനെ, പ്രശ്നങ്ങൾക്ക് എങ്ങനെ പരിഹാരമുണ്ടാക്കാം എന്നിവ സംബന്ധിച്ചാണ് ഈ പഠനം.

### കണ്ടെത്തലുകൾ

കുറഞ്ഞ ശാരീരികധ്വാനവും മെച്ചപ്പെട്ട വരുമാനം അർഹമായ അംഗീകാരം എന്നിവയാണ് വനിതകളെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നത്. ചെറുപ്പത്തിൽ തന്നെ ജോലിയിൽ പ്രവേശിക്കാനവസരം, ഉയർന്ന വരുമാനവും മെച്ചപ്പെട്ട തൊഴിൽ സാഹചര്യവും അതിനെത്തുടർന്നുണ്ടാകുന്ന മെച്ചപ്പെട്ട ജീവിതസൗകര്യങ്ങളും എല്ലാം ഇതിന്റെ ഫലമായി വനിതകൾക്കു ലഭ്യമാകുന്നു. അതിലുപരിയായി വീട്ടിലും, പുറത്തും കൂടുതൽ പരിഗണന, തന്റെ അഭിപ്രായങ്ങൾക്ക് വിലകൽപ്പിക്കുന്നു എന്നിവയെല്ലാം സ്ത്രീശാക്തീകരണത്തിനു സഹായകമാകുന്ന ഘടകങ്ങളുമാണ്. മണിക്കൂറുകളോളം ഒരേയിരിപ്പിലിരുന്നുകൊണ്ടുള്ള ജോലി ആയതും, ജോലി സംബന്ധമായ സമ്മർദ്ദങ്ങൾ ധാരാളമുള്ളതും വളരെയേറെ മാനസിക സംഘർഷങ്ങൾക്കും ശാരീരിക അസ്വസ്ഥതകൾക്കും കാരണമാകുന്നതാണെന്നതാണ് വനിതാ കമ്മീഷൻ ഐ.റ്റി. മേഖലയിൽ പ്രവർത്തിക്കുന്ന 150 പേരിലും ഇതര മേഖലയിൽ പ്രവർത്തിക്കുന്ന 50 പേരിലും നടത്തിയ പഠനത്തിൽ വ്യക്തമാകുന്നത്.

ജോലിക്ക് നിശ്ചിതസമയം നിജപ്പെടുത്തുക, മാനസികസമ്മർദ്ദം ഒഴിവാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നടപ്പിൽവരുത്തുക എന്നിവയെല്ലാം തൊഴിൽദായകരുമായി ചർച്ച ചെയ്തുമാത്രം നടപ്പിൽ വരുത്താൻ കഴിയുന്നവയായതിനാൽ അപ്രകാരമുള്ള ചർച്ചക്കും വിശകലനത്തിനും ശേഷം മാത്രമേ പഠനം പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ.

### ശുപാർശകൾ

1. എല്ലാ ഐ.റ്റി. സ്ഥാപനങ്ങളും ജീവനക്കാർക്ക് സ്ട്രെസ്സ് മാനേജ്മെന്റ് കൗൺസിലിംഗ് സേവനങ്ങൾ ലഭ്യമാക്കണം.

2. ജോലിസമയം ക്ലിപ്തപ്പെടുത്തുന്നതിനും പ്രസവാനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും, ജോലിയും ജീവിതവും തുലനം ചെയ്യുന്ന സമീപനം തൊഴിൽദാതാവിന്റെ ഭാഗത്തു നിന്നും ഉണ്ടാവുന്നതിനും ഈ പ്രത്യേക തൊഴിൽ സാഹചര്യത്തിന് ചേരുന്ന തരത്തിലുള്ള പ്രത്യേക കൗൺസിലിംഗ് സർവ്വീസും തൊഴിൽ ദാതാവ് ലഭ്യമാക്കുന്നതിനുതകുംവിധം സർക്കാർ നിയമനിർമ്മാണം നടത്തണം.

## 9. അവിവാഹിതകളായി തുടരുന്നവരുടെ പ്രശ്നങ്ങൾ

### ഉദ്ദേശലക്ഷ്യങ്ങൾ

വിവാഹം കഴിക്കാതെ ജീവിതം നയിക്കുന്ന സ്ത്രീകളുടെ ജീവിത പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും അവയ്ക്ക് പരിഹാരം നിർദ്ദേശിക്കുന്നതിനും വേണ്ടി കേരള വനിതാ കമ്മീഷൻ നടത്തിയ പഠനം സംസ്ഥാനത്തെ വൃദ്ധസദനത്തിലെ 26 അന്തേവാസികളെയും മഹിളാമന്ദിരങ്ങളിലെ 40 അന്തേവാസികളെയും പങ്കെടുപ്പിച്ചു കൊണ്ടുള്ളതായിരുന്നു (30 മുതൽ 85 വയസ്സുവരെ പ്രായമുള്ളവരെ പഠനത്തിൽ ഉൾപ്പെടുത്തി).

### കണ്ടെത്തലുകൾ

പലവിധ കാരണങ്ങൾകൊണ്ട് അവിവാഹിതരായിക്കഴിയേണ്ടിവന്ന ഈ വനിതകളിൽ 23% പേരുടെയും വീടുകളിൽ മറ്റംഗങ്ങൾ ആരുമില്ല. 21% പേരുടെയും വീടുകളിൽ ഇവരെ കൂടാതെ ഒരംഗം കൂടിയേ വസിക്കുന്നുള്ളൂ. അവിഹാഹിതരായി തുടരാൻ പല കാരണങ്ങൾ ഇവരിൽ പലർക്കുമുണ്ടായിരുന്നുവെങ്കിലും 2 പേർ മാത്രമാണ് വിവാഹം കഴിക്കാൻ താല്പര്യമില്ലാഞ്ഞിട്ടു കഴിക്കാതിരുന്നതാണെന്ന് അറിയിച്ചവർ. അതായത്, അവിവാഹിതരായിക്കഴിയുന്ന ബഹുഭൂരുപക്ഷം വനിതകളും അവരുടെ അവിവാഹിതാവസ്ഥ അവർ സ്വയം തെരഞ്ഞെടുത്തതല്ല എന്നു കാണാം. 75 പേർക്കും സ്ത്രീധനം വിവാഹത്തിന് പ്രധാനമോ ഉപപ്രധാനമോ ആയ തടസ്സങ്ങൾ സൃഷ്ടിക്കുകയായിരുന്നു. കുടുംബത്തിലെ സമ്പാദിക്കുന്ന അംഗമായിരുന്നതുകൊണ്ടോ, കുടുംബത്തിന്റെ സംരക്ഷണച്ചുമതല ഏറ്റെടുക്കേണ്ടിവന്നതുകൊണ്ടോ, കുടുംബവസ്തു പങ്കിടുന്നതിൽ സഹോദരങ്ങളുടെ എതിർപ്പു മൂലമോ, മാതാപിതാക്കളുടെയോ, സഹോദരങ്ങളുടെയോ അഭാവമോ, മറ്റു കുടുംബാംഗങ്ങളുടെ സമ്മതമില്ലായ്മയോ ഒക്കെക്കൊണ്ടായിരുന്നു ഇവരുടെയൊക്കെ വിവാഹം നടക്കാതിരിക്കാൻ കാരണമായത് ഗൗരവമേറിയ കാര്യമാണ്. ചിലരുടെ കാര്യത്തിൽ നിരന്തരമായ രോഗങ്ങളും, വിവാഹ ജീവിതത്തിനു അനുയോജ്യമായ ആരോഗ്യ സാഹചര്യമില്ലാത്തതും കാരണമായിട്ടുണ്ട്. ഒപ്പം അനുയോജ്യമായ വരനെ കിട്ടാതെ വന്നതും ചിലരുടെയെങ്കിലും വിവാഹമോഹം തകർക്കുന്നതായിരുന്നു.

പഠന വിധേയരായവർ ചൂഷണം ചെയ്യപ്പെടുന്നില്ലെന്നു പറഞ്ഞെങ്കിലും 15 പേർ ചൂഷണത്തിൽ വിധേയമായിട്ടുള്ളതായി വെളിപ്പെടുത്തി. സഹോദരങ്ങളോ ബന്ധുക്കളാലോ മാതാപിതാക്കളാലോ എട്ടുപേർക്കെങ്കിലും കുടുംബവസ്തു നിഷേധിക്കപ്പെട്ടിട്ടുണ്ട്. വീട്ടിലെ സുരക്ഷയെക്കുറിച്ചാണ് കൂടുതൽ പേർക്കും ആശങ്കയുള്ളത്. പൊതുസ്ഥലങ്ങളിലും, ജോലിസ്ഥലത്തും അനുഭവപ്പെടുന്ന അരക്ഷിതബോധം അവരെ കൂടുതൽ നിസ്സഹായരാക്കുന്നു.

## 10. തദ്ദേശസ്ഥാപനങ്ങളിലെ വനിതാ പ്രതിനിധികളുടെ പ്രശ്നങ്ങൾ

ഇന്ത്യൻ ഭരണഘടനയുടെ 73, 74 ഭേദഗതികളോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മുന്നിലൊന്ന് പ്രതിനിധി സ്ഥാനങ്ങൾ വനിതകൾക്ക് സംവരണം ചെയ്തതു വഴി ആധുനിക ഭാരതത്തിൽ വനിതാ ശാക്തീകരണത്തിന് ഒരു നാഴിക ക്കല്ല് സ്ഥാപിക്കപ്പെടുകയായിരുന്നു. അപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങ ളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട സ്ത്രീജനപ്രതിനിധികളുടെ പ്രശ്നങ്ങൾ മനസ്സിലാ ക്കേണ്ടത് തീർത്തും പ്രസക്തമാണെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിലാണ് കമ്മീഷൻ ഈ പഠനം നടത്തിയിട്ടുള്ളത്. തീരുമാനങ്ങളെടുക്കുന്നതിൽ ഉള്ള പങ്കാ ളിത്തം, സമ്മർദ്ദങ്ങൾ, റോൾ ക്ലാരിഫിക്കേഷൻ, കുടുംബങ്ങളുടെ പിന്തുണ, ഭരണ നിർവ്വഹണശേഷി തുടങ്ങിയവയാണ് പഠനവിധേമാക്കിയ മേഖലകൾ.

### കണ്ടെത്തലുകൾ

കോഴിക്കോട് ജില്ലയിലെ 77 ഗ്രാമ പഞ്ചായത്തുകളിൽ നിന്നും തെരഞ്ഞെ ടുക്കപ്പെട്ട 56 വനിതാ ജനപ്രതിനിധികളെയാണ് ഈ പഠനത്തിനായി ഉൾപ്പെടു ത്തിയത്. സമൂഹത്തിൽ വനിതകളുടെ പെരുമാറ്റത്തിനും സാമൂഹ്യ ബന്ധങ്ങൾക്കും നിയന്ത്രണങ്ങലും ഭീതികളും നിർണ്ണയിക്കപ്പെട്ടിട്ടുള്ളതിനാൽ അവരുടെ വ്യക്തി ത്വവും സാധ്യതകളും മുരടിച്ചുപോകുന്നതിനടയാകുന്നുണ്ട്. അങ്ങനെയുള്ളിട ത്താണ് സ്ത്രീകളുടെ ഇടയിൽ നിന്നും ജനപ്രതിനിധികൾ ഉണ്ടാകേണ്ട സ്ഥിതി സംജാതമായത്. ഇത് വളരെയേറെ പരിമിതികൾക്ക് സ്വയമേവ കാരണമാവുന്നു ണ്ട്. കൂടാതെ പ്രാദേശിക തലത്തിൽ അനുകരണീയമായ മാതൃകാ വ്യക്തിത്വങ്ങൾ ഇല്ലാത്തത് മറ്റൊരു പ്രധാന പ്രശ്നമാണ്. ഏതു ജാതിവിഭാഗത്തിലാണെങ്കിലും സ്ത്രീകൾക്ക് വളരെയേറെ പരിമിതികൾ ഉണ്ടെന്ന്ത് ജനപ്രതിനിധി എന്ന നില യിൽ അവരുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് തടസ്സമാകുന്നു.

പഠനവിധേയമായവരിൽ 84% പേരും സെക്കണ്ടറി/ഹയർ സെക്കണ്ടറി വിദ്യാ ഭ്യാസം ഉള്ളവരാണ്. 5% പേർ പ്രൈമറി വിദ്യാഭ്യാസമുള്ളവരും 10% പേർ ഡിഗ്രി തലംവരെ വിദ്യാഭ്യാസമുള്ളവരും 41% പേർക്ക് 10 വർഷത്തിലേറെ പൊതുരംഗത്ത് പ്രവർത്തിച്ചു പരിചയവുമുണ്ട്. 38% പേർക്ക് 3-5 വർഷവും 8% പേർക്ക് 3 വർഷ ത്തിനു മുകളിലും ഭരണപരിചയം ഉള്ളവരാണ്.

4% പേർക്ക് ഭരണകാര്യത്തിൽ എപ്പോഴും സമ്മർദ്ദങ്ങൽ ഉണ്ടാകാറുള്ളപ്പോൾ 62% പേർക്ക് ഇടയ്ക്കിടയ്ക്ക് സമ്മർദ്ദം ഉണ്ടാകാറുണ്ട്. തീരുമാനങ്ങൾ എടുക്കുന്ന തിൽ 20% പേർ മാത്രമാണ് കാര്യശേഷിയുള്ളവരെന്ന് സ്വയം വിലയിരുത്തിയത്. 26% പേർ ഒരുവിധം കാര്യശേഷി ഉള്ളവരെന്ന് വിലയിരുത്തിയപ്പോൾ 4% പേർ പല വിധ പരിമിതികൾ ഉള്ളതായി സ്വയം വിലയിരിത്തുകയുണ്ടായി. ഇവയെല്ലാം പരി ഹരിക്കപ്പെടേണ്ടവ തന്നെ. കാരണം ജനപ്രതിനിധികളുടെ പരിമിതികൾ ജനങ്ങ ളുടെ ക്ഷേമത്തെ ബാധിക്കാം.

71% പേരും പാർട്ടി രാഷ്ട്രീയം തീരുമാനങ്ങൾ എടുക്കുന്നതിൽ സ്വാധീനിക്കാറില്ലെന്ന് വ്യക്തമാക്കിയപ്പോൾ 2% പേർ എപ്പോഴും രാഷ്ട്രീയം ഭരണവുമായി സംഘർഷത്തിലെത്തുന്നതായും 27% പേർ ഇടയ്ക്കിടയ്ക്കോ അപൂർവ്വമായെങ്കിലുമോ പാർട്ടി രാഷ്ട്രീയവും ഭരണവുമായി സംഘർഷമുണ്ടാകാറുണ്ടെന്ന് വ്യക്തമാക്കി.

ലിംഗപരമായ വിവേചനം 54% പേരും അനുഭവപ്പെടുന്നില്ലെന്നു പറയുമ്പോൾ 14 % അപൂർവ്വമായും 29% പേർക്ക് ഇടയ്ക്കൊക്കെയും 2% പേർക്ക് എല്ലായ്പ്പോഴും ലിംഗപരമായ വിവേചനം അനുഭവപ്പെടാറുണ്ടെന്ന് പഠനം വ്യക്തമാക്കുന്നു.

വളരെ ശ്രദ്ധേയമായ കാര്യം 73% പേരും അംഗീകാരവും മാന്യതയും ജനപ്രതിനിധിയായിരിക്കുന്നതിൽ നിന്ന് ലഭ്യമാകുന്നെന്ന് വിലയിരിത്തിയപ്പോൾ 27% പേർക്ക് അത്ര തന്നെ തങ്ങൾ അംഗീകരിക്കപ്പെടുന്നതായി തോന്നിയിട്ടില്ല. അതേസമയം ആരും തങ്ങളെ മറ്റുള്ളവർ അപമാനിക്കുന്നതായി അഭിപ്രായപ്പെട്ടിട്ടില്ല. 70% പേർക്കും ഒരിക്കലും അപമാനിക്കപ്പെട്ടതായി തോന്നിയിട്ടില്ല. അതേസമയം ഇടയ്ക്കൊക്കെ അവഗണന അനുഭവിക്കുന്നതായി 25% പേരും അപൂർവ്വമായി അങ്ങനെ തോന്നിയിട്ടുള്ളതായി 8% പേരും അഭിപ്രായപ്പെട്ടിട്ടുണ്ട്.

57% പേർക്കും തങ്ങളുടെ പദവിയെക്കുറിച്ച് വ്യക്തതയുണ്ട്. 32% പേർക്കും ഏറെക്കുറെ ധാരണയുണ്ടെന്നും 9% ശതമാനം പേർക്ക് കൂടുതൽ വ്യക്തത ആവശ്യമാണെന്നും പഠനത്തിൽ കാണുകയുണ്ടായി.

തങ്ങളുടെ ഭരണനിർവ്വഹണരീതിയെക്കുറിച്ച് തികച്ചും വ്യക്തിപരമായി നിർവ്വഹിക്കുന്നതായി 25% പ്രതിനിധികൾ വിലയിരിത്തിയപ്പോൾ 50% പേർ തങ്ങളുടെ പാർട്ടിയുടെ നയം നടപ്പാക്കുന്നതായും 21% പേർ മുകളിൽ നിന്നുള്ള നിർദ്ദേശം നടപ്പാക്കിയതായും 2% പേർ കാര്യനിർവ്വഹണത്തിന് മറ്റുള്ളവരുടെ സഹായം തേടിയതായും വ്യക്തമാക്കി. തങ്ങളുടെ കാര്യനിർവ്വഹണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ 18% പേർ നിയമപരമായ അറിവുണ്ടെന്നു വ്യക്തമാക്കിയപ്പോൾ 66% പേർക്ക് പരിമിതമായ അറിവുണ്ടെന്നും 11% പേർക്ക് ഒരു പരിധി വരെ അറിവുണ്ടെന്നും 2% പേർക്ക് അറിവില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. 77% പേർക്ക് മറ്റുള്ളവരിൽ നിന്ന് മോശമായ പെരുമാറ്റം ഉണ്ടായിട്ടുള്ളതായി തോന്നിയിട്ടില്ല. അപൂർവ്വമായോ ഇടയ്ക്കിടയ്ക്കോ ഇത്തരം സമീപനങ്ങൾക്ക് വിധേയമാകാറുണ്ടെന്ന് 18% പേർ വ്യക്തമാക്കിയിട്ടുണ്ട്. 95% ഭർത്താവിന്റെ പൂർണ്ണമായതോ ഏറെക്കുറെ എല്ലാ കാര്യങ്ങളിലോ ഉള്ള പിന്തുണ കിട്ടുന്നതായി പഠനത്തിൽ വെളിപ്പെട്ടു. 50% പേർക്കും കുടുംബപരമായ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിന് പൂർണ്ണമായും കഴിയാറുണ്ടെന്ന് രേഖപ്പെടുത്തുകയുണ്ടായി. ബാക്കിയുള്ളവർക്ക് ഇടയ്ക്കിടയ്ക്കോ അപൂർവ്വമായോ കുടുംബ ബന്ധങ്ങൾ നിലനിർത്തലും രാഷ്ട്രീയ പാർട്ടി പ്രവർത്തനവും സംഘർഷം സൃഷ്ടിക്കുന്നതായി വെളിപ്പെടുത്തുകയുണ്ടായി. കുട്ടികളുടെ സംരക്ഷണവും മറ്റും നിർവ്വഹിക്കുന്നതിന് 36% പേർക്കും പൂർണ്ണമായും സാധിക്കുന്നുണ്ടെന്നും 14%

പേർക്ക് കുറേശ്ശേ കഴിയാറുണ്ടെന്നും വെളിപ്പെടുത്തുകയുണ്ടായി. കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യം വിസ്മരിച്ചു കൂടാത്തതാണ്. 96% പേരും പ്രവർത്തന മണ്ഡലത്തിനു വേണ്ട വിവിധ പരിപാടികളിൽ പങ്കെടുത്തവരാണ്.

### ശുപാർശകൾ

1. വനിതാ ജനപ്രതിനിധികളുടെ സംഘടന ജില്ലാതലത്തിലും സംസ്ഥാനതലത്തിൽ സംഘടിപ്പിക്കണം.
2. അവർക്കുവേണ്ടി സ്പെഷ്യൽ കൗൺസിലിംഗ് സർവ്വീസ് ലഭ്യമാക്കണം.

## അദ്ധ്യായം - XII

### പ്രസിദ്ധീകരണങ്ങൾ

കേരള വനിതാ കമ്മീഷന്റെ ഉദ്ദേശലക്ഷ്യങ്ങൾ നേടുന്നതിനായി വേണ്ട ആശയപ്രചാരണം നടത്തുന്നതിന് സ്ത്രീശക്തി ന്യൂസ് ലെറ്റർ, പത്രപരസ്യം, ഡോക്യുമെന്ററി പ്രദർശനം, ബ്രോഷർ, ബുക്ക്ലെറ്റ്, പോസ്റ്റർ എക്സിബിഷൻ തുടങ്ങിയവ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. അവയൊക്കെ മെച്ചപ്പെട്ട ഫലവും ഉളവാക്കുന്നുണ്ട്.

### 'സ്ത്രീശക്തി ന്യൂസ്ലെറ്റർ'

വനിതാകമ്മീഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചു സേവനമേഖലയിൽ പ്രവർത്തിക്കുന്നവർക്കും മറ്റും അറിവു നൽകുക എന്ന ഉദ്ദേശത്തോടെയാണ് സ്ത്രീശക്തി ന്യസ് ലെറ്റർ പ്രസിദ്ധീകരിക്കുന്നത്. റിപ്പോർട്ടുവർഷം ന്യൂസ് ലെറ്റർ വാർഷികപതിപ്പായിട്ടാണ് പ്രസിദ്ധീകരിച്ചത്. കമ്മീഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ബോധവതികളാക്കുന്നതിനും ഉതകുന്ന രീതിയിലാണ് വാർഷികപതിപ്പ് തയ്യാറാക്കിയിട്ടുള്ളത്. കമ്മീഷൻ സംഘടിപ്പിക്കുന്ന വിവിധങ്ങളായി സെമിനാർ/ബോധവത്ക്കരണ ക്ലാസ്സുകൾ മുഖേനയാണ് ന്യൂസ്ലെറ്റർ വാർഷികപ്പിതിപ്പായിട്ടാണ് പ്രസിദ്ധീകരിച്ചത് കമ്മീഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അറിവ് പകരുന്നതോടൊപ്പം സ്ത്രീകളെ അവരെ ബാധിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ബോധവതികളാക്കുന്നതിനും ഉതകുന്ന രീതിയിലാണ് വാർഷികപതിപ്പ് തയ്യാറാക്കിയിട്ടുള്ളത്. കമ്മീഷൻ സംഘടിപ്പിക്കുന്ന വിവിധങ്ങളായ സെമിനാർ / ബോധവത്ക്കരണ ക്ലാസ്സുകൾ മുഖേനയാണ് ന്യൂസ് ലെറ്റർ സൗജന്യമായി വിതരണം ചെയ്യുന്നത്.

### ലൈബ്രറി വിഭാഗം

സ്ത്രീകളറിഞ്ഞിരിക്കേണ്ട വിവിധ നിയമങ്ങളെ സംബന്ധിച്ച പുസ്തകങ്ങൾക്കു പുറമെ എല്ലാ മേഖലയിലുംപെട്ട പുസ്തകങ്ങളുടെ ഒരു വിപുലമായ ശേഖരം തന്നെ വനിതാകമ്മീഷൻ ലൈബ്രറിയിലുണ്ട്. സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്ന സംഘടനാഭാരവാഹികളും നിയമവിദ്യാർത്ഥികളും

അതിനു പുറമെ സ്ത്രീകളെ സംബന്ധിക്കുന്ന വിഷയങ്ങളിൽ ഗവേഷണം നടത്തുന്ന ഗവേഷണ വിദ്യാർത്ഥികളും കമ്മീഷന്റെ ലൈബ്രറി ഉപയോഗപ്പെടുത്തി വരുന്നു. റിപ്പോർട്ടുവർഷം ഏകദേശം 49,500/- രൂപയുടെ പുസ്തകങ്ങൾ ലൈബ്രറിക്കുവേണ്ടി വാങ്ങിച്ചിട്ടുണ്ട്. ഇപ്പോൾ ഏകദേശം 1463 പുസ്തകങ്ങൾ കമ്മീഷന്റെ പുസ്തകശേഖരത്തിലുണ്ട്. ഇതിനുപുറമെ ആനുകാലിക പ്രസിദ്ധീകരണങ്ങളും നിയമ ജേർണലുകളും വരുത്തുന്നുമുണ്ട്.

## മീഡിയ മോണിറ്ററിംങ് സെൽ

ദൃഷ്യ ശ്രവ്യ മാദ്ധ്യമങ്ങളിൽ സ്ത്രീകളെ കച്ചവടച്ചരക്കാക്കി പ്രദർശിപ്പിക്കുന്ന കോർപ്പറേറ്റ് ഏജൻസികളുടെ സ്ഥാപിത താൽപ്പര്യങ്ങൾക്കെതിരെ ശക്തമായ നടപടിയെടുക്കുന്നതിന്റെ ഭാഗമായിട്ടാണ് "മീഡിയ മോണിറ്ററിംങ് സെല്ലിന്" രൂപം നൽകിയത്. സമിതിയുടെ ശക്തമായ ഇടപെടൽ കാരണം ഒരളുവരെ ഈ മേഖലയിൽ നിയന്ത്രണം കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. മീഡിയ മോണിറ്ററിംഗ് സെല്ലിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

1. അശ്ലീല പുസ്തകങ്ങൾ സി.ഡി.കൾ എന്നിവയ്ക്കെതിരെ നടപടി സ്വീകരിക്കുക.
2. സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്ന സിനിമകൾ, പരസ്യങ്ങൾ എന്നിവയ്ക്കെതിരെ നടപടി സ്വീകരിക്കുക.
3. മാഗസീനുകൾ, ടി.വി. എന്നിവയിൽ സ്ത്രീകളെ മോശമായ ചിത്രീകരിക്കുന്നതു തടയുന്നതു സംബന്ധിച്ച് മാധ്യമ പ്രതിനിധികളുമായി ചർച്ച നടത്തുക.
4. മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം വരുത്തുന്ന ദൂഷ്യഫലങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുക.
5. മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം വരുത്തുന്ന ദൂഷ്യഫലങ്ങളെക്കുറിച്ച് ഡോക്യുമെന്ററികൾ തയ്യാറാക്കി പ്രദർശിപ്പിക്കുക.

ശ്രീ. ബി.ആർ.പി. ഭാസ്ക്കർ, ശ്രീമതി. റോസ്മേരി, ശ്രീമതി കെ.ആർ. ബീന, ശ്രീമതി. ബീന മോൾ, ഡോ. മൃദുൽ ഈപ്പൻ, ഡോ. അലക്സാണ്ടർ ജേക്കബ്, ശ്രീമതി. പാർവ്വതീ ദേവി തുടങ്ങിയവരടങ്ങിയതാണ് മോണിറ്ററിംങ് സമിതി. റിപ്പോർട്ടുവർഷം കോഴിക്കോട്ടുവച്ച് സമിതിയുടെ ഒരു യോഗം ചേരുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ മാദ്ധ്യമങ്ങൾക്ക് ഒരു വനിതാ നയം തയ്യാറാക്കാൻ ഉദ്ദേശിക്കുന്നു. കരടുനയം അവസാനവട്ട ചർച്ചയിലാണ്.

ബോധവത്ക്കരണമാണ് സ്ത്രീ ശാക്തീകരണത്തിന് ഏറ്റവും നല്ല മാർഗ്ഗം എന്നാണ് വനിതാ കമ്മീഷന്റെ കണ്ടെത്തൽ. ഈ ഉദ്ദേശത്തോടെ താഴെപ്പറയുന്ന ബോധവത്ക്കരണ പരിപാടികൾ നടപ്പുവർഷം കമ്മീഷൻ ഏറ്റെടുത്തു നടത്തുകയുണ്ടായി.

1. പത്രപരസ്യം
2. ഡോക്യുമെന്ററി പ്രദർശനം
3. ബ്രോഷർ, ബുക്ക്ലെറ്റ് പോസ്റ്റർ എക്സിബിഷൻ
4. സെമിനാർ നിയമബോധവത്ക്കരണ പരിപാടികൾ
5. കോളേജ് / സ്കൂൾ വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായുള്ള 'കലാലയജ്യോതി' പരിപാടി.

**1. പത്രപ്പരസ്യം**

വനിതാ കമ്മീഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങളെ അറിയിക്കുന്നതിന് പത്രമാദ്ധ്യമങ്ങളിലൂടെയുള്ള പരസ്യം അത്യന്താപേക്ഷിതമാണ്. ഇന്ന് സ്ത്രീകൾ പ്രത്യേകിച്ചും വിദ്യാർത്ഥിനികൾ, അഭിമുഖീകരിക്കുന്ന ഭീഷണിയാണ് മൊബൈൽ ഫോണിന്റെ ദുരുപയോഗം മൊബൈൽ ഫോൺ എങ്ങനെയെല്ലാം ദുരുപയോഗം ചെയ്യപ്പെടുന്നു. മൊബൈൽ മുഖേന ലഭിക്കുന്ന ഭീഷണികൾ എപ്രകാരം കൈകാര്യം ചെയ്യാം എന്നിവയെല്ലാം വിശദമാക്കുന്ന പത്രപ്പരസ്യംത്തിന് വളരെ നല്ല പ്രതികരണമാണ് വിദ്യാർത്ഥിനികളിൽ നിന്നും ലഭിച്ചത്. അതുകൂടാതെ ജാഗ്രതാസമിതികളുടെ ഉദ്ദേശവും പ്രവർത്തനവും വിശദീകരിക്കുന്ന പരസ്യം, കേരള വനിതാ കമ്മീഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അറിവ് നൽകുന്ന പരസ്യം എന്നിവയും റിപ്പോർട്ടു വർഷത്തിൽ 18 സി', 'ഡി' ഗ്രേഡ് പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. 10.50 ലക്ഷം രൂപ ഈയിനത്തിൽ ചെലവഴിക്കുകയുണ്ടായി.

**2. ഡോക്യുമെന്ററി / ആഡിയോ / വീഡിയോ സ്പോട്ടുകളുടെ പ്രദർശനം**

നടപ്പുവർഷം പുതിയ ഡോക്യുമെന്ററികൾ ഒന്നും തന്നെ കമ്മീഷൻ നിർമ്മിച്ചിട്ടില്ല. നേരത്തേ നിർമ്മിച്ച ഡോക്യുമെന്ററികൾ, സെമിനാർ / വർക്കുഷോപ്പുകൾ തുടങ്ങിയ പൊതുപരിപാടികളിൽ ജനങ്ങൾക്കു കാണാനുള്ള അവസരമൊരുക്കുകയാണ് ചെയ്തത്. കൂടാതെ വനിതാ കമ്മീഷൻ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്കായി കോളേജ് - സ്കൂൾ തലത്തിൽ നടത്തിയ 'കലാലയജ്യോതി' എന്ന ബോധവത്ക്കരണ പരിപാടികളിലും ഡോക്യുമെന്ററികൾ പ്രദർശിപ്പിക്കുകയുണ്ടായി. സ്ത്രീധനത്തിന്റെ വിപത്തു വ്യക്തമാക്കുന്ന 'പുതുവഴിക്ക് ഈ പൂച്ചെണ്ടു' എന്ന ഡോക്യുമെന്ററിക്ക് വിദ്യാർത്ഥി വിദ്യാർത്ഥിനികളിൽ നിന്നും വളരെ നല്ല പ്രതികരണമാണ് ലഭിച്ചത്. വിവിധ വിഷയങ്ങളിൽ തയ്യാറാക്കിയ വീഡിയോ സ്പോട്ടുകൾ ദൂരദർശൻ മുഖേനയും മറ്റു സ്വകാര്യ ചാനലുകൾ മുഖേനയും സംപ്രേഷണം ചെയ്യുകയും ആഡിയോ സ്പോട്ടുകൾ ആകാശവാണി, മറ്റു സ്വകാര്യ എഫ്.എം. ചാനലുകൾ എന്നിവ മുഖേന പ്രക്ഷേപണം ചെയ്യുകയുണ്ടായി. സ്ത്രീധനം, ഗാർഹികാതിക്രമം, സ്വർണ്ണാഭരണഭ്രമം എന്നീ സാമൂഹിക വിപത്തുകൾക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിൽ പ്രസ്തുത പരസ്യങ്ങൾക്ക് ഒരളവുവരെ കഴിഞ്ഞിട്ടുണ്ട്. 31 ലക്ഷം രൂപ ഈയിനത്തിൽ നടപ്പുവർഷം ചെലവഴിക്കുകയുണ്ടായി.

## ബ്രോഷർ / ബുക്ക്ലെറ്റ് / പോസ്റ്റർ / എക്സിബിഷൻ

സ്ത്രീധനത്തിന്റെ വിപത്ത് ഗാർഹികാതിക്രമം, വിവാഹനിയമങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ വനിതാ കമ്മീഷൻ നടപ്പുവർഷം ബ്രോഷർ / ബുക്ക്ലെറ്റ് എന്നിവ തയ്യാറാക്കുകയുണ്ടായി. കമ്മീഷന്റെ സെമിനാർ / വർക്കുഷോപ്പ് തുടങ്ങിയ പൊതുപരിപാടികളിൽ സൗജന്യമായിട്ടാണ് ഈ പ്രസിദ്ധീകരണങ്ങൾ വിതരണം ചെയ്യുന്നത്. കൂടാതെ മീഡിയാമോണിറ്ററിംങ് സമിതിയോഗം, അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് വി.ജെ.ടി. ഹാളിൽ നടത്തിയ പരിപാടി എന്നിവയോടനുബന്ധിച്ച് പോസ്റ്റർ എക്സിബിഷനും നടത്തുകയുണ്ടായി. 4.99 ലക്ഷം രൂപ ഈയിനത്തിൽ ചെലവഴിക്കുകയുണ്ടായി.

## സെമിനാർ / നിയമബോധവത്ക്കരണ പരിപാടികൾ

റിപ്പോർട്ടുവർഷം താഴെപ്പറയുന്ന വിഷയങ്ങളിൽ സംസ്ഥാനത്തുടനീളം നിയമബോധവത്ക്കരണ പരിപാടികൾ / സെമിനാറുകൾ നടത്തുകയുണ്ടായി.

1. ജാഗ്രതാസമിതി – ഉദ്ദേശവും ലക്ഷ്യവു പ്രവർത്തനരീതിയും
2. സ്ത്രീധനനിരോധന നിയമം
3. ഗാർഹികാതിക്രമങ്ങളിൽ നിന്നും സ്ത്രീകൾക്കു സംരക്ഷണം നൽകുന്ന നിയമം.
4. ഭ്രൂണഹത്യ സൃഷ്ടിക്കുന്ന ആരോഗ്യപ്രശ്നങ്ങൾ
5. വിവാഹനിയമങ്ങൾ
6. ജോലിസ്ഥലത്തെ ലൈംഗിക പീഢനം
7. പെൺവാണിഭത്തിന്റെ പ്രധാന കാരണങ്ങൾ
8. മൊബൈൽ ദുരുപയോഗം
9. വനിതാ കമ്മീഷന്റെ പ്രവർത്തനം.

# അദ്ധ്യായം - XIII

## സാർവ്വദേശീയ മഹിളാദിനാചരണം

മുൻവർഷങ്ങളിലേപ്പോലെ സാർവ്വദേശീയ മഹിളാദിനം ഈ വർഷവും സമുചിതം ആഘോഷിക്കുകയുണ്ടായി. തിരുവനന്തപുരം വി.ജെ.ടി. ഹാളിൽ വച്ചു 8.03.2009 ന് നടന്ന പൊതുപരിപാടിയിൽ സിമ്പോസിയം, ചർച്ച, വനിതാ കമ്മീഷൻ നിർമ്മിച്ച ഡോക്യുമെന്ററികളുടെ പ്രദർശനം എന്നിവ നടത്തുകയുണ്ടായി. പ്രശസ്ത കവി. ഒ.എൻ.വി. കുറുപ്പിന്റെ അദ്ധ്യക്ഷതയിൽ നടന്ന സാംസ്ക്കാരിക സമ്മേളനത്തിൽ സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിൽ വനിതാ കമ്മീഷൻ സ്തുത്യർഹമായ സേവനമാണ് കാഴ്ചവെക്കുന്നതെന്ന് അഭിപ്രായപ്പെടുകയുണ്ടായി. തിരുവനന്തപുരം ആകാശവാണി സ്ത്രീ ശാക്തീകരണത്തിന്

ഊന്നൽ നൽകി അവതരിപ്പിച്ച വിവിധ കലാപരിപാടികൾ ചടങ്ങിനു മിഴിവേകി.

**ജാഗ്രതാസമിതി - തെരുവു നാടകം**

ജാഗ്രതാസമിതികളെ പുനഃസംഘടിപ്പിച്ചുകൊണ്ട് ഗവൺമെന്റ് ഉത്തരവു പുറപ്പെടുവിക്കുകയും പ്രവർത്തന രീതി വിശദമാക്കിക്കൊണ്ട് വനിതാ കമ്മീഷൻ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ജാഗ്രതാസമിതികളുടെ പ്രവർത്തനത്തെക്കുറിച്ച് ഇനിയും ജനങ്ങൾക്ക് വേണ്ടത്ര അറിവില്ല എന്നതാണ് സത്യം. ഈ സാഹചര്യത്തിലാണ് ജാഗ്രതാസമിതികളുടെ പ്രവർത്തനത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് സംസ്ഥാന പോലീസ് സേനാംഗ ങ്ങൾ അഭിനേതാക്കളായി ഒരു തെരുവുനാടകം സംസ്ഥാനത്തുടനീളം അവതരി പ്പിച്ചത്. ടി പരിപാടിയുടെ ഔദ്യോഗിക ഉത്ഘാടനം കോഴിക്കോട് വച്ചു 02.03.2009 ന് മെമ്പർ ശ്രീമതി. ടി. ദേവിയുടെ അദ്ധ്യക്ഷതയിൽ നടന്നു. തുടർന്ന് എല്ലാ ജില്ല കളിലും ഒന്നും രണ്ടും പരിപാടികൾ ദിവസേന നടത്തുകയുണ്ടായി. മ്യൂസിയം വളപ്പിൽ വച്ചു നടന്ന സമാപന സമ്മേളനം ഉത്ഘാടനം ചെയ്തുകൊണ്ട് കമ്മീ ഷൻ ചെയർപേഴ്സൺ ജസ്റ്റീസ് ഡി. ശ്രീദേവി നടത്തിയ അദ്ധ്യക്ഷ പ്രസംഗത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജാഗ്രതസമിതികൾ രൂപീകരിക്കുന്നതിന്റെ ആവ ശ്യകത എടുത്തുപറയുകയുണ്ടായി. സമൂഹത്തിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് തുടക്കം കുറിക്കുന്ന കാൽവെപ്പാണ് ജാഗ്രതാസമിതി രൂപീകരണം ഒരു പഞ്ചായ ത്തിൽ / വാർഡിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെയുണ്ടാകുന്ന അതി ക്രമങ്ങൾക്ക് അവിടെവെച്ചുതന്നെ പരിഹാരമുണ്ടാക്കുക എന്നു വന്നാൽ തീർച്ച യായും അത് സ്ത്രീ സമത്വത്തിന് ആക്കം കൂട്ടുന്ന പ്രക്രീയ തന്നെയാണ്. സംസ്ഥാന തലത്തിൽ മോണിറ്ററിംങ് സമിതി രൂപീകരിച്ച് ജാഗ്രതാസമിതികളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുവാനുള്ള നടപടികളായിരിക്കും കമ്മീഷൻ സ്വീകരിക്കുക.

# അദ്ധ്യായം - XIV

## കമ്മീഷന്റെ മറ്റു പ്രവർത്തനങ്ങൾ

### ഷോർട്ട് സ്റ്റേ ഹോം

ഗാർഹികപീഢനത്തിനും മറ്റു അതിക്രമങ്ങൽക്കും വിധേയരായി വീട്ടിൽ നിന്നും പുറത്താക്കപ്പെടുന്ന സ്ത്രീകളെ താൽക്കാലികമായി താമസിപ്പിക്കുന്നതി നായി കമ്മീഷന്റെ കീഴിൽ ഒരു താൽക്കാലിക വസതി തിരുവനന്തപുരത്ത് പ്രവർത്തി ക്കുന്നുണ്ട്. ഇപ്പോൾ ഏകദേശം 20 അംഗങ്ങൾക്ക് ടി താൽക്കാലിക വസതിയിൽ അഭയം നൽകിയിട്ടുണ്ട്.

ഷേർട്ട് സ്റ്റേ ഹോമിനുവേണ്ടി നല്ല ഒരു കെട്ടിടം വാടകക്കെടുക്കുകയും അന്തേവാസികൾക്ക് ഫ്രിഡ്ജ്, മിക്സി, കട്ടിൽ, കിടക്ക, തലയിണ എന്നിവ വാങ്ങു കയും ചെയ്തു.

## അടിയന്തിര സഹായപദ്ധതി

ചികിത്സാചെലവിലേക്ക് അടിയന്തിര സാമ്പത്തികസഹായം വേണ്ടവർക്കും, അതിക്രമത്തിനു വിധേയരായി ചികിത്സ ആവശ്യമുള്ളവർക്കും, സാമ്പത്തിക സഹായം ലഭ്യമാക്കുന്ന ഡിസ്ട്രസ് റിലീഫ് ഫണ്ട് പദ്ധതിയും കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്നു. ഉദാരമതികളായ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഡിസ്ട്രസ് റിലീഫ് ഫണ്ടിലേക്ക് സംഭാവന ചെയ്യാവുന്നതാണ്.

1. 19.11.2008-ൽ ഗവ. ഗസ്റ്റ് ഹൗസിൽ കേരള വനിതാ കമ്മീഷൻ നടത്തിയവനിത വ്യവസായികളുടെ പ്രശ്നങ്ങൾ - ശില്പശാല മിനിട്ട്സ്.

വനിത വ്യവസായികളുടെ പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും സംബന്ധിച്ച് കേരള വനിത കമ്മീഷൻ നടത്തിയ ശിൽപ്പശാല വനിത കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് ഡി. ശ്രീദേവിയുടെ അദ്ധ്യക്ഷതയിൽ 10.55 ന് ആരംഭിച്ചു. വനിത കമ്മീഷൻ മെമ്പർ ശ്രീമതി സൈനബ സ്വാഗത പ്രസംഗം നടത്തി. ബഹു. വ്യവസായ വകുപ്പു മന്ത്രി ശ്രീ. ഇളമരം കരീം ഉത്ഘാടനം ചെയ്തു. ഉത്ഘാടന പ്രസംഗത്തിൽ വനിത വ്യവസായികളെ ഏകോപിപ്പിച്ചു ഉത്പന്നങ്ങളുടെ ഗുണനിലവാരം ഉയർത്തി ഹോം ഷെഡ് സ്ഥാപനങ്ങൾക്ക് മുൻഗണനയും സാമ്പത്തിക സഹായവും നൽകി ഉൽപ്പന്നങ്ങൾ മാർക്കറ്റ് മൂല്യമുള്ള കമ്പനികൾക്ക് വിറ്റഴിക്കുക വഴി ലാഭം കണ്ടെത്താൻ സാധ്യമാകുമെന്നും വിപണന മേളകൾ നടത്തി ജനങ്ങളെ ആകർഷിപ്പിക്കാനും കൂടുതൽ വനിതകളെ മുന്നോട്ടു കൊണ്ടുവരുന്നതിനും സാധ്യമാകുമെന്ന് പ്രസ്താവിച്ചു. വ്യവസായ മേഖലയിലെ ലോണുകളും ബാധ്യതകളും എഴുതിത്തള്ളുന്നതിന് ക്യാബിനറ്റ് മീറ്റിംഗിൽ ചർച്ചാ റിപ്പോർട്ട് സമർപ്പിക്കാമെന്നും ഈ മന്ത്രിസഭ അധികാരത്തിൽ വന്നശേഷം അങ്കമാലി, പെരുമ്പാവൂർ, ആലുവ കൊടുങ്ങല്ലൂർ, കോട്ടപ്പുറം തുടങ്ങിയ സ്ഥലങ്ങളിൽ വനിതാ വ്യവസായികൾക്കായി പദ്ധതികൾകൊണ്ടുവന്നിട്ടുണ്ടെന്നും ധാരാളം ധനസഹായം നൽകി വരുന്നതായും കൂലിവർദ്ധന നൽകി വരുന്നതായും സിക്ക് യൂണിറ്റുകളുടെ റിവൈവൽ നടന്നുവരുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതായും കൂടുതൽ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനായി വനിതകൾക്ക് ട്രെയിനിംഗ് നൽകാനുള്ള സംവിധാനം ഏർപ്പെടുത്താമെന്നും ഖാദി യൂണിറ്റുകളെ ഉയർത്തിക്കൊണ്ട് വരുന്നതിനും കൂടുതൽ ഡിസൈനുകൾ തുടങ്ങിയ  സ്ഥലങ്ങളിൽ വനിതാ വ്യവസായികൾക്കായി സ്കൂപൈൻ, പ്ലസ്റ്റർ (1) കൂടുതൽ വർക്ക് ഷെഡ്യൂളുകൾ രൂപീകരിക്കുന്നതിനും ഖാദി തുണികൾ ആകർഷകങ്ങളായ ഡിസൈനുകൾ വിദഗ്ദരെകൊണ്ട് ചെയ്യിപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമെന്നും ഖാദി തുണിത്തരങ്ങളുടെ മഹത്വത്തെ പ്രചരിപ്പിക്കുന്നതിന് ഖാദി ഗാർമെന്റ് പ്രോജക്ടുകൾ നടത്തുമെന്നും വൺവില്ലേജ് വൺ പ്രോജക്ട് എന്ന പദ്ധതിക്ക് ലോക്കൽ ആളുകളുടെയും ഗവൺമെന്റിന്റെയും സഹായത്താൽ തുടങ്ങുമെന്നും ഓരോ സ്ഥലത്തിനും അനുയോജ്യമായ വിധത്തിൽ ഏറ്റവും നല്ല ഗുണനിലവാരത്തിൽ ഒരു ഉല്പന്നം ഉണ്ടാക്കുന്ന പദ്ധതി പ്രോൽസാഹിപ്പിക്കുകുമെന്നും നടപടികളുടെ മേൽനോട്ടം വഹി

ക്കാൻ വനിതാ ജില്ലാ ഓഫീസറെ നിയമിക്കുമെന്നും ചടങ്ങുകൾക്ക് ബൊക്കെ നൽകുന്നതിന് പകരം ഖാദി ഷാൾ നൽകി ആദരിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുമെന്നും കുറഞ്ഞ നിരക്കിൽ ലോൺ കൊടുത്ത് വനിതാ വ്യവസായികളെ മുന്നോട്ട് കൊണ്ടുവരാൻ ശ്രമിക്കുമെന്നും ബഹു. മന്ത്രി അറിയിച്ചു.

സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് അംഗം ഡോ. മൃതുൽ ഈപ്പൻ ആശംസാ പ്രസംഗം നടത്തി. കുടിൽ വ്യവസായവും കുടുംബശ്രീ തുടങ്ങിയ ചെറുകിട വ്യവസായങ്ങളിൽ മാത്രമേ സ്ത്രീ പ്രാതിനിധ്യം കാണുന്നുള്ളൂ എന്നും വൻകിട വ്യവസായ മേഖലകളിൽ സ്ത്രീയുടെ പങ്ക് ഉണ്ടാവാൻ വേണ്ട നടപടികളും പ്രോത്സാഹനങ്ങളും സർക്കാർ തലത്തിൽ ഉണ്ടാകണമെന്നും വീടിന്റെ ചുമതലയും തൊഴിൽ മേഖലയും ഒരുമിച്ച് സ്ത്രീകൾ കൈകാര്യം ചെയ്യുന്നതിനെ അഭിനന്ദിക്കണമെന്നും ഗുണനിലവാരമുള്ള ഉത്പന്നങ്ങൾ തന്നെ സ്ത്രീ വ്യവസായികൾ ഉണ്ടാക്കമെന്നും ട്രെയിനിംഗ് സമയത്ത് സർക്കാരിൽ നിന്നും സ്ത്രീ വ്യവസായികൾക്ക് സ്റ്റൈപന്റ് നൽകാൻ നടപടി ഉണ്ടാകണമെന്നും അഭ്യർത്ഥിച്ചു. കൂടാതെ ജോലി സ്ഥലത്തെ പീഢനങ്ങൾ, തൊഴിലാളി പ്രശ്നം, ലൈംഗിക ചൂഷണം, ഗാർഹിക പീഢനം ഇവയെല്ലാം അവസാനിപ്പിക്കാനുള്ള ശ്രമം നടത്തണമെന്നും അഭ്യർത്ഥിച്ചു.

വ്യവസായ വകുപ്പ് ഡോക്ടർ ടി.ഒ. സൂരജ്. ഐ.എ.എസ്സ്. വനിതാ വ്യവസായികൾക്ക് സബ്സിഡി നൽകുന്ന സ്കീം കൊണ്ടുവന്നിട്ടുണ്ടെന്നും പുതിയ വനിതാ സംരംഭകരെ കണ്ടെത്താനുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകുമെന്നും, പരിശീലനം നേടിയ വനിതകൾ കേരളത്തിൽ കുറവാണെന്നും ആയതിനാൽ ഉത്പാദനക്ഷമതയും ഗുണനിലവാരവും കുറവാണെന്നും ആയത് ഉയർത്തുന്നതിനായി വനിതാ വ്യവസായികൾ കൂട്ടായ ശ്രമം നടത്തണമെന്നും ജെ കട്ടിംഗ് മേഖലയിൽ സ്ത്രീകൾക്ക് (200) ട്രെയിനിംഗ് നൽകിയിട്ടുണ്ടെന്നും ഓരോ ജില്ലയുടെയും മേൽനോട്ടം വഹിക്കുന്നതിനായി ഓരോ വനിതാ ഉദ്യോഗസ്ഥയെ നിയമിക്കുമെന്നും അറിയിച്ചു.

വനിതാ കമ്മീഷൻ അംഗം ശ്രീമതി ടി. ദേവി വിഷയാവതരണം നടത്തി. 14 ജില്ലയിലെയും വിശദ പഠനം നടത്തിയ വ്യവസായ സർവ്വെ റിപ്പോർട്ട് കുടുംബശ്രീയുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട് തുടങ്ങിയ സ്ത്രീകളുടെ ജീവിത നിലവാരം ഉയർത്തുന്നതിനുതകുന്ന പാഠ്യവിഷയ പഠനറിപ്പോർട്ട് മേലധികാരികളെ ബോധിപ്പിച്ചു. വനിതാ വ്യവസായികൾക്ക് ക്ഷേമനിധി പദ്ധതി വേണമെന്ന് ശക്തമായ നിർദ്ദേശം ഉന്നയിച്ചു. വനിതാവ്യവസായ യൂണിറ്റുകൾ എല്ലാം തന്നെ രജിസ്റ്റർ ചെയ്യാനും ഖാദി ഉൽപ്പന്നങ്ങളുടെ ഉത്പാദനവും ഉപയോഗവും കൂട്ടാനുള്ള നിർദ്ദേശവും കുടുംബശ്രീയും വ്യവസായയൂണിറ്റുകളും കോ-ഓർഡിനേറ്റ് ചെയ്ത് ഒന്നാക്കികൊണ്ടുവരാനുള്ള പദ്ധതി ആവിഷ്ക്കരിക്കാനും വനിതാ വ്യവസായി ഫണ്ട് ആർജിക്കാനുള്ള പദ്ധതികൊണ്ടുവരണമെന്നും ലോൺ എടുക്കുമ്പോൾ ഉള്ള നിബന്ധനകൾ സാധൂകരിക്കണമെന്നും വനിതാ വ്യവസായികൾക്ക് വിദഗ്ധ പരിശീലനം കൊടുക്കാനുള്ള പ്രത്യേക യൂണിറ്റും സ്റ്റൈപന്റും അനുവദിക്കണമെന്നും

അവിവാഹിതർക്കും വിധവകൾക്കും മുൻഗണന നൽകണമെന്നും ജില്ലാ പഞ്ചായത്ത് തലത്തിൽ ഒരു കോ-ഓർഡിനേഷൻ ഉണ്ടാകണമെന്നും ചെറുകിട വ്യവസായികൾക്ക് വെൽഫയർ ഫണ്ട് രൂപീകരിക്കണമെന്നും ഇപ്പോൾ 35% വ്യവസായവും തകർച്ചയിലാണെന്നും അറിയിച്ചു.

കാനറാ ബാങ്ക് മാനേജർ ശ്രീമതി. സുജാതകുമാരി ബാങ്ക് വായ്പ സംബന്ധിച്ച വിവരങ്ങൾ സംസാരിച്ചു. ലോൺ എടുക്കുന്നതിന്റെ രീതികളെയും നിർദ്ദേശങ്ങളെയും കുറിച്ചു ഒരവബോധം ഉണ്ടാക്കി. പ്രോജക്ടിന്റെ എഫിഷ്യൻസി അനുസരിച്ച് മാത്രമേ ലോൺ കിട്ടുകയുള്ളൂ എന്നും പ്രോജക്ട് നന്നായി പഠിച്ച് ഒരു ധാരണയുണ്ടാക്കണമെന്നും പ്രോജക്ടിന്റെ കാലയളവ്, ഉത്പന്നങ്ങളുടെ ആവശ്യകത, അസംസ്കൃത വസ്തുക്കളുടെ ലഭ്യത, മാൻപവർ, ഓർഗനൈസേഷൻ, കഴിവുള്ള വനിതകളെ കണ്ടെത്തി പരിശീലനം നൽകൽ പ്രോജക്ടിനെ കുറിച്ച് ബോധവത്ക്കരണം, ട്രെയിനിംഗ്, എംപവർമെന്റ്, തൊഴിലാളികളുടെ കൂട്ടായ്മ എന്നിവ നന്നായി കോ-ഓർഡിനേറ്റ് ചെയ്താലേ വ്യവസായം പുരോഗമിക്കൂ എന്ന് നിർദ്ദേശിച്ചു. വൈവിധ്യമാർന്ന ഉത്പന്നങ്ങൾ നിർമ്മിച്ചാലേ ജനങ്ങളിൽ ശ്രദ്ധ പതിപ്പിക്കാൻ പറ്റൂ. ഗ്രൂപ്പ് വർക്കിനാണ് ലോൺ കൊടുക്കാൻ ബാങ്കിന് താൽപര്യം. സ്ത്രീ വ്യവസായികളാണ് പുരുഷന്മാരെക്കാൾ ലോൺ കൃത്യമായി അടയ്ക്കാൻ തത്പരത കാണിക്കുന്നതെന്നും പറയുകയുണ്ടായി.

കെ.എഫ്.സി. ജനറൽ മാനേജർ ശ്രീ. പ്രേമാനന്ദ്, ദീർഘകാലാവധിയിൽ ചെറിയ പലിശ നിരക്കിൽ വ്യവസായ സ്ഥാപനങ്ങൾക്ക് കെ.എഫ്.സി. യിൽ നിന്ന് ലോൺ കൊടുത്തു വരുന്നുണ്ടെന്നും ആയതിന്റെ മാർഗ്ഗനിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകി വരുന്നുണ്ടെന്നും സിക്ക് യൂണിറ്റ് റിവൈവലിന് വേണ്ട ധനസഹായം ചെയ്യുന്നുണ്ടെന്നും വനിതാ പോളിടെക്നിക്ക് പ്രവർത്തിച്ചുവരുന്നുണ്ടെന്നും സ്ത്രീ-പുരുഷ വ്യത്യാസമില്ലാതെയാണ് ഇപ്പോൾ ലോൺ കൊടുത്തുവരുന്നതെന്നും പറഞ്ഞു.

നബാർഡ് ബാങ്കിനെ പ്രതിനിധീകരിച്ച് സംസാരിച്ചതിൽ നാലായിരത്തോളം പേർക്ക് തൊഴിൽ പരിശീലനം നടത്താൻ ഗ്രാന്റ് അനുവദിക്കുമെന്നും ടെക്നോളജി അപ്ഗ്രഡേഷന് ചെയ്യാൻ മാർഗ്ഗനിർദ്ദേശം നൽകുന്നുണ്ടെന്നും കഴിവ് നോക്കി തൊഴിൽ നൽകുന്ന പദ്ധതി നടപ്പാക്കുമെന്നും വുമൺ ഡെവലപ്മെന്റ് സെല്ലുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ഗ്രാമീണതലത്തിൽ നിന്നും വ്യവസായ യൂണിറ്റുകൾ ഉടലെടുക്കാൻ വേണ്ട ധനസഹായം നൽകാൻ തയ്യാറാണെന്നും അറിയിച്ചു.

വനിതാ കമ്മീഷൻ സെക്രട്ടറി ശ്രീ.വി.പി. രാമചന്ദ്രൻ കൃതജ്ഞത പറഞ്ഞു അതിനുശേഷം മോഡറേറ്റർ ശ്രീമതി ലിഡാ ജേക്കബ്ബ് ചർച്ച നടത്തി. 2007 മാർച്ചിൽ 190000 ചെറുകിട വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിതമായെന്നും അതിൽ 41000 സ്ത്രീ വ്യവസായ യൂണിറ്റുകൾ ഉണ്ടെന്നും സ്ത്രീ വ്യവസായി യൂണിറ്റുകളുടെ

എണ്ണം കുറയുവാൻ കാരണങ്ങൾ താഴെ പറയുന്നവയാണെന്നും അറിയിച്ചു.

1. ആവശ്യമുള്ള തയ്യാറെടുപ്പികളുടെ അപാകത
2. സാമ്പത്തിക ഭദ്രത ഇല്ലായ്മ
3. അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്
4. കാര്യക്ഷമതയുള്ള മെഷീനുകളുടെ അപര്യാപ്തത
5. ഫൈനാൻഷ്യൽ മാനേജ്മെന്റിന്റെ അപാകത
6. നേരായ മാർഗ്ഗം ഫണ്ടുകൾ കൈകാര്യം ചെയ്യാതിരിക്കൽ
7. മാർക്കറ്റിംഗ് നേരായി നടക്കുന്നില്ല.
8. വിപണനത്തിനുള്ള മേഖലകൾ കണ്ടെത്താൻ കഴിയാത്തത്.
9. നിലവാരമില്ലാത്ത ഉത്പന്നങ്ങൾ
10. സ്കിൽ ഇൻപ്രൂവ്മെന്റ് ഇല്ലായ്മ

തുടങ്ങിയവയാണെന്നും അമ്പത്തീരായിരം വ്യവസായ യൂണിറ്റിൽ 30% മാത്രമേ നന്നായി പ്രവർത്തിക്കുന്നുള്ളൂ. സിക്ക് യൂണിറ്റുകൾ വിൽക്കുകയോ റിവൈവൽ നടത്തി പുതിയ സംരംഭങ്ങൾ കണ്ടെത്തുകയോ ശരിയായ പഠനം നടത്തി വ്യവസായ യൂണിറ്റുകളെ ഉയർത്തിക്കൊണ്ടുവരാൻ സർക്കാരിന്റെ സഹായം വേണമെന്നും അസംസ്കൃത വസ്തുക്കൾ എത്തിക്കാനും മാർക്കറ്റിംഗ് നടത്താനും അനുയോഗ്യമായ സ്ഥലം തെരഞ്ഞെടുത്ത് വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കണമെന്നും ഉത്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ ലാബ് സൗകര്യം ചെയ്യണമെന്നും ഒരു അഡ്വൈസറി കമ്മിറ്റി രൂപീകരിക്കണമെന്നും ട്രെയിനിംഗ് നൽകി വൈദഗ്ദ്യം വനിതകൾക്ക് നൽകാൻ നിർദ്ദേശിക്കണമെന്നും ചർച്ച ചെയ്തു ചെറുകിട വ്യവസായങ്ങൾ ചെയ്തുവരുന്ന സ്ത്രീകൾ ചർച്ചയിൽ പങ്കെടുത്തു. പലരും വ്യവസായ മേഖലകളിൽ വർഷങ്ങളോളം പ്രവർത്തിപരിചയമുള്ളവരാണ്. എന്നാൽ വ്യവസായങ്ങൾ നടത്തുന്ന പലരും തകർച്ചയിലാണെന്നും ബാങ്കിന്റെ നൂലാമാലകളിൽ കുടുങ്ങി ഉയർന്ന നിരക്ക് പലിശ അടയ്ക്കാൻ കഴിവില്ലാതെ സിക്ക് യൂണിറ്റായി പലരും മാറിയിട്ടുണ്ട്. ആരും ടി മേഖലയിൽ സംതൃപ്തരല്ല. 5 വർഷത്തിൽ കൂടുതൽ വ്യവസായ സ്ഥാപനങ്ങൾ നടത്തിയവർക്ക് പെൻഷൻ സ്കീം നടപ്പിലാക്കാൻ നിർദ്ദേശം നൽകി. കുറഞ്ഞ നിരക്കിൽ പലിശ ലഭിക്കുന്ന രീതിയിൽ ധനസഹായം ലഭ്യമായാൽ മാത്രമേ സ്ത്രീകൾക്ക് വ്യവസായ സ്ഥാപനങ്ങൾ നടത്താൻ സാധ്യമാകൂ എന്നിറിയിച്ചു. കോർ കമ്മിറ്റി രൂപീകരിച്ച് അതിൽ പ്രസിഡന്റ്, സെക്രട്ടറി, ബാങ്ക് മാനേജർ, മെമ്പർ, വ്യവസായ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരെ അംഗങ്ങളാക്കി വർക്ക് പഠനം നടത്താനും ക്ഷേമനിധി ഏർപ്പെടുത്താനും വനിതാ വ്യവസായികളെ വ്യത്യസ്തമേഖലകളിൽ ട്രെയിനിംഗ് കൊടുത്ത് ഉൽപ്പന്നങ്ങൾ ഗുണനിലവാരമുള്ളതാക്കി തീർക്കാനും മറ്റും നിർദ്ദേശങ്ങൾ ഉണ്ടായി. വനിതാ വ്യവസായികൾ ഉൾപ്പെടെ അറുപതോളം പേർ ശില്പ്പശാലയിൽ പങ്കെടുത്തു. കേരളാ വനിതാ കമ്മീഷൻ പി.ആർ.ഒ. ശ്രീ.കൃഷ്ണകുമാർ നന്ദി പറയുകയും യോഗം 4.30 ന് സമാപിച്ചു.

**മഹിളാദിനാചരണം - മാർച്ച് 4, കോഴിക്കോട്**

കേരള വനിതാ കമ്മീഷന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് കോർപ്പറേഷൻ, ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റി എന്നിവയുടെ സഹകരണത്തോടെ 2009 മാർച്ച് 4ന് കോഴിക്കോട് ടാഗോർ സെന്റിനറി ഹാളിൽ സാർവ്വ ദേശീയ മഹിളാദിനം സംഘടിപ്പിച്ചു. കമ്മീഷൻ അംഗം ടി.ദേവി അദ്ധ്യക്ഷത വഹിച്ചു. കോഴിക്കോട് മേയർ എം. ഭാസ്കരൻ ഉദ്ഘാടനം ചെയ്തു. വികസനകാര്യസമിതി ചെയർപേഴ്സൺ സി.കെ രേണുകാദേവി, മുൻ കോഴിക്കോട് മേയർ എം. പത്മാവതി, അഡ്വ. എം. രാജൻ ഗ്ലാഡിസ് പി.ഐസക് തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. തുടർന്ന് മഹിളാദിനത്തിന്റെ പ്രസക്തി എന്ന വിഷയത്തിൽ മുൻ കോഴിക്കോട് മേയർ പ്രൊഫ. എ.കെ. പ്രേമജവും സൈബർ കുറ്റവും മനുഷ്യാവകാശ ലംഘനങ്ങളും എന്ന വിഷയത്തിൽ സിറ്റി പോലീസ് കമ്മീഷണർ അനൂപ് കുരുവിള ജോണും സ്ത്രീകളുടെ മനുഷ്യാവകാശങ്ങൾ എന്ന വിഷയത്തിൽ അഡ്വ. വസന്തവും ക്ലാസെടുത്തു. ഉച്ചക്കുശേഷം നടന്ന ചടങ്ങിൽ അസി. ഡിസ്ട്രിക്ട് ആന്റ് സെഷൻസ് ജഡ്ജ് പി.ഡി. ധർമ്മരാജ് മുഖ്യപ്രഭാഷണം നടത്തി. കോഴിക്കോട് ഡെപ്യൂട്ടി മേയർ പ്രൊഫ. പി. ടി. അബ്ദുൾ ലത്തീഫ് സ്വാഗതം പറഞ്ഞ ചടങ്ങിൽ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി.കെ. നാസർ കൃതജ്ഞത പറഞ്ഞു. 421 പേർ പങ്കെടുത്തു.

**അന്തർദേശീയ വനിതാദിനാചരണം - മാർച്ച് 5, കണ്ണൂർ**

കേരള വനിതാകമ്മീഷന്റെയും കണ്ണൂർ ജില്ലാ പഞ്ചായത്തിന്റേയും സംയുക്താഭിമുഖ്യത്തിൽ അന്തർദേശീയ വനിതാദിനാചരണം സംഘടിപ്പിച്ചു. തലശ്ശേരി ടൗൺ റൂറൽ ബാങ്ക് ഹാൾ ആഡിറ്റോറിയത്തിൽ നടന്ന ചടങ്ങ് കമ്മീഷൻ അംഗം ടി.ദേവി അദ്ധ്യക്ഷത വഹച്ചു. കണ്ണൂർ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് കെ.കെ. നാരായണൻ ഉദ്ഘാടനം ചെയ്തു. തലശ്ശേരി മുനിസിപ്പൽ ചെയർമാൻ കെ.പി. രവീന്ദ്രൻ, തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി. അനിൽകുമാർ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. തുടർന്ന് മഹിളാദിനത്തിന്റെ പ്രസക്തി എന്ന വിഷയത്തിൽ മുൻ, കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ജയലക്ഷ്മിയും സൈബർ കുറ്റവും മനുഷ്യാവകാശ ലംഘനങ്ങളും എന്ന വിഷയത്തിൽ കണ്ണൂർ ഐ. ജി.വി..ശാന്തറാം ഐ.പി.എസും സ്ത്രീകൾ നേരിടുന്ന സാമൂഹിക പ്രശ്നങ്ങൾ എന്ന വിഷയത്തിൽ അഡ്വ. വി.ആർ.വി. ഏഴോം ഉം ക്ലാസെടുത്തു. 312 പേർ പങ്കെടുത്തു.

**മഹിളാസമാജങ്ങളുടെ സംഗമം**

**25-2-09 ന് കാസർഗോഡ്**

കേരള വനിതാകമ്മീഷന്റെ നേതൃത്വത്തൽ 25-2-09-ന് കാസർഗോഡ് ടൗൺ ഹാളിൽ മഹിളാസമാജങ്ങളുടെ സംഗമം നടന്നു. സെമിനാർ വനിതാകമ്മീഷൻ അംഗം ടി ദേവി ഉദ്ഘാടനം ചെയ്തു. ജില്ലാവനിതാ ക്ഷേമ ഓഫീസർ ശ്രീമതി

രാധമ്മ അദ്ധ്യക്ഷത വഹിച്ചു.

സെമിനാർ സെക്ഷനിൽ കേരള വനിതാകമ്മീഷനും മഹിളാസമാജങ്ങളും എന്ന വിഷയം കമ്മിഷൻ അംഗം ടി. ദേവിയും മഹിളാസമാജങ്ങളും സർക്കാർ സഹായങ്ങളും എന്ന വിഷയം ശ്രീ.സി. ശശിധരൻപിള്ളയും ഭ്രൂണ പരിശോധന നിയന്ത്രണ നിയമവും എന്ന വിഷയം ജില്ലാ മീഡിയാ ഓഫീസർ എം. രാമചന്ദ്രനും സംസാരിച്ചു. സ്ത്രീകളെ നിന്ദ്യമായി ചിത്രീകരിക്കൽ നിരോധന നിയമം. ഗാർഹിക അതിക്രമങ്ങളിൽ നിന്ന സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം എന്നീ വിഷയങ്ങളിൽ അഡ്വ.കെ.എം. ബീന ക്ലാസ് എടുത്തു. 350 ൽ അധികം പേർ പങ്കെടുത്തു.

## വനിതാ ശില്പശാല

## ഫ്രെബ്രുവരി 23, കണ്ണൂർ

കേരള വനിതാകമ്മിഷന്റെ ആഭിമുഖ്യത്തിൽ 2009 ഫെബ്രുവരി 23 ന് കണ്ണൂർ ജില്ലാസ്പോർട്ട്സ് കൗൺസിൽ ഹാളിൽ വനിതാശില്പശാല സംഘടിപ്പിച്ചു കെ. ഗൗരി അദ്ധ്യക്ഷത വഹിച്ച ശില്പശാല കമ്മീഷൻ അംഗം ടി. ദേവി ഉദ്ഘാടനം ചെയ്തു. ജില്ലാ അസിസ്റ്റന്റ് ലേബർ ഓഫീസർ കെ. ശശീന്ദ്രൻ സ്ത്രീകളും തൊഴിൽ നിയമങ്ങളും എന്ന വിഷയത്തിലും കേരള വനിതാകമ്മീഷൻ അംഗം ശ്രീമതി. ടി. ദേവി വനിതാകമ്മീഷനും തൊഴിലെടുക്കുന്ന സ്ത്രീകളും എന്ന വിഷയത്തിലും ക്ലാസ്സുകൾ എടുത്തു സ്ത്രീകളെ നിന്ദ്യമായി ചിത്രീകരിക്കൽ നിരോധന നിയമം ഗാർഹിക അതിക്രമങ്ങളിൽ നിന്ന സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം എന്നീ വിഷയങ്ങളിൽ യഥാക്രമം പി. വിമലകുമാരി. വി.ആർ.വി. ഏഴോം, എസ്.കെ. ശൈലജ കുമാരി തുടങ്ങിയവർ ക്ലാസുകൾ എടുത്തു. ശില്പശാലയിൽ 250 ഓളം പേർ പങ്കെടുത്തു.

**3. 28-03-2009**

വനിതാ കമ്മീഷന്റെ നേതൃത്വത്തിൽ കേരള കലാകായിക സാസ്കാരിക വേദി സംഘടിപ്പിച്ച ബോധവത്കരണ സെമിനാർ വനിതാ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റീസ്. ഡി.ശ്രീദേവി ഉത്ഘാടനം ചെയ്തു.

രാവിലെ 10 മണിയ്ക്കു പരിപാടി ആരംഭിച്ചു. യൂത്ത് ക്ലബ് സംസ്ഥാന സെക്രട്ടറി ആയ മിസ്.വൈഷ്ണവി പ്രതാപ് സ്വാഗതം പറഞ്ഞു. 339 പേർ പരിപാടിയിൽ പങ്കെടുത്തു. ശിശുഹത്യ, ഭ്രൂണഹത്യ, സ്ത്രീധനപീഢനം, സ്ത്രീപീഢനം, ഗാർഹിക പീഢനത്തിൽ നിന്നും രക്ഷനേടാനുള്ള നിയമങ്ങൾ തുടങ്ങി ഒട്ടേറെ കാര്യങ്ങളെക്കുറിച്ചു സംസാരിക്കുകയുണ്ടായി.

12 മണിക്കു യോഗം അവസാനിപ്പിച്ചു. തുടർന്നു വനിതാ കമ്മീഷൻ നിർമ്മിച്ച ഡോക്യുമെന്ററികളായ പുതുവഴിക്കീപൂച്ചെണ്ട്. മൈസൂർക്കുള്ള ബസ്സ് എന്നിവ പ്രദർശിപ്പിക്കുകയും 1 മണിയ്ക്കു പരിപാടി അവസാനിപ്പിക്കുകയും ചെയ്തു.

**4. 23-03-2009**

09.03.2009-ന് ടൗൺഹാളിൽ വച്ച് സെമിനാർ നടത്തുകയുണ്ടായി. സെമിനാറിനാവശ്യമായ ക്രമീകരണങ്ങൾ ബഹു. മെമ്പർ പ്രൊഫ. മീനാക്ഷി തമ്പാൻ മാഡത്തിന്റെ നിർദ്ദേശാനുസരണാണ് സംഘടിപ്പിച്ചിട്ടുള്ളത്. സീനിയർ സൂപ്രണ്ട് ശ്രീ. രാജശേഖരൻ സെമിനാറിന്റെ ക്രമീകരണങ്ങൾ ബന്ധപ്പെട്ട സംഘടനാകാരുമായി ചർച്ച ചെയ്യുകയുണ്ടായി. പോസ്റ്റർ, നോട്ടീസ്, ബാഡ്ജ്, സ്റ്റേഷനറി തുടങ്ങിയ എല്ലാ ക്രമീകരണങ്ങളും നടത്തിയിട്ടുണ്ടായിരുന്നു. ഉച്ചയ്ക്ക് 1 മണിക്ക് സെമിനാറിന്റെ ആദ്യ സെക്ഷൻ അവസാനിച്ചിരുന്നു.

തുടർന്ന് 2 മണിക്ക് സെമിനാറിന്റെ ഭാഗമായ വിഷയത്തിൻമേൽ ഗ്രൂപ്പ് ചർച്ച നടത്തിയിരുന്നു. ഗ്രൂപ്പ് ചർച്ചയിൽ വിതരണം നടത്തിയ ചോദ്യാവലി അംഗങ്ങളിൽ നിന്ന് പൂരിപ്പിച്ച് ലഭിക്കുകയുണ്ടായി.

5. കേരള വനിതാ കമ്മീഷൻ ചുങ്കത്തറ ഗ്രാമപഞ്ചായത്ത് 14-ാം വാർഡിൽ വച്ച് നടത്തിയ അന്തർ സംസ്ഥാന വിവാഹങ്ങളെ സംബന്ധിച്ച സെമിനാൽ 2009, മാർച്ച് 24-ന് ഉച്ചക്ക് 2 മണിമുതൽ സംഘടിപ്പിച്ചു. ഇതിൽ 102 പേർ പങ്കെടുത്തു.

വനിതാ കമ്മീഷൻ അംഗം പി.കെ. സൈനബ അന്തർ സംസ്ഥാന വിവാഹങ്ങളും പ്രത്യാഘാതങ്ങളും എന്ന വിഷയത്തിൽ ക്ലാസ്സെടുത്തു. ചടങ്ങിൽ ശ്രീ. സക്കീർ ഹുസൈൻ സ്വാഗതം പറഞ്ഞു. അദ്ധ്യക്ഷത എ.ഡി.എസ്. പ്രസിഡന്റ് റസിയ ചങ്കരത്ത് വഹിച്ചു. ചോദ്യാവലി പൂരിപ്പിച്ച് വാങ്ങുകയുണ്ടായി. ഫോട്ടോ പത്രങ്ങൾക്ക് നൽകി.

ശേഷം മൈസൂർക്കുള്ള ബസ്സ്, പുതുവഴിക്കീ പൂച്ചെണ്ട് എന്നീ ഡോക്യുമെന്ററി പ്രദർശനവുണ്ടായി.

7. കേരളാ വനിതാ കമ്മീഷൻ സർക്കാർ ഉത്തരവ് G.O. (Rt) No.32/2009/SWD dated 21.01.2009 പ്രകാരം അനുവദിച്ചു തന്ന രണ്ടു വിഷയാധിഷ്ഠിത സെമിനാറുകൾ സംഘടിപ്പിച്ചു.

മലപ്പുറം വാരിയൻകുന്നത്ത് കുഞ്ഞഹമ്മദാജി മെമ്മോറിയൽ ടൗൺ ഹാളിൽ വച്ച് 2009 ഫെബ്രുവരി 27 ന് "വനിതാ സഹകരണ സംഘങ്ങളിലെ സ്ത്രീകളും അവർ അനുഭവിക്കുന്ന പ്രശ്നങ്ങളും വെല്ലുവിളികളും" എന്ന വിഷയത്തിൽ ഏകദിന ശിൽപ്പശാല സംഘടിപ്പിച്ചു. 268 പേർ വിവിധ വനിതാ സഹകരണ സംഘങ്ങളെ പ്രതിനിധീകരിച്ച് പങ്കെടുക്കുകയുണ്ടായി. സഹകരണ അസിസ്റ്റന്റ് രജിസ്ട്രാർ ശ്രീ. വാരിജാക്ഷൻ സ്വാഗതം പറഞ്ഞു. ജില്ലാ സഹകരണ ജോയിന്റ് രജിസ്ട്രാർ അദ്ധ്യക്ഷത വഹിച്ചു. വനിതാ കമ്മീഷൻ അംഗം പി.കെ. സൈനബ ഉദ്ഘാടനം ചെയ്തു അഡ്വ. കെ.പി. സുമതി, വനിതാ ഫെഡ് ഡയറക്ടർ, സി. വിജയലക്ഷ്മി, ജില്ലാ സഹകരണബാങ്ക് ഡയറക്ടർ എന്നിവർ ആശംസയർപ്പിച്ചു. പ്രൊഫ.

സുധീർ കുമാർ, Power Point, Presentation നടത്തി. ചർച്ചയിൽ വിവിധ സംഘങ്ങളെ പ്രതിനിധീകരിച്ച് പ്രതിനിധികൾ പങ്കെടുത്തു. ക്രോഡീകരണത്തോടെ ശിൽപ്പശാല സമാപിച്ചു. പാലക്കാട് മുൻസിപ്പൽ ടൗൺ ഹാളിൽ 2009 ഫെബ്രുവരി 26-ന് "അന്തർ സംസ്ഥാന വിവാഹങ്ങൾ - പ്രശ്നങ്ങളും പ്രത്യാഘാതങ്ങളും" എന്ന വിഷയത്തിൽ ഏകദിന ശിൽപ്പശാല സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. എന്നാൽ പാലക്കാട് താലൂക്കിൽ പൊതു അവധി പ്രഖ്യാപിച്ചതിനാൽ പരിപാടി മാറ്റിവയ്ക്കേണ്ടി വന്നു. പിന്നീട് 2009 മാർച്ച് 13-ന് കണ്ണാടി ഗ്രാമപഞ്ചായത്ത് ഹാളിൽ പരിപാടി സംഘടിപ്പിച്ചു. 235 പേർ പങ്കെടുത്തു.

ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ബിനു സ്വാഗതം പറഞ്ഞു. ശ്രീമതി ഗിരിജാ സുരേന്ദ്രൻ, (Ex. MLA) ചെയർ പേഴ്സൺ സാമൂഹ്യക്ഷേമ ബോർഡ് ഉത്ഘാടനം ചെയ്തു. വനിതാ കമ്മീഷൻ അംഗം പി.കെ. സൈനബ അദ്ധ്യക്ഷത വഹിച്ചു. ഡോ. ജയരാജ്, അന്തർ സംസ്ഥാന വിവാഹങ്ങൾ-പ്രശ്നങ്ങളും പ്രത്യാഘാതങ്ങളും സംബന്ധിച്ച് ക്ലാസ്സെടുത്തു. അഡ്വ. ശാന്തകുമാരി സ്ത്രീകളും നിയമങ്ങളും സംബന്ധിച്ച ക്ലാസ്സെടുത്തു. കെ.ഡി.എസ്. സൂപ്പർവൈസർ നന്ദി പറഞ്ഞു. മൈസൂർക്കുള്ള ബസ്സ്, ഛായാമുഖി എന്നീ സി.ഡി. പ്രദർശനങ്ങളുമുണ്ടായി. പങ്കെടുത്തവരിൽ നിന്നും സർവ്വേ ഫാറം പൂരിപ്പിച്ചു വാങ്ങുകയുണ്ടായി. പത്രമാദ്ധ്യമങ്ങൾക്ക് ഫോട്ടോ നൽകി.

**മഹിളാ സമാജങ്ങളുടെ സംഗമം എന്ന പരിപാടിയുടെ റിപ്പോർട്ട്**

മഹിളാ സമാജങ്ങളുടെ സംഗമം എന്ന പരിപാടി 10.45 ന് ആരംഭിച്ചു. ജില്ലാ വനിതാക്ഷേമ ആഫീസർ ശ്രീമതി. രാധമ്മ അദ്ധ്യക്ഷയായിരുന്നു. ഉദ്ഘാടനം കേരള സംസ്ഥാന വനിതാ കമ്മീഷൻ അംഗം ശ്രീമതി ടി. ദേവി നിർവ്വഹിച്ചു. തുടർന്ന് വിഷയാവതരണം നടന്നു.

1. **കേരള വനിതാ കമ്മീഷനും മഹിളാ സമാജങ്ങളും**

   *ശ്രീമതി ടി. ദേവി*, മെമ്പർ, കേരളാ വനിതാ കമ്മീഷൻ

2. **സർക്കാർ സഹായങ്ങളും മഹിളാ സമാജങ്ങളും**

   *ശ്രീ. സി. ശശിധരൻപിള്ള, അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ,* ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റ്, കാസർകോട്

3. **സ്ത്രീകളെ നിന്ദ്യമായി ചിത്രീകരിക്കൽ നിരോധനനിയമം**

4. **ഗാർഹികാതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമവും മഹിളാസമാജങ്ങളും**

5. **ജാഗ്രതാസമിതി കാര്യക്ഷമമാക്കുന്നതിൽ മഹിളാസമാജങ്ങളുടെ പങ്ക് -** *അഡ്വ. കെ.എം. ബീന*

6. **ഗർഭഛിദ്ര നിയമം, ഭ്രൂണ പരിശോധന നിയന്ത്രണ നിയമം.**

- *ശ്രീ.എം. രാമചന്ദ്രൻ, ജില്ലാ മാസ് മീഡിയ ഓഫീസർ,* NDMO (4) കാഞ്ഞങ്ങാട്.

ഈ പരിപാടിയിൽ 350-ലധികം പേർ പങ്കെടുത്തു.

**13. 23.02.2009-ന് കണ്ണൂർ ജില്ലാ സ്പോർട്സ് കൗൺസിൽ ഹാളിൽ നടന്ന വനിതാശിലപ്ശാലയുടെ റിപ്പോർട്ട്**

വനിതാശില്പശാലയുടെ പരിപാടി 10.30-ന് ആരംഭിച്ചു. കണ്ണൂർ ജില്ലാ വർക്കിംഗ് വിമൻസ് കോ-ഓർഡിനേഷൻ കമ്മിറ്റി പ്രസിഡന്റ് ശ്രീമതി കെ. ഗൗരി ആദ്ധ്യക്ഷ്യം വഹിച്ചു. ശില്പശാല കമ്മീഷൻ അംഗം ശ്രീമതി. ടി.ദേവി ഉദ്ഘാടനം ചെയ്തു. തുടർന്ന് ചുവടെ കൊടുക്കുന്ന വിഷയങ്ങളെക്കുറിച്ച് ക്ലാസ്സെടുക്കുകയുണ്ടായി.

1. **കേരള വനിതാ കമ്മീഷനും തൊഴിലെടുക്കുന്ന സ്ത്രീകളും**

   ശ്രീമതി ടി. ദേവി, മെമ്പർ, കേരളാ വനിതാ കമ്മീഷൻ

2. **സ്ത്രീകളും തൊഴിൽ നിയമങ്ങളും**

   ശ്രീ. കെ. ശശീന്ദ്രൻ, അസി. ലേബർ ഓഫീസർ, (ലേബർ ഓഫീസറുടെ പ്രതിനിധി)

3. തൊഴിൽ സ്ഥലത്തെ ലൈംഗിക പീഢനം സംബന്ധിച്ച സുപ്രീകോടതി മാർഗ്ഗ നിർദ്ദേശങ്ങൾ - ശ്രീമതി പി. വിമലകുമാരി

4. സ്ത്രീകളെ നിന്ദ്യമായി ചിത്രീകരിക്കൽ (നിരോധന) നിയമം

   ശ്രീ.വി.ആർ. വിജയൻ

5. ഗാർഹികാതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം

   ശ്രീമതി എസ്.കെ. ശൈലജകുമാരി, സാമൂഹ്യ ക്ഷേമവകുപ്പ്

15. കേരള വനിതാ കമ്മീഷന്റെ നേതൃത്വത്തിൽ 15.03.2009-ന് ചിറയിൻകീഴിലെ കയർതൊഴിലാളികൾക്കായി നടന്ന നിയമബോധവൽക്കരണ ക്ലാസ്സിന്റെ റിപ്പോർട്ട്

രാവിലെ 10.30ന് ആരംഭിച്ച ക്ലാസിന്റെ അദ്ധ്യക്ഷത വനിതാകമ്മീഷൻ പി. ആർ.ഒ. ശ്രീ. കൃഷ്ണകുമാർ വഹിച്ചു. വനിതാകമ്മീഷൻ Investigation wing ലെ P.C.ആയ ശ്രീ.ബിജു സ്വാഗതം പറഞ്ഞു. വനിതാകമ്മീഷൻ മെമ്പറായ ശ്രീമതി പി.കെ. സൈനബ ഉദ്ഘാടനം നിർവ്വഹിക്കുകയും സ്ത്രീകൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളെയും അവയിൽ നിന്നും രക്ഷനേടാനുള്ള നിയമ മാർഗ്ഗങ്ങളെ

ക്കുറിച്ചും ക്ലാസ്സെടുത്തു.

അതിനുശേഷം വനിതാകമ്മീഷന്റെയും കേരള പോലീസിന്റെയും ആഭിമുഖ്യത്തിൽ നടന്ന "പെണ്ണായ് പിറന്നവൾ" എന്ന നാടകത്തിന്റെ ഉദ്ഘാടനം DYSP Sri. K.E. ബൈജു നിർവ്വഹിച്ചു. നിയമബോധവൽക്കരണ ക്ലാസും നാടകവും കാണുന്നതിനായി 250 സ്ത്രീകളും 100-ഓളം പുരുഷന്മാരും എത്തിച്ചേർന്നു. ആകെ ചെലവ് 23,947.

16. **റിപ്പോർട്ട്**

2009 മാർച്ച് 15-ാം തീയതി കമ്മീഷൻ തീരുമാനപ്രകാരം തിരുവനന്തപുരം ജില്ലയിൽ കോലിയക്കോട് ഗവ. യു.പി.എസ്സിൽ വച്ച് "ഗാർഗിക പീഢന നിരോധന നിയമബോധവൽക്കരണ ശില്പശാല" സംഘടിപ്പിച്ചു. ഈ ഏകദിന ശില്പശാലയിൽ നിയമവിദഗ്ദർ ക്ലാസ്സെടുക്കുകയും വനിതാകമ്മീഷൻ നിർമ്മിച്ച ഹ്രസ്വചിത്രങ്ങളായ "ഛായാമുഖി. "പുതുവഴിക്കീ പൂച്ചെണ്ട്" എന്നീ ചിത്രങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്തു. "പെണ്ണായി പിറന്നവൾ" എന്ന ബോധവത്ക്കരണ നാടകം അവതരിപ്പിച്ചു. രാവിലെ 9 മണിക്ക് രജിസ്ട്രേഷൻ ആരംഭിച്ച ശില്പശാല ശ്രീമതി പി.കെ സൈനബ, കേരള വനിതാ കമ്മീഷൻ അംഗം ഉദ്ഘാടനം ചെയ്തു. ഉച്ചക്കുശേഷം ചർച്ചയും സംശയങ്ങൾക്കുള്ള മറുപടിയും നൽകി. ഇരുന്നൂറോളം ആൾക്കാർ പ്രസ്തുത ശില്പശാലയിൽ പങ്കെടുത്തു.

17. 2009 ഫെബ്രുവരിമാസം 24-നു ഉച്ചക്കു 3.30-ന് വിളയിൽ റസിഡൻസ് അസോസിയേഷനും വനിതാ കമ്മീഷനും സംയുക്തമായി ആറ്റിങ്ങൽ ദ്വാരകാ ആഡിറ്റോറിയത്തിൽ വച്ചു നടന്ന നിയമബോധവൽക്കരണ സെമിനാർ വനിതാ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റീസ് ഡി. ശ്രീദേവി ഉത്ഘാടനവും നിയമബോധവൽക്കരണവും നടത്തി.

വനിതകളും പുരുഷന്മാരും സ്കൂൾ വിദ്യാർത്ഥിനികളും ഹാജരുണ്ടായിരുന്നു. സ്ത്രീകൾക്കു ഭരണഘടന നൽകിയിട്ടുള്ള അവകാശങ്ങളെക്കുറിച്ചും ഭരണഘടനയെ അടിസ്ഥാനമാക്കി ഉണ്ടാക്കിയിട്ടുള്ള നിയമങ്ങളെക്കുറിച്ചും അവ ലംഘിക്കപ്പെടുമ്പോൾ പരിഹാര മാർഗ്ഗങ്ങളെക്കുറിച്ചും സൗജന്യ നിയമസഹായ പദ്ധതിയെക്കുറിച്ചും കൗൺസിലിംഗ് സെന്ററുകൾ, സേവനദാതാക്കൾ, സംരക്ഷണ ഉദ്യോഗസ്ഥർ എന്നിവരുടെ കർത്തവ്യങ്ങളെക്കുറിച്ചും സ്ത്രീധനവും മദ്യവും മയക്കുമരുന്നും സമൂഹത്തിനുണ്ടാകുന്ന ദോഷങ്ങളെക്കുറിച്ചും വിശദമായി ക്ലാസ്സെടുത്തു.

18. 26.02.2009-ന് ഉദുമ ഗ്രാമപഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ ഏകദിന ശില്ശാല ഉദുമ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. എം. ലക്ഷ്മിയുടെ ആദ്ധ്യക്ഷതയിൽ രാവിലെ 10 മണിക്ക് ആരംഭിച്ചു.

കേരള വനിതാ കമ്മീഷൻ മെമ്പർ ശ്രീമതി ടി. ദേവി. ഉദ്ഘാടനം നിർവ്വഹിക്കുകയും സ്ത്രീകളുടെ മനുഷ്യാവകാശങ്ങൾ എന്ന വിഷയം അവതരിപ്പിക്കുകയും

ചെയ്തു. തുടർന്ന് അഡ്വ. മണി. ജി.നായർ സൈബർ കുറ്റകൃത്യങ്ങളും മനുഷ്യവ കാശലംഘനങ്ങളും എന്ന വിഷയത്തെ ആധാരമാക്കി ക്ലാസ്സെടുക്കുകയും ചെയ്തു.

300 – ലെറെപ്പേർ ഈ ശില്പശാലയിൽ പങ്കെടുത്തു. ശില്പശാല 3.30 – ന് അവസാനിച്ചു.

19. കേരള വനിതാ കമ്മീഷൻ കോഴിക്കോട് സർവ്വകലാശാല ഓഡിറ്റോറിയ ത്തിൽ വച്ച് 2009, മാർച്ച് 19–ന് ഒരു ഏകദിന നിയമ ബോധവൽക്കരണ സെമിനാർ നടത്തി. അനശ്വര കെ. സ്വാഗതം പറഞ്ഞു. അദ്ധ്യക്ഷത ഫാത്തിമത്ത് സുഹറ, നിർവ്വഹിച്ചു. ഉദ്ഘാടനം ബഹു. വൈസ് ചാൻസലർ പ്രൊഫസർ. അൻവർ ജഗാൻ സുബേരി നിർവ്വഹിച്ചു. പത്മജകുമാരി എസ്. മോളി എ.ആർ. എന്നിവർ ആശംസ യർപ്പിച്ചു. സോണിയ ഇ.പി. നന്ദി പറഞ്ഞു.

സെമിനാർ വനിതാ കമ്മീഷൻ ചരിത്രവും ധർമ്മവും എന്ന വിഷയം കേരള വനിതാ കമ്മീഷൻ അംഗം പി.കെ. സൈനബ അവതരിപ്പിച്ചു. സ്ത്രീകളും നിയ മവും എന്ന വിഷയം ഡയാനാ. കെ. യും അവതരിപ്പിച്ചു. ഈ വിലാസിനി മോഡ റേറ്ററായി.

ഉച്ചക്കുശേഷം സ്ത്രീകളുടെ സാമൂഹികവൽക്കരണം എന്ന വിഷയം പി. വി. ശോഭ അതരിപ്പിച്ചു. മിനി സുകുമാരൻ മോഡറേറ്ററായി ശേഷം ഡോക്യുമെന്റ റികൾ പ്രദർശിപ്പിച്ചു.

103 പേർ പങ്കെടുത്തു. പത്രമാധ്യമങ്ങളും പങ്കെടുത്തു. ഫോട്ടോയും പത്ര ങ്ങൾക്ക് നൽകി.

20. കേരള വനിതാ കമ്മീഷന്റെ തുല്യത മഹിളാസമാജം സംഘടിപ്പിച്ച പരിപാ ടിയിൽ 162 പേർ പങ്കെടുത്തു. കുളമംഗലം എ.എം.എൽ.പി. സ്കൂളിൽ വച്ച് നടന്ന വനിതാ ബോധവൽക്കരണ സെമിനാർ 2009 മാർച്ച് 6–ന് നടത്തിയതിൽ എം.കെ. ഭാരതി സ്വാഗതം പറഞ്ഞു. കെ.റ്റി. ശാരദ അദ്ധ്യക്ഷത വഹിച്ചു. ഗാർഹി പീഢന ത്തിൽ നിന്നും മോചനം നിയമം അഡ്വ. എൻ. ദീപയും ജാഗ്രതാ സമിതി, എന്ത് എന്തിന്, പി. രുഗ്മിണി. സിഡിപി.ഒ., കുടുംബശ്രീ സുസ്ഥിരസംവിധാനത്തിലേക്ക് എന്ന വിഷയങ്ങളിലും ക്ലാസ്സെടുത്തു. കെ. ശാരദ നന്ദിയും പറഞ്ഞു ഫോട്ടോ പത്രങ്ങൾക്ക് നൽകി.

21. അന്തർദേശീയ വനിതാ ദിനത്തോടനുബന്ധിച്ച് തൃശൂർ എലൈറ്റ് ഇന്റർനാ ഷണൽ ഹോട്ടലിൽ വച്ച് 2009, മാർച്ച് 7–ന് നടത്തിയ സെമിനാർ റിപ്പോർട്ട്.

രാവിലെ 9 മണിമുതൽ രജിസ്ട്രേഷൻ ആരംഭിച്ചു 10 മണിക്ക് യോഗം ആരം ഭിച്ചു. യോഗത്തിൽ മഹിളാസംഘടനയുടെ തൃശ്ശൂർ ഘടകം പ്രസിഡന്റ് ശ്രീമതി എം. സ്വർണ്ണലത അദ്ധ്യക്ഷയായിരുന്നു. യോഗം ബഹു. കമ്മീഷൻ അംഗം പ്രൊഫ. മീനാക്ഷി തമ്പാൻ ഉദ്ഘാടനം നടത്തി. യോഗത്തിന്റെ ആരംഭം മുതൽ വമ്പിച്ച

പങ്കാളിത്തമുണ്ടായിരുന്നു. സ്ത്രീസമത്വ നിർമ്മിതിയിൽ ആധുനിക സമൂഹത്തിന്റെ പങ്ക് എന്ന വിഷയത്തെ അധീകരിച്ച് സെമിനാറിൽ ജില്ലയിലെ അഡ്വ. ശ്രീമതി ഷീലാ വിജയകുമാർ സംസാരിക്കുകയുണ്ടായി.

ഉദ്ഘാടന പ്രസംഗത്തിൽ സ്ത്രീ സമൂഹം ഇന്നത്തെ ദുസ്ഥിതിക്ക് പരിഹാരം കാണുന്നതിനാവശ്യമായ മുൻകരുതലുകളെപ്പറ്റി ഓർമ്മിപ്പിച്ചു. സ്ത്രീകൾക്ക് അവകാശപ്പെട്ട ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനും രാഷ്ട്രീയ ചിന്ത മറന്ന് ഒറ്റകെട്ടായി നിൽക്കുന്നതിനും അന്ധവിശ്വാസത്തിനും അനാചാരങ്ങൾക്കും അടിമപ്പെടാതിരിക്കാനും ഓർമ്മിപ്പിച്ചു. തുടർന്ന് സംസാരിച്ച ശ്രീ. ബാലചന്ദ്രൻ സ്ത്രീസമൂഹവും ആധുനിക സൗന്ദര്യസങ്കല്പവും എന്ന വസ്തുതയിൽ നിന്നുകൊണ്ട് സൗന്ദര്യവൽക്കരണവും ആയതിന് കുത്തക വ്യാപാര കമ്പനിലകളുടെ ചതിക്കുഴികളെപ്പറ്റിയും വിശദീകരിക്കുകയുണ്ടായി. ലോക സൗന്ദര്യമത്സരത്തിൽ ഇന്ത്യയെപ്പോലുള്ള രാജ്യങ്ങൾക്ക് പ്രാധാന്യം നൽകുന്നതിന്റെ ഒളിഞ്ഞ വസ്തുത തുറന്നു കാട്ടുന്നതിനും ശ്രീ. ബാലചന്ദ്രൻ സാറിന്റെ സംഭാവന വളരെ വലുതായിരുന്നു.

കൂടാതെ മുതിർന്ന പൗരൻ എന്ന നിലയിലും ഒരു മുതിർന്ന രാഷ്ട്രീയ പ്രവർത്തകനെന്ന നിലയിലും ശ്രീ.വി.വി. കൃഷ്ണൻ കുട്ടി സാർ അവതരിപ്പിച്ചത് “ഇന്നലത്തെ സ്ത്രീയും ഇന്നത്തെ സ്ത്രീയും” എന്ന വിഷയമായിരുന്നു. ഗുണപ്രദമായ ഒരു ക്ലാസ്സായിരുന്നു അത്.

കൂടാതെ ശ്രീ.സി.എൻ. ജയദേവൻ (മുൻ എം.എൽ.എ.) ആശംസകൾ അർപ്പിച്ചു. യോഗം 1 മണിക്ക് ഉച്ചഊണിനായി പിരിഞ്ഞു. എന്നിട്ട് 2 മണിക്ക് ആരംഭിച്ച യോഗം 3 മണിയോടെ അവസാനിപ്പിച്ചു.

## മാർച്ച് 8 - ആലപ്പുഴ റിപ്പോർട്ട്

അന്തർദേശീയ വനിതാദിനം ആലപ്പുഴ ജില്ലയിലെ വനിതാ സംഘടനകളും വനിതാ കമ്മീഷനും ചേർന്നു സമുചിതമായി ആഘോഷിക്കുകയുണ്ടായി.

രാവിലെ 9.30 ന് രജിസ്ട്രേഷൻ ആരംഭിച്ചു. ആരംഭത്തിൽ 75-നും 100-നും ഇടയിൽ വനിതകളെ എത്തിയിരുന്നുള്ളൂ. കാരണം ആലപ്പുഴ ഗേൾസ് ഹൈസ്കൂൾ ആയിരുന്നു ആദ്യം നിശ്ചയിച്ചിരുന്നത്. എന്നാൽ വനിതാ ദിനത്തോടനുബന്ധിച്ച് വനിതാ ക്ലബ്ബിന്റെ നേതൃത്വത്തിൽ വനിതകൾക്ക് അവിടെ നേത്രചികിത്സാ ക്യാമ്പിന് ഹാൾ വിട്ടുകൊടുക്കേണ്ടതായി വന്നിരുന്നു. ഈ വിവരം നേരത്തെ ആഫീസിൽ അറിയിക്കുകയും അതുപ്രകാരം തൊട്ടടുത്ത യു.പി. സ്കൂൾ അനുവദിച്ച് ലഭിക്കുകയുമുണ്ടായി. എന്നാൽ നേരത്തെ തയ്യാറാക്കിയ നോട്ടീസിൽ ഹൈസ്കൂൾ എന്നാണ് കാണിച്ചിരുന്നത്. ഉടനെ തന്നെ ഈ വിവരം ഹൈസ്കൂളിൽ അറിയിക്കുകയും അവിടെ എത്തിയിരുന്ന വനിതകളെ തിരിച്ച് കൂട്ടികൊണ്ട് വരികയും ചെയ്തു. വനിതകൾ കൂട്ടത്തോടെ എത്തിയതോടെ ഹാൾ നിറഞ്ഞിരുന്നു. 10.30 ന് കമ്മീഷൻ മെമ്പർ പ്രൊഫ. മീനാക്ഷി തമ്പാൻ യോഗം ഉദ്ഘാടനം ചെയ്തു. സ്ത്രീകൾക്കെതിരായ അതിക്രമങ്ങളും അതിനെ ചെറുക്കുന്നതിന് ആവശ്യമായ

നടപടി സ്വീകരിക്കുന്നതിനും വേണ്ട നിയമത്തെ സംബന്ധിച്ച പ്രവണത കേരള ത്തിൽ തഴച്ചു വളരുന്നു എന്ന വിഷയത്തെ ആസ്പദമാക്കി പ്രൊഫ. അമൃത (എസ്.എൻ, കോളേജ്, ചേർത്തല) ക്ലാസ്സെടുത്തു. കൂടാതെ സ്ത്രീസംരക്ഷ നിയമ ങ്ങൾ എന്ന വിഷയത്തെ സംബന്ധിച്ച് അറിവ് പകരുന്ന രീതിയിൽ അഡ്വ. ജിനു എബ്രഹാം ക്ലാസ്സെടുത്തിരുന്നു. പത്രമാദ്ധ്യമപ്രവർത്തകരും കുടുംബശ്രീയിലെ അംഗ ങ്ങളും ഉൾപ്പെടെ 175 പേർ ക്ലാസ്സിൽ പങ്കെടുത്തു. യോഗം 2.30 ന് അവസാനിച്ചു.

23. കേരള വനിതാ കമ്മീഷന്റെയും ഇരിമ്പിളിയം പഞ്ചായത്ത് ജാഗ്രതാസമി തിയുടെയും ആഭിമുഖ്യത്തിൽ ഇരിമ്പിളിയം പഞ്ചായത്ത് ഹാളിൽ വച്ച് വനിതാ ബോധവൽക്കരണ സെമിനാർ 2009 മാർച്ച് 23-ന് 10 മണിമുതൽ 4.30 വരെ നടത്തു കയുണ്ടായി. സെമിനാറിൽ 73 പേർ പങ്കെടുത്തു.

കെ.ടി. ശാരദ തുല്യത മഹിളാ സമാജം സെമിനാർ ഉദ്ഘാടനം ചെയ്യു കയും “കുടുംബശ്രീസുസ്ഥിര സംഘടന സംവിധാനത്തിലേക്ക് എന്ന വിഷയം അവതരിപ്പിച്ച് ക്ലാസ്സെടുക്കുകയും ചെയ്തു. അഡ്വ. പി.ജാബിൻ തിരൂർ ഗാർഹിക പീഢനനിയമം എന്ന വിഷയം ക്ലാസ്സെടുത്തു.

ജാഗ്രതാസമിതി എന്ത്? എന്തിന് എന്ന വിഷയം എം.പി. ദേവകി ഐ.സി. ഡി.എസ്. സൂപ്പർവൈസർ ക്ലാസ്സെടുത്തി.

എ.വി. ആബിദ അദ്ധ്യക്ഷത വഹിച്ചു. കെ.പി.അബ്ദുൾ സത്താർ, സി.പി. ഉമ്മുക്കുൽസു, പി.ടി. നബീസ, ശോഭ എം.പി. എന്നിവർ ആശംസാപ്രസംഗം നട ത്തി. എൻ. രാധ (ബി.ഡി. എസ്. പ്രസിഡന്റ് സ്വാഗതവും, ഷീബ പി.നന്ദിയും പറഞ്ഞു.

**24. 2009 മാർച്ച് 23-ന് ചവറ തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് ജാഗ്രതാ സമിതി നടത്തിയ ഏകദിന ശില്പശാലയും നിയമബോധവൽക്കരണ ക്ലാസും നടത്തിയതിന്റെ റിപ്പോർട്ട്.**

നടയ്ക്കാവ് പഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ വെച്ചു പഞ്ചായത്തു വികസ നകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ കെ.പി. മോഹൻദാസിന്റെ അദ്ധ്യക്ഷത യിൽ കൂടിയ യോഗത്തിൽ ജസ്റ്റിസ് ഡി. ശ്രീദേവിയുടെ അഭാവത്തിൽ ശ്രീ.കെ.പി. മോഹൻദാസ് ഉദ്ഘാടനം നിർവ്വഹിച്ചു. യോഗത്തിൽ 70 പഞ്ചായത്ത് അംഗങ്ങൾ ഹാജരുണ്ടായിരുന്നു. അഡ്വ. ശ്രീമതി. അനിത അജി, അഡ്വ. ശ്രീമതി. ജി.എസ്. അനിത എന്നിവർ ജാഗ്രതാസമിതി ശക്തിപ്പെടുത്തുന്നതിനെക്കുറിച്ചും ജാഗ്രതാ സമിതിയുടെ ഘടന, ധർമ്മം എന്നിവയെക്കുറിച്ചും ഗാർഹികപീഢനത്തെക്കുറിച്ചും അതുമായി ബന്ധപ്പെട്ട നിയമത്തെക്കുറിച്ചും ക്ലാസ്സെടുത്തു. ഉച്ചയ്ക്ക് 2 മണിയോടെ ശില്പശാല അവസാനിച്ചു.

**25. നിയമ ബോധവൽക്കരണ സെമിനാർ ചുങ്കത്തറ സർവ്വീസ് ബാങ്ക് ഓഡിറ്റോറിയം 24-02-2009**

കേരള വനിതാ കമ്മീഷന്റെ നിർദേശപ്രകാരം ചുങ്കത്തറ നിലമ്പൂർ ഡവല പ്മെന്റ് പ്രോജക്ടിന്റെ ആഭിമുഖ്യത്തിൽ വനിതാ ബോധവൽക്കരണ സെമിനാർ നടത്തി. 140 പേർ പങ്കെടുത്തു. കമ്മീഷനംഗം പി.കെ. സൈനബ, ഉദ്ഘാടനം ചെയ്തു. റവ. ഫാദർ. പ്രകാശ് എബ്രഹാം (ഡയറക്ടർ) അദ്ധ്യക്ഷത വഹിച്ചു. എം. ജോസഫ് കുഞ്ഞ് സ്വാഗതം പറഞ്ഞു. ശ്രീ. തോമസ് കെ. വർഗ്ഗീസ്, ശ്രീമതി. എ. സരോജിനി, സജി സൈമൺ എന്നിവൽ ആശംസയർപ്പിച്ചു. ശ്രീമതി വി.പി ആയിഷ നന്ദിയും പറഞ്ഞു. ലോക്കൽ ചാനലുകൾ, പത്രപ്രതിനിധികൾ എന്നിവർ പങ്കെടുത്തു. അഡ്വ. കെ.കെ. രാധാകൃഷ്ണൻ ക്ലാസ്സെടുത്തു.

കേരള വനിതാ കമ്മീഷൻ മാർച്ച് 9-ന് തച്ചംകോട് വച്ച് സമതാ മഹിളാസ മാജവും സംഗമം ആർട്സ് ക്ലബ്ബുമായി സഹകരിച്ച് ഒരു ഏകദിന ശിൽപ്പശാല സംഘടിപ്പിച്ചു. 25 കുട്ടികളടക്കം 265 പേർ പങ്കെടുത്തു. മുഹമ്മദ് ഇക്ബാൽ സ്വാഗതം പറഞ്ഞു അഡ്വ. കെ.പി. സുമതി, സ്ത്രീകളും നിയമങ്ങളും എന്ന വിഷയത്തിലും വനിതാ കമ്മീഷൻ അംഗം പി.കെ. സൈനബ, വനിതാ കമ്മീഷനും സ്ത്രീകളും എന്നി വിഷയത്തിലും ക്ലാസ്സെടുത്തു. വസന്ത ബാലകൃഷ്ണൻ അദ്ധ്യക്ഷത വഹി ച്ചു. കുസുമകുമാരി ചടങ്ങിന് നന്ദിയും പറഞ്ഞു. സെമിനാറിനുശേഷം കമ്മീഷൻ തയ്യാറാക്കിയ 2 സി.ഡി.കൾ (മൈസൂർക്കുള്ള ബസ്സ്, ഛായാമുഖി) എന്നിവയും പ്രദർശിപ്പിച്ചു.

**26. നിയബോധവൽക്കരണ സെമിനാർ**

മാർച്ച്, 8 സാർവ്വ ദേശീയ ദിനാചരണത്തിന്റെ ഭാഗമായി കേരള വനിതാ കമ്മീഷൻ തീരുമാനിച്ച വാരാചാരണത്തിന്റെ ഭാഗമായി നടത്തിയ നിയമ ബോധ വൽക്കരണ സെമിനാർ കദീജ സ്വാഗതം പറഞ്ഞു. മേരി ടീച്ചർ അദ്ധ്യക്ഷത നഹി ച്ചു. പി.കെ. സൈനബ ഉദ്ഘാടനം ചെയ്തു. അഡ്വ. പി.പി. ബഷീർ ക്ലാസ്സെടുത്തു. സ്ത്രീകൾ സംശയം ഉന്നയിച്ചു വക്കീൽ വിശദീകരണം നൽകി. ബാബു നന്ദി പറ ഞ്ഞു. പത്ര, ദൃഷ്യ മാദ്ധ്യമങ്ങൾ പങ്കെടുത്തു. ഫോട്ടോ പത്രങ്ങൾക്ക് നൽകി.

**ചിലവുകൾ**

| | | | |
|---|---|---|---|
| 1. | NILdtd.04.03.2009 | | 168.00 |
| 2. | NIL dtd.04.03.2009. | | 1,280.00 |
| 3. | 58 dtd. 04.03.2009 | ഭക്ഷണം | 6,750.00 |
| 4. | 6586 dtd. 04.03.2009 | സ്റ്റേഷനറി | 900.00 |
| 5. | NIL dtd.04.03.2009 | മൈക്ക് | 375.00 |

| | | | |
|---|---|---|---|
| 6. | NIL dtd.04.03.2009 | വക്കീൽ ഫീ | 500.00 |
| 7. | NIL dated 04.03.2009 | ഫോട്ടോ | 200.00 |
| 8. | NIL dated 04.03.2009 | കൂലി | 150.00 |
| 9. | NIL datd 04.03.2009 | കൂലി | 100.00 |
| | | **ആകെ** | **10,423.00** |

**27. 22-02-2009-ന് കേരള വനിതാ കമ്മീഷനും തുല്യതാ മഹിളാ സമാജം, മലപ്പുറവും ചേർന്ന് നടത്തിയ നിയമബോധവൽക്കരണ സെമിനാർ**

മലപ്പുറം E.K.E. ഹാളിൽ നടന്ന സെമിനാറിൽ 228 സ്ത്രീകൾ പങ്കെടുത്തു. മഹിളാസമാജം സെക്രട്ടറി ശ്രീമതി കെ.റ്റി. ശാരദ സ്വാഗതം പറഞ്ഞു. പ്രസിഡന്റ് ഇ.കെ. ആയിഷ അദ്ധ്യക്ഷ വഹിച്ചു. കമ്മീഷനംഗം പി.കെ. സൈനബ ഉദ്ഘാടനം ചെയ്തു. കൗൺസിലർ പാർവ്വതിക്കുട്ടി ടീച്ചർ ആശംസയർപ്പിച്ചു. റംലത്ത്, പന്തലൂർ നന്ദി പറഞ്ഞു. അഡ്വ. കെ.പി. സുമതി സ്ത്രീ സംരക്ഷണ നിയമങ്ങളെക്കുറിച്ചും കേരളത്തിലെ സ്ത്രീ സംരക്ഷണ സംവിധാനങ്ങളെക്കുറിച്ചും ക്ലാസ്സെടുത്തു. പത്രങ്ങൾക്ക് ഫോട്ടോ നൽകി.

**29. കേരള വനിതാ കമ്മീഷൻ 02.03.2009-ന് കോഴിക്കോട് ഹോട്ടൽ മലബാർ പാലസിൽ വച്ച് നടത്തിയ മാദ്ധ്യമ ശില്പശാലയുടെ റിപ്പോർട്ട്**

02.03.2009 ന് നടത്തുന്ന മാദ്ധ്യമശില്പശാലയെക്കുറിച്ച് സഹസംഘാടനകരായ കോഴിക്കോട് പ്രസ് ക്ലബ്ബ് പ്രസിഡന്റ്, ജില്ലാ ഇൻഫർമേഷൻ ഓഫീസർ തുടങ്ങിയവരുമൊത്ത് കേരള വനിതാ കമ്മീഷൻ അംഗം ശ്രീമതി റ്റി.ദേവി 28.02.2009-ന് കോഴിക്കോട് പ്രസ് ക്ലബ്ബിൽ വച്ച് വിപുലമായ പത്രസമ്മേളനം നടത്തിയിരുന്നു. സെമിനാറിന്റെ വിജയം ഉറപ്പാക്കുന്നതിനുവേണ്ടി 02.03.2009-ന് രാവിലെ 9 മണിയോടെ ശില്പശാലയ്ക്കുള്ള പ്രതിനിധികളുടെ രജിസ്ട്രേഷൻ ആരംഭിക്കുകയും 10 മണിയോടെ ഔപചാരികമായ ഉദ്ഘാടനയോഗം ആരംഭിക്കുകയും ചെയ്തു. കേരള വനിതാ കമ്മീഷൻ ചെയർ പേഴ്സൺ ജസ്റ്റീസ് ഡി. ശ്രീദേവി ഉദ്ഘാടനം ചെയ്ത യോഗം. സംസ്ഥാന ആസൂത്രണം ബോർഡ് മെമ്പർ ശ്രീമതി. മൃദുൽ ഈപ്പൻ അദ്ധ്യക്ഷത വഹിക്കുകയുണ്ടായി. കമ്മീഷൻ അംഗം ശ്രീമതി, രുഗ്മിണി ഭാസ്ക്കരൻ, ശ്രീമതി ടി. ദേവി എന്നിവരും മറ്റു പ്രമുഖരും ഹാജരായിരുന്നു.

11 മണിയോടെ വനിതാ മാദ്ധ്യമപ്രവർത്തകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും, പരിഹാരമാർഗ്ഗങ്ങളെക്കുറിച്ചുമുള്ള ചർച്ചയിൽ പ്രഗത്ഭ വനിതാ മാദ്ധ്യമ പ്രവർത്തകർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. തുടർന്നു നടന്ന ചർച്ചയിൽ ഡോ. സുചേതാ നായർ മോഡറേറ്റർ ആയിരുന്നു. ഉച്ചഭക്ഷണത്തിനുശേഷം 'മാദ്ധ്യമങ്ങൾക്കൊരു വനിതാ നയം" എന്ന വിഷയത്തെ അധികരിച്ച് പ്രഗത്ഭ വനിത മാദ്ധ്യമ പ്രവർത്തകർ ക്ലാസ്സെടുത്തു. തുടർന്ന് നടന്ന ചർച്ചയിൽ ശ്രീ.പി.എസ്. രാജ

ശേഖരൻ മോഡറേറ്റർ ആയിരുന്നു."

കേരളാ വനിതാ കമ്മീഷൻ ചെയർപേഴ്സൺ, ജസ്റ്റീസ്.ഡി. ശ്രദേവി, അംഗങ്ങളായ ശ്രീമതി. രുഗ്മിണി ഭാസ്ക്കരൻ, ശ്രീമതി ടി. ദേവി തുടങ്ങിയവർ പങ്കെടുത്തു.

## മീഡിയാ മോണിറ്ററിംഗ് സെൽ എക്സിക്യൂട്ടീവ് കമ്മിറ്റി മിനിറ്റസ്

മീഡിയാ മോണിറ്ററിംഗ് സെൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ആദ്യയോഗം 2008 ഡിസംബർ 29-ന് 2 മണിക്ക് വനിതാകമ്മീഷൻ അംഗം ടി. ദേവിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു യോഗതീരുമാനങ്ങൾ താഴെ ചേർക്കുന്നു.

1. "മാധ്യമങ്ങൾക്ക് ഒരു വനിതാ നയം" എന്ന വിഷയത്തിൽ കേരളത്തിലെ പ്രമുഖ മാധ്യമ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു ചർച്ച സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. ഇതിനായി ബഹു. മുഖ്യമന്ത്രിയെ ക്ഷണിക്കാനും ഡേറ്റ് തീരുമാനിക്കാനും ചെയർപേഴ്സണെയും എക്സിക്യൂട്ടീവ് കമ്മിറ്റിയെയും ചുമതലപ്പെടുത്തി.

2. 2009 ഫെബ്രുവരി മാസത്തിൽ കോഴിക്കോട് പ്രസ് ക്ലബ്ബിന്റെ സഹകരണത്തോടെ കേരളത്തിലെ വനിതാ മാധ്യമ പ്രവർത്തകരുടെ ശിപ്ലശാല സംഘടിപ്പിക്കാൻ തീരുമാനിച്ചു. പ്രസ്തുത വിഷയത്തിൽ അഭിപ്രായവും നിർദ്ദേശവും ആരാഞ്ഞുകൊണ്ട് പ്രസ്സ് ക്ലബ് സെക്രട്ടറിക്ക് കത്തയക്കാൻ തീരുമാനിച്ചു. പരിപാടിയുടെ നടത്തിപ്പിനായി ഒരു സ്വാഗതസംഘം രൂപീകരിക്കാനും നടപടികളെടുക്കാനും തീരുമാനിച്ചു. (നടപടി ടി.ദേവി കൃഷ്ണകുമാർ).

3. കേരള ചലച്ചിത്ര അക്കാഡമിയുമായി സഹകരിച്ചുകൊണ്ട് കേരളത്തിലെ വനിതാ ജൂനിയർ ആർട്ടിസ്റ്റുകൾ, നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് തിരുവനന്തപുരത്ത് ശില്പശാല നടത്താൻ തീരുമാനിച്ചു. ഇതിനെ സംബന്ധിച്ച് അക്കാഡമി അധികൃതരുമായി ചർച്ച നടത്താൻ എക്സിക്യൂട്ടീവ് കമ്മിറ്റിയെ ചുമതലപ്പെടുത്തി.

**പങ്കെടുത്തവർ**

1. ശ്രീമതി ടി. ദേവി (അദ്ധ്യക്ഷ)
2. ശ്രീ. കൃഷ്ണകുമാർ (കൺവീനർ)
3. ശ്രീമതി. ശ്യാമള (ട്രഷറർ)
4. ശ്രീമതി. സുനിത (അംഗം)
5. ശ്രീമതി. ബിന്ദു (അംഗം)
6. ശ്രീ. ശ്രീകുമാർ (അംഗം)

മീറ്റിംഗ് 3 മണിക്ക് സമാപിച്ചു.

യോഗതീരുമാനങ്ങൾ കോർ കമ്മിറ്റി അംഗീകാരത്തിനായി സമർപ്പിക്കുന്നു.

## 2008-09 ൽ നടത്തിയ ഗവേഷണ പഠനങ്ങൾ

1. കാർഷികമേഖലയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ
2. നിർമ്മാണ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളുടെ പ്രശ്നങ്ങൾ
3. സ്വകാര്യ ആശുപത്രിയിലെ വനിതാ നഴ്സുമാരുടെ പ്രശ്നങ്ങൾ.
4. അവിവാഹിതരായ സ്ത്രീകളുടെ പ്രശ്നങ്ങൾ
5. വനിതാ രാഷ്ട്രീയ പ്രവർത്തകരുടെ പ്രശ്നങ്ങൾ
6. ഐ.ടി. മേഖലിയിലെ വനിതകളുടെ പ്രശ്നങ്ങൾ
7. വനിതാ ഘടക പദ്ധതി
8. കുടുംബശ്രീ യൂണിറ്റിൽ ജോലിചെയ്യുന്ന വനിതകളുടെ പ്രശ്നങ്ങൾ
9. പ്രവാസി കുടുംബങ്ങളിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ.
10. ബലാത്സംഗത്തിനു വിധേയരാകുന്നവരുടെ ശേഷകാല ജീവിതം.

## ഗവൺമെന്റിലേക്ക് നൽകിയ ശുപാർശകൾ

1. B1/3289/dtd.19.05.2008

   വയനാട്ടിൽ നിന്നും കർണ്ണാടകയിലേക്ക് കൊണ്ടുപോകുന്ന ഇഞ്ചിപ്പണിക്കാരെ കാണാതാകുന്നതു സംബന്ധിച്ച്
2. D1/2972/08 dtd.19.06.2008

   ബസ്സുകളുടെ മുകളിൽ പിടിക്കുന്ന കമ്പികളുടെ ഉയരം കുറയ്ക്കുന്നതു സംബന്ധിച്ച്.
3. D1/3841/08 dtd.19.07.2008

   പൊതുയാത്രാബസ്സുകളിൽ വനിതകൾക്കായി സീറ്റു സംവരണം ചെയ്യുന്നത് സംബന്ധിച്ച്.
4. D1/5310/2008

   Calling of Women to Police Stations Dispensing of - Reg.
5. D1/5073/07 dtd.05.09.2008

   വിവാഹശേഷം മറ്റു ജില്ലകളിൽ സ്ഥിരതാമസമാക്കിയവർക്ക് താമസിക്കുന്ന ജില്ലകളിൽ നിന്നും നേറ്റിവിറ്റി അനുവദിക്കുന്നതു സംബന്ധിച്ച്.
6. D1/5389/08 dtd.04.10.2008

   പ്രീപ്രൈമറി ടീച്ചർമാരുടെ വിവിധ ആവശ്യങ്ങൾ സംബബന്ധിച്ച്.
7. D1/5828/08 dtd.06.10.2006

   മഞ്ചേരി മഹിളാസമാജം സന്ദർശന റിപ്പോർട്ട്

8. D1/5991/08/ dstd.07.10.2008

വിധവകളുടെ പെൻഷൻ തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്

9. D1/5401/08 dtd. 29.10.2008

കേരളത്തിന്റെ മദ്യനയം മൂലം കഷ്ടപ്പെടുന്ന സ്ത്രീകളുടെ പ്രശ്നങ്ങൾ - പരിഹാരം സംബന്ധിച്ച്

8. D1/4985/08/ dtd.07.11.2008

സർക്കാർ സർവ്വീസിലുള്ള വനിതാ ജീവനക്കാരുടെ പ്രസവാവധി ദീർഘിപ്പിക്കുന്നതു സംബന്ധിച്ച്.

9. B1/4281/08 dtd.20.06.2008

വിധവകളുടെ പ്രശ്നങ്ങൾ സംബന്ധിച്ച ശുപാർശ

12. B1/4282/08 dtd.30.06.2008

അവിവാഹിതരായ ആദിവാസി അമ്മാരുടെ പ്രശ്നങ്ങൾ

13. B1/4283/08 dtd.20.06.2008

വനിതാ വ്യവസായികളുടെ പ്രശ്നങ്ങൾ

14. B1/4284/08 dtd.30.07.2008

ഹോംനഴ്സുമാരുടെ പ്രശ്നങ്ങൾ

15. B1/4271/08 dtd.30.07.2008.

അന്തർസംസ്ഥാന വിവാഹങ്ങൾ സംബന്ധിച്ച്

16. B1/5230/08 dtd.26.08.2008

കോടഞ്ചേരി ആദിവാസികോളനി നിവാസികളുടെ പ്രശ്നങ്ങൾ

17. B1/6013/08 dtd.01.12.2008

കാസർഗോഡ് ജില്ലാ ആശുപത്രി സന്ദർശനം സംബന്ധിച്ച്.

18. D1/235/08/ dtd.22.01.2009

മഞ്ചേരി ജില്ലാ ആശുപത്രി സന്ദർശനം സംബന്ധിച്ച്.

* * *